NOVEMBER 2025
Volume 58
Issue 2

10 കസ്റ്റമൈസ്ഡ് പായ്ക്കിങ് ടേപ്പുകളുടെ നിർമ്മാണം

26 ലബോറട്ടറി സേവനമേഖലയിൽ 'റാഹാ'യുടെ വിജയഗാഥ

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

# വ്യവസായ കേരളം

VYAVASAYA KERALAM




# മികച്ച ബ്രാൻഡിംഗ് നിങ്ങളുടെ ബിസിനസിന്റെ തലവര മാറ്റും




**Parisons Group of Companies,** 6/1183, Kunhipari Building, Cherootty Road, Calicut - 673 032, Kerala, India.

Vyavasaya Keralam
# വ്യവസായകേരളം
www.keralaindustry.org

നവംബർ 2025 പുസ്തകം 58 ലക്കം 2
NOVEMBER 2025 Volume 58 Issue 2



**06**
Rook and Roots കളിയിലെ തന്ത്രങ്ങൾ, ജീവിതത്തിലെ ആത്മവിശ്വാസം ഒരു സാമൂഹ്യ സംരംഭക മാതൃക
ആഷിക്ക്. കെ.പി

**10**
കസ്റ്റമൈസ്ഡ് പായ്ക്കിങ് ടേപ്പുകളുടെ നിർമ്മാണം
ഡോ. ബൈജു നെടുങ്കേരി

**13**
കേരള വുമൺ എന്റർപ്രണേഴ്സ് കോൺക്ലേവ് വൻ വിജയം
ബിനോയ് ജോർജ് പി.

**18**
ദേവഗിരിയിലെ പെൺകരുത്ത്
എഴുമാവിൽ രവീന്ദ്രനാഥ്

**22**
മികച്ച ബ്രാൻഡിംഗ് നിങ്ങളുടെ ബിസിനസിന്റെ തലവര മാറ്റും
ഡോ. സുധീർ ബാബു

**26**
ലബോറട്ടറി സേവനമേഖലയിൽ 'റാഹാ'യുടെ വിജയഗാഥ
ഇന്ദു കെ.പി

**30**
കേരളം പ്രവാസികൾക്കൊപ്പം
ജി. കൃഷ്ണപിള്ള

**36**
ക്യാഷ് കൗണ്ടർ ഇല്ലാത്ത കടകൾ സ്മാർട്ട് വാണിജ്യത്തിന്റെ നവയുഗം
ലോറൻസ് മാത്യു

**44**
കണ്ടുപിടുത്തങ്ങൾക്ക് കാവലാളായി പേറ്റന്റ്
റിഷിക നാരായൺ

**48**
ഈടില്ലാതെ മെഷീനറി വായ്പ – 5 കോടി വരെ എങ്ങനെ നേടാം
റ്റി. എസ്. ചന്ദ്രൻ

**50**
കേരള റബ്ബർ വ്യവസായം ഇനി മാറ്റങ്ങളിലേക്ക്
അഡ്വ. അമീർഷാ വി.പി



## മുഖക്കുറിപ്പ്

**ശ്രീ. വിഷ്ണുരാജ് പി.** ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

# പത്ത് പുതിയ ഉത്പന്നങ്ങളുമായി കേരള ബ്രാൻഡ് – ആഗോള കുതിപ്പിന് തുടക്കം

സംസ്ഥാന വ്യവസായ വകുപ്പ് ആവിഷ്കരിച്ച കേരള ബ്രാൻഡ്' പുതിയൊരു ചരിത്ര ഘട്ടത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. കേരളത്തിന്റെ വ്യവസയ മേഖലയെ ആഗോള വിപണിയിൽ ഉയർന്ന നിലവാരമുള്ള, ധാർമ്മികമായി ഉത്പാദിപ്പിച്ച ഉത്പന്നങ്ങളുടെ കേന്ദ്രമായി അടയാളപ്പെടുത്തുക എന്ന മഹത്തായ ലക്ഷ്യത്തോടെയാണ് ഈ പദ്ധതി മുന്നോട്ട് പോകുന്നത്. ടൂറിസത്തിലൂടെ ലോകപ്രശസ്തമായ കേരളത്തിന്, ഉൽപ്പാദന മേഖലയിൽ ഒരു ആധികാരികമായ ആഗോള മുദ്ര നൽകാനുള്ള ദീർഘവീക്ഷണത്തോടെയുള്ള ഈ ശ്രമം, നമ്മുടെ സാമ്പത്തിക സുസ്ഥിരത ഉറപ്പാക്കുന്നതിൽ നിർണ്ണായകമാകും. വ്യവസായങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുള്ള പ്രാദേശിക ഉദ്യമം, കേരളത്തിന്റെ ഉത്പാദന മേഖലയുടെ ഭാവിയിലേക്കുള്ള പ്രത്യാശയാണ്.

കേരള ബ്രാൻഡിന്റെ പത്ത് പുതിയ ഉൽപ്പന്നങ്ങളുടെ ഉൾപ്പെടുത്തൽ ഔദ്യോഗികമായി നടപ്പിൽ വരുന്നതോടെ, കേരളത്തിന്റെ വിവിധ ഉൽപ്പാദന മേഖലകളിൽ നിന്നുള്ള ഉത്പന്നങ്ങൾ Made in Kerala' എന്ന ഗുണമേന്മാ മുദ്രയുടെ ഭാഗമാകും. കാർഷിക-ഭക്ഷ്യ ഉൽപ്പന്നങ്ങളായ കാപ്പി, തേയില, തേൻ, ശുദ്ധീകരിച്ച നെയ്യ്, കുപ്പികളിലാക്കിയ ശുദ്ധജലം, കന്നുകാലിത്തീറ്റ എന്നിവ ഇതിൽ ഉൾപ്പെടുന്നു. അതോടൊപ്പം, വ്യാവസായിക ഉത്പാദന മേഖലയിൽ സുപ്രധാനമായ പ്ലൈവുഡ്, പാദരക്ഷകൾ, പി.വി.സി. പൈപ്പുകൾ, സർജിക്കൽ റബ്ബർ ഗ്ലൗസ് എന്നീ ഉൽപ്പന്നങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വിപുലീകരണം, നമ്മുടെ പ്രാദേശിക ഉൽപ്പാദകർക്ക് ആഗോള വിപണിയിൽ കൂടുതൽ അവസരങ്ങൾ തുറന്നു കൊടുക്കും.

കേരള ബ്രാൻഡ് കേവലം ഗുണമേന്മയുടെ മുദ്ര മാത്രമല്ല. ആഗോളതലത്തിൽ ഉപഭോക്താക്കൾ ഇന്ന് ഉൽപ്പന്നങ്ങളുടെ ഗുണമേന്മയെപ്പോലെ തന്നെ, അതിന്റെ സാമൂഹിക, പാരിസ്ഥിതിക ഉത്തരവാദിത്തവും (ESG) കണക്കിലെടുക്കുന്നതിനാൽ, കേരളത്തിന്റെ പുരോഗമനപരമായ സാമൂഹിക മൂല്യങ്ങളോടു കൂടിയ ഈ ബ്രാൻഡ് ആഗോള വിപണിയിൽ വേറിട്ട് നിൽക്കും. എന്നാൽ, ഈ പദ്ധതിയുടെ ഭാവി വിജയം കർശനമായ ഗുണമേന്മ നിലനിർത്തുന്നതിലുള്ള ജാഗ്രതയെ ആശ്രയിച്ചിരിക്കുന്നു. സർട്ടിഫിക്കേഷൻ പ്രക്രിയ സമഗ്രവും കർശനവുമാണ് എന്ന് ഉറപ്പുവരുത്താൻ വ്യവസായ വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. ഈ ഉദ്യമം കേരളത്തിന്റെ വ്യവസായ മേഖലയ്ക്ക് ഒരു പുതിയ ഊർജ്ജം പകരുമെന്നതിൽ സംശയമില്ല. ഗുണമേന്മയും ധാർമ്മികതയും കൈമുതലാക്കി, കേരള ഉൽപ്പന്നങ്ങൾക്ക് ലോക വിപണിയിൽ ഒരു സ്ഥിരമായ സ്ഥാനം ഉറപ്പിക്കാൻ ഈ കേരള ബ്രാൻഡ് ഒരു നിമിത്തമാകുമെന്നും അതുവഴി നമ്മുടെ സംസ്ഥാനത്തിന്റെ വ്യവസായവാണിജ്യ വളർച്ചയിൽ പങ്കുചേരാൻ നമുക്ക് ഓരോരുത്തർക്കും സാധിക്കുമെന്നും പ്രത്യാശിക്കുന്നു.

ഒപ്പ്
ചീഫ് എഡിറ്റർ

വ്യവസായ കേരളം

ചീഫ് എഡിറ്റർ
**ശ്രീ. വിഷ്ണുരാജ് പി. ഐ.എ.എസ്**
ഡയറക്ടർ
വ്യവസായ വാണിജ്യ വകുപ്പ്

എഡിറ്റർ
**ബിജു പി.ബി.**

കവർ, ഡിസൈൻ & ലേഔട്ട്
**ദീപക് മൗത്താട്ടിൽ**

ടൈപ്പ് സെറ്റിംഗ്
**വി. അഭിലാഷ്**

എഡിറ്റോറിയൽ ഓഫീസ്
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം 695 033

ഫോൺ: 6238302158
ഇമെയിൽ:
vyavasayakeralam@gmail.com
വെബ്സൈറ്റ്
https://vyavasayakeralam.industry.kerala.gov.in
www.keralaindustry.org
www.industry.kerala.gov.in

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
**മോഹൻകുമാർ എം.എസ്.,**
**ലതകുമാരി ആർ.,**
**അരുൺ ടി.എസ്.,**
**അനിത ജി.,**
**മഞ്ജുഷ ആർ.,**
**ജെഫേഴ്സൺ സെബാസ്റ്റ്യൻ,**
**ബേബി. വൈ.,**
**രാമകൃഷ്ണൻ എഴുത്തച്ചൻ**

ലേഖകരുടെ അഭിപ്രായങ്ങൾ
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമാണ്.



## നവകേരളം

ശ്രീ. പി. രാജീവ്
വ്യവസായം, വാണിജ്യം,
നിയമം, കയർ വകുപ്പ് മന്ത്രി

# 2031 ലെ വ്യവസായ കേരളം

കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ട് 75 വർഷം പൂർത്തിയാകുന്ന വർഷമാണ് 2031. അടുത്ത അഞ്ചു വർഷം കൂടി പിന്നിടുമ്പോൾ വ്യവസായ കേരളം എങ്ങനെയാകണം എന്ന് ലക്ഷ്യമിടുന്ന വിഷൻ 2031 മാർഗ്ഗരേഖക്ക് വ്യവസായ വകുപ്പ് രൂപം നൽകിയിരിക്കുകയാണ്. തിരുവനന്തപുരത്ത് സംഘടിപ്പിച്ച സെമിനാറിൽ ഉയർന്ന നിർദ്ദേശങ്ങൾ കൂടി കൂട്ടിച്ചേർത്താണ് വിഷൻ 2031 ന് രൂപം നൽകിയിരിക്കുന്നത്.

കേരളത്തെ രാജ്യത്തെ മുൻനിര വ്യവസായ നിക്ഷേപ ലക്ഷ്യകേന്ദ്രമാക്കി മാറ്റുക എന്ന ബൃഹദ് ലക്ഷ്യം പ്രഖ്യാപിക്കുന്നതാണ് 'വിഷൻ 2031' രേഖ. സംസ്ഥാനത്തെ വ്യവസായമേഖലയുടെ സമഗ്രവികസനം ലക്ഷ്യം വച്ചുള്ള പരിഷ്കാരങ്ങൾ, വ്യവസായ ഇടനാഴികൾ, ഇന്നവേഷൻ ഹബ്ബുകൾ തുടങ്ങിയവ നടപ്പിൽ വരുത്തും. ഭാവിയിലെ വ്യാവസായിക ആവശ്യങ്ങൾക്ക് അനുസൃതമായി സംസ്ഥാനത്തെ യുവജനങ്ങളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ (പി.പി.പി) കേരള യൂണിവേഴ്സിറ്റി ഫോർ സ്കിൽ ഡെവലപ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ് (നൈപുണ്യവികസന-സംരംഭക സർവകലാശാല) സ്ഥാപിക്കും. വിദ്യാഭ്യാസം, ഇൻകുബേഷൻ, വിജ്ഞാന സമ്പാദനം എന്നിവ സംയോജിപ്പിച്ചുകൊണ്ട് വ്യവസായ-അധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കുകയാണ് സർവകലാശാലയുടെ ലക്ഷ്യം.

വിഴിഞ്ഞം തുറമുഖം ഉൾപ്പെടുന്ന മേഖലയെ ആഗോള സാമ്പത്തിക കേന്ദ്രമായി വികസിപ്പിക്കുന്നതിനായി വിഴിഞ്ഞം ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ യാഥാർത്ഥ്യമാക്കും. കൊച്ചി-ബെംഗളൂരു വ്യാവസായിക ഇടനാഴിയുടെ പ്രധാന ഘടകമായി 358 ഏക്കറിൽ കൊച്ചി ഗ്ലോബൽ സിറ്റി പ്രോജക്റ്റ് ആവിഷ്കരിക്കുന്നുണ്ട്.

തിരുവനന്തപുരത്തെ വിക്രം സാരാഭായ് സ്പേസ് സെന്റർ, ഐ.എസ്.ആർ.ഒ. തുടങ്ങിയ സ്ഥാപനങ്ങളോട് അടുത്ത് ഏറോ-ഡിഫൻസ് ആന്റ് ഡ്രോൺ ഇൻഡസ്ട്രിയൽ ക്ലസ്റ്റർ സ്ഥാപിക്കുന്നതും പ്രതിരോധ മേഖലയിലെ കേരളത്തിന്റെ സാധ്യതകൾ വർധിപ്പിക്കും. മലബാറിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി കോഴിക്കോട്-മലപ്പുറം വ്യാവസായിക ക്ലസ്റ്ററിന്റെ ഭാഗമായി ബയോടെക് ആൻഡ് ലൈഫ് സയൻസസ് ക്യാംപസും ഇ.എസ്.ഡി.എം. (ഇലക്ട്രോണിക് സിസ്റ്റം ഡിസൈൻ ആൻഡ് മാനുഫാക്ചറിങ്) ആൻഡ് പവർ ഇലക്ട്രോണിക്സ് ക്യാംപസും സ്ഥാപിക്കും.

കൊല്ലത്ത് മെഗാ ഭക്ഷ്യ സംസ്കരണ പാർക്ക് സ്ഥാപിക്കുന്നതിലൂടെ സുഗന്ധവ്യഞ്ജനങ്ങൾ, സമുദ്രോത്പന്നങ്ങൾ, നാളികേര ഉൽപ്പന്നങ്ങൾ, കശുവണ്ടി ഉൽപ്പന്നങ്ങൾ എന്നിവയുടെ മൂല്യവർദ്ധനവിന് ഊന്നൽ നൽകും. ആലപ്പുഴയിൽ മാരിടൈം ആന്റ് മറൈൻ പാർക്കും സ്ഥാപിക്കാൻ പദ്ധതിയുണ്ട്. തിരുവനന്തപുരത്ത് 500 ഏക്കറിൽ മെഡിക്കൽ ബയോടെക് ഹബ്ബും കോട്ടയത്ത് 2,000 ഏക്കറിൽ ചെറുകിട വ്യവസായങ്ങളെ സംയോജിപ്പിച്ചുള്ള മെഗാ ഇൻഡസ്ട്രിയൽ സിറ്റിയും സ്ഥാപിക്കാൻ വിഷൻ 2031 പദ്ധതി രേഖ പ്രാധാന്യം നൽകുന്നു.

റോബോട്ടിക്സ് ഉൽപ്പാദനത്തിലും ഗവേഷണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്ന റോബോട്ടിക്സ് പാർക്കും, ജെം ആന്റ് ജ്വല്ലറി പാർക്കും തൃശൂരിൽ സ്ഥാപിക്കും. വയനാട് കോഫി പാർക്കും പാലക്കാട് ഗ്രഫീൻ അറോറ പാർക്കും വിഷൻ 2031 ന്റെ ഭാഗമാണ്. കൊച്ചി, തിരുവനന്തപുരം എന്നീ നഗരങ്ങളെ പ്രാഥമിക കേന്ദ്രങ്ങളാക്കി ഗ്രീൻ ഹൈഡ്രജൻ വാലി പ്രോജക്റ്റ് 2031-ഓടെ പ്രവർത്തനക്ഷമമാക്കും. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി വീടുകൾ ബിസിനസ് കേന്ദ്രങ്ങളായി മാറുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കും.

തന്ത്രപരമായ പരിഷ്കാരങ്ങൾ, സമർപ്പിത ഇടനാഴികൾ, നൂതന കേന്ദ്രങ്ങൾ, സുസ്ഥിര വികസന സംരംഭങ്ങൾ എന്നിവയിലൂടെ കേരളത്തെ ഇന്ത്യയുടെ പ്രധാന വ്യവസായ ലക്ഷ്യസ്ഥാനമാക്കി മാറ്റാനുള്ള സമഗ്രമായ കാഴ്ചപ്പാടാണ് വിഷൻ 2031 മുന്നോട്ട് വെയ്ക്കുന്നത്.



ആഷിക്ക്. കെ. പി



# Rook and Roots

## കളിയിലെ തന്ത്രങ്ങൾ, ജീവിതത്തിലെ ആത്മവിശ്വാസം ഒരു സാമൂഹ്യ സംരംഭക മാതൃക

സംരംഭകത്വം ഒരു യാത്രയാണ്. ഇഷ്ടപ്പെട്ട മേഖലകളിൽ പറന്നുയരാനുള്ള യാത്ര. അതിന് സമയമോ കാലമോ വയസ്സോ ഒരുപ്രശ്നമല്ല. സ്വപ്നങ്ങൾ വിടാതെ കൊണ്ട് നടന്ന് എപ്പോഴാണോ അത് സാക്ഷത്കരിക്കാൻ ഒക്കുന്നത് പിന്നീട് വിശ്രമമില്ലാതെ അതങ്ങു പ്രവർത്തികമാക്കുക. അതിലങ്ങു ലയിക്കുക. 57 വയസ്സിൽ റിട്ടയർ ചെയ്തതിനു ശേഷം മനോജ് മാഷ് നടപ്പിലാക്കിയത് അത്തരമൊരു സ്വപ്ന സാക്ഷത്കരമാണ്. സാമൂഹ്യ സംരംഭകത്വമെന്ന തന്റെ സ്വപ്നം തന്റെ ഇഷ്ടവിനോദവുമായി കൂട്ടിയോജിപ്പിച്ചു ഒരുഗ്രൻ സംരംഭം. കോഴിക്കോട് നഗരത്തിന്റെ തിരക്കിൽ നിന്ന് മാറി, പച്ചപ്പിന്റെ കുളിർമയിൽ ഒരു അന്താരാഷ്ട്ര നിലവാരമുള്ള ചെസ്സ് പരിശീലന കേന്ദ്രം: അതാണ് 'Rook and Roots' (International Academy for Chess). മുൻ സംസ്ഥാന യൂത്ത്, കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെസ്സ് ചാമ്പ്യനും അന്താരാഷ്ട്ര റേറ്റഡ് താരവുമായ എം.സി. മനോജിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം, കേവലം ചെസ്സ് പഠിപ്പിക്കുക എന്നതിലുപരി ഒരു സാമൂഹിക ദൗത്യം ഏറ്റെടുക്കുന്നതിലൂടെ ശ്രദ്ധേയമാകുന്നു.

### ലാഭത്തിനപ്പുറം, സാമൂഹിക പരിഹാരം മാതൃകയാക്കിയ സംരംഭം

സാമൂഹ്യ സംരംഭകത്വം (Social Entrepreneurship) എന്നത് ബിസിനസ്സ് തന്ത്രങ്ങൾ ഉപയോഗിച്ച് സമൂഹത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്നതാണ്. 'Rook and Roots' ഈ ആശയത്തെ തികച്ചും പ്രായോഗികമാക്കുന്നു. ഇവിടെ ബിസിനസ്സ്, മാനസികാരോഗ്യ വെല്ലുവിളികൾക്ക് മറുപടി നൽകാനുള്ള ഒരു മാർഗ്ഗമായി മാറുന്നു.

ഇന്നത്തെ കാലത്ത്, ഡിജിറ്റൽ ഉപകരണങ്ങളുടെ അമിത ഉപയോഗം പുതുതലമുറയിൽ ഉണ്ടാക്കുന്ന മാനസികാരോഗ്യ പ്രശ്നങ്ങളെക്കുറിച്ചും, ആത്മവിശ്വാസക്കുറവിനെക്കുറിച്ചുമുള്ള രക്ഷിതാക്കളുടെ വേവലാതി ഏറെയാണ്. ഈ സാമൂഹിക പ്രശ്നത്തിന് മനോജ് സാർ കണ്ടെത്തിയ പരിഹാരമാണ് ചെസ്സ്.



# Rook and Roots (International Academy for Chess) chess academy

കോഴിക്കോട് നഗരഹൃദയത്തിൽ പച്ചപ്പിന്റെ കുളിർമയിൽ ഒരു അന്താരാഷ്ട്ര ചെസ്സ് പരിശീലന കേന്ദ്രം. കോവൂർ വെള്ളിമാട്കുന്ന് റോഡിലാണ് മുൻ സംസ്ഥാന യൂത്ത്, കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെസ് ചാമ്പ്യനും അന്താരാഷ്ട്ര റേറ്റഡ് ചെസ്സ് താരവുമായ എം.സി.മനോജിന്റെ നേതൃത്വത്തിൽ ചെസ് അക്കാദമി പ്രവർത്തിക്കുന്നത്. ശില്പ ചാതുരിയിലും പ്രകൃതിയുമായി ഇഴ ചേർത്ത ലാന്റ് സ്കേപിംഗിലും വ്യതിരിക്തമായ അക്കാദമി കേവലം ഒരു ലാഭേച്ഛയുള്ള സ്ഥാപനമല്ല, സാമൂഹ്യ സംരംഭകത്വത്തിന്റെ വേറിട്ട മാതൃകയാണ്. ഇരുനൂറോളം പേർക്ക് ചെസ് പരിശീലനത്തിനും മറ്റു മത്സരങ്ങൾ നടത്താനും പറ്റിയ രീതിയിലാണ് അക്കാദമി സജ്ജീകരിച്ചിരിക്കുന്നത്. സർപ്പക്കാവുകളാലും കുളങ്ങളാലും വയലുകളാലും ചുറ്റപ്പെട്ട ചെസ്സ് അക്കാഡമി കുട്ടികൾക്കും മുതിർന്നവർക്കും പൂർണ്ണ ശ്രദ്ധയോടെ പഠനത്തിന് സൗകര്യമൊരുക്കുന്നു.

ഡിജിറ്റൽ ഉപകരണങ്ങളുടെ അമിത ഉപയോഗത്താലും മറ്റും മാനസികാരോഗ്യം നഷ്ടപ്പെടുന്ന പുതുതലമുറയെ കുറിച്ച് രക്ഷിതാക്കൾക്ക് വേവലാതിപ്പെടുന്ന ഈ കാലത്ത് കുട്ടികൾക്ക് ആത്മവിശ്വാസവും ശുഭാപ്തിവിശ്വാസവും തിരിച്ചു കൊണ്ടുവരുവാൻ കളികളിലൂടെ മാത്രമേ കഴിയൂ എന്ന തിരിച്ചറിവിൽ പല യൂറോപ്യൻ രാജ്യങ്ങളിലും playground Revolution നടന്നുകൊണ്ടിരിക്കയാണ്. ഇതേ മാതൃകയിൽ തന്റെ ശേഷികളെ ഭാവി തലമുറയ്ക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ എന്തുകൊണ്ട് ഒരു സംരംഭമാക്കിക്കൂടാ എന്ന ചിന്തയിൽ നിന്നാണ് ഈ സംരംഭം പിറവിയെടുത്തത്. കൃത്യമായ

> **“ ഇരുനൂറോളം പേർക്ക് ചെസ് പരിശീലനത്തിനും മറ്റു മത്സരങ്ങൾ നടത്താനും പറ്റിയ രീതിയിലാണ് അക്കാദമി സജ്ജീകരിച്ചിരിക്കുന്നത്. സർപ്പക്കാവുകളാലും കുളങ്ങളാലും വയലുകളാലും ചുറ്റപ്പെട്ട ചെസ്സ് അക്കാഡമി കുട്ടികൾക്കും മുതിർന്നവർക്കും പൂർണ്ണ ശ്രദ്ധയോടെ പഠനത്തിന് സൗകര്യമൊരുക്കുന്നു. ”**










സമയത്ത് ശരിയായ തീരുമാനമെടുക്കാൻ കുട്ടികൾ പരിശീലിക്കേണ്ടതുണ്ട്.

നമ്മുടെ ഭാരതവും അസൂയാവഹമായ നേട്ടങ്ങളാണ് ചെസ്സ് രംഗത്ത് കൈവരിച്ചുകൊണ്ടിരിക്കുന്നത്. തുടർച്ചയായി ലഭിക്കുന്ന ലോക ചെസ്സ് കിരീടങ്ങൾ പുതുതലമുറയിൽ ആവേശമുയർത്തുന്നു. മുതിർന്നവരിൽ വരുന്ന ഓർമ്മക്കുറ (dementia )വിനും ചെസ്സ് പഠനം കൊണ്ട്  പരിധിവരെ പരിഹാരം കാണാൻ കഴിയും.


ചെസ്സ് പഠനം നൽകുന്ന ഗുണങ്ങൾ തിരിച്ചറിഞ്ഞ് പല രാജ്യങ്ങളിലും ഇത് സ്കൂൾ കരിക്കുലത്തിന്റെ ഭാഗമായി മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, ഈ അക്കാദമി കേരളത്തിൽ നടപ്പാക്കുന്നത് ഒരു ദൂരക്കാഴ്ചയുള്ള വിദ്യഭ്യാസ മാതൃകയാണ്.

'കുട്ടികളിൽ: ബുദ്ധിപരമായ വ്യായാമം, ആത്മവിശ്വാസം, പ്രശ്നപരിഹാര ശേഷി.' മുതിർന്നവരിൽ: ഓർമ്മക്കുറവിനും (Dementia) ഒരു  പരിധിവരെ പ്രതിവിധി.

32 വർഷത്തെ ഹയർ സെക്കണ്ടറി സേവനത്തിനു ശേഷം ജെ.ഡി.റ്റി.വൊക്കേഷനൽ ഹയർ സെക്കണ്ടറിയിൽ നിന്നു വിരമിച്ച മനോജ് മികച്ച അദ്ധ്യാപകനുള്ള സംസ്ഥാന അദ്ധ്യാപക അവാർഡ് ജേതാവാണ്. പൂർണമായും പ്രകൃതിക്കിണങ്ങുന്ന രീതിയിലാണ് ഈ സംരംഭം ഡിസൈൻ ചെയ്തിട്ടുള്ളത്. സന്ദർശകർക്കു വിശ്രമിക്കാൻ മരത്തണലുകൾ, ആമ്പൽ കുളങ്ങൾ, പച്ചക്കറി കൃഷി, വയൽ സമൃദ്ധമായ ചെമ്പകശ്ശേരി ഇല്ലത്തെ ഇളയ തലമുറക്കാരനായ മനോജ് തന്റെ വിശാലമായ ഭൂമിയെ ഇങ്ങനെ പുതുതലമുറയ്ക്ക് പഠിക്കാനും പ്രകൃതിയെ അറിയാനും അവസരമൊരുക്കുന്നു.

ഇവിടെയെത്തുന്നവർക്ക് ഇതൊരു വേറിട്ട മാതൃകയാണ്. അരങ്ങേറ്റത്തിനും സംഗീതത്തിനും ചർച്ചകൾക്കുമായി വേറെയും സ്ഥലങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്. ഒന്നിനും വേണ്ടിയല്ല, ജീവിതത്തിൽ നിന്ന് അപ്രത്യക്ഷമാവുമ്പോൾ തന്റെ ചെറിയ അടയാളപ്പെടുത്തലുകൾ അതാണീ സംരംഭം. മനോജ് സ്വപ്നം കണ്ടതും അതുതന്നെ. തുടങ്ങി ഒരു മാസമാവുമ്പോഴേക്ക് ഇവിടെ സന്ദർശകരുടെയും പഠിതാക്കളുടെയും തിരക്ക് തന്നെയാണ്. ഈയൊരു സംരംഭത്തെ സ്വീകരിക്കാൻ മുൻകൂട്ടി നിന്നപോലെ.

സാമൂഹ്യ സംരംഭകത്വം എന്നത് പുതിയ കാലഘട്ടത്തിന്റെ അത്യാവശ്യമായ ഒരു വികസന മാതൃക




യാണ്. ലാഭം മാത്രം ലക്ഷ്യമിട്ട് പ്രവർത്തിച്ചിരുന്ന പരമ്പരാഗത ബിസിനസ്സ് ലോകത്തുനിന്ന് മാറി, 'ലാഭവും ലക്ഷ്യവും (Profit and Purpose) ഒന്നിച്ചു കൊണ്ടുപോകാൻ' കഴിയുമെന്ന് ഇത് തെളിയിക്കുന്നു.

സാമൂഹ്യ സംരംഭകർ എന്നത് കേവലം ബിസിനസുകാർ മാത്രമല്ല; അവർ സമൂഹത്തിന്റെ പ്രശ്നങ്ങളെ അവസരങ്ങളാക്കി മാറ്റി നൂതനമായ പരിഹാരങ്ങൾ നൽകുന്ന വിഷനറിമാരാണ്. ദാരിദ്ര്യം, വിദ്യാഭ്യാസം, ആരോഗ്യം, കാലാവസ്ഥാ മാറ്റം തുടങ്ങിയ ആഗോള വെല്ലുവിളികൾക്ക്, സർക്കാരുകൾക്കും സന്നദ്ധ സംഘടനകൾക്കും മാത്രം പരിഹരിക്കാൻ കഴിയാത്ത പല പ്രതിസന്ധികളിലും, ചടുലതയോടെയും കാര്യക്ഷമതയോടെയും ഇടപെടാൻ സാമൂഹ്യ സംരംഭങ്ങൾക്ക് സാധിക്കുന്നു.

അവർ ചെയ്യുന്ന ഓരോ പ്രവൃത്തിയും സാമ്പത്തികമായി നിലനിൽക്കുന്നതും (Sustainable), അതോടൊപ്പം സമൂഹത്തിൽ അളക്കാവുന്നതും (Measurable), ദീർഘകാല സ്വാധീനം (Long-term Impact) ചെലുത്തുന്നതുമാണ്.

നമ്മുടെ സമൂഹത്തിൽ യഥാർത്ഥമായ മാറ്റം ഉണ്ടാക്കാനും, കൂടുതൽ തുല്യവും സുസ്ഥിരവുമായ ഒരു ലോകം കെട്ടിപ്പടുക്കാനും, സാമൂഹ്യ സംരംഭകരുടെ ഈ വഴിത്താരയ്ക്ക് വലിയ പ്രാധാന്യമുണ്ട്.

മാറ്റത്തിനായി ആഗ്രഹിക്കുന്ന ഓരോ വ്യക്തിക്കും പ്രചോദനമാകുന്ന, പ്രതീക്ഷയുടെ വെളിച്ചമാണ് സാമൂഹ്യ സംരംഭകത്വം.

KAMALA
KAMALA
PRECISION PROFILES
MANUFACTURER OF AEROSPACE & PRECISION COMPONENTS
ERAVIMANGALAM | PERINTHALMANNA
MALAPPURAM, MOB: 9446787959





ഡോ. ബൈജു നെടുങ്കേരി



# കസ്റ്റമൈസ്ഡ് പായ്ക്കിങ് ടേപ്പുകളുടെ നിർമ്മാണം


കേരളം വ്യവസായ രംഗത്ത് 2031 ലക്ഷ്യമിട്ട് മുന്നേറുകയാണ്. ചെറുകിട വ്യവസായ രംഗത്ത് സമഗ്ര കുതിച്ചുചാട്ടത്തിന് വഴിയൊരുക്കുന്ന കർമ്മ പരിപാടികളാണ് വിഷൻ 2031 ന്റെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്. കേരളത്തിൽ വ്യവസായം ആരംഭിക്കുന്നതിനും ആയാസ രഹിതമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുമുള്ള അനുകൂല സാഹചര്യങ്ങൾ ഇന്ന് രൂപപ്പെട്ടിട്ടുണ്ട്. താമസമുള്ള വീടുകളുടെ 50 ശതമാനവും ആൾതാമസമില്ലാത്ത വീടുകൾ മുഴുവനായും വ്യവ സായങ്ങൾക്ക് ഉപയോഗപ്പെടുത്താൻ സാധിക്കുന്ന തരത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചട്ടങ്ങൾ ഗവണ്മെന്റ് ഭേദഗതി ചെയ്ത് ഉത്തരവ് പുറത്തിറക്കി. ലൈസൻസിംഗ് നടപടിക്രമങ്ങൾ സുഗമ മാക്കി കൊണ്ട് k-swift ഏകജാലക സംവിധാനം ഫലപ്രദമായി പ്രവർത്തിച്ച് വരുന്നു. വ്യവസായി കളുടെ പരാതികൾ സമയ ബന്ധിതമായി പരിഹരി ക്കാൻ ഗ്രീവൻസ് റീട്രസൽ കമ്മറ്റികൾ ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഫലപ്രദമായി പ്രവർത്തിച്ച് വരുന്നു. ചുരുക്കി പറഞ്ഞാൽ കേരള ത്തിൽ വ്യവസായം ആരംഭിക്കാൻ ആഗ്രഹി ക്കുന്നവർക്ക് ഇന്ന് നല്ലൊരു വിപണിയും അനുകൂല സാഹചര്യങ്ങളും നിലവിലുണ്ട്. കേരളത്തിൽ വീടുകളിൽ ആരംഭിക്കാൻ കഴിയുന്ന സംരംഭമാണ് കസ്റ്റമൈസ്ഡ് സെല്ലോടേപ്പ് - പായ്ക്കിംഗ് ടേപ്പുകളുടെ നിർമ്മാണം

## ബ്രാന്റിംഗ് – സാധ്യതകൾ

കേരളത്തിൽ പ്രവർത്തിക്കുന്ന ലക്ഷക്കണക്കിന് ചെറുകിട സംരംഭങ്ങളുണ്ട്. ഇവിടെയെല്ലാം സെല്ലോ ടേപ്പ് / ബ്രൗൺ പായ്ക്കിംഗ് ടേപ്പ് ആണ് പായ്ക്കിങ്ങിന് ഉപയോഗിക്കുന്നത്. പുതിയ കാലത്ത് ബ്രാൻഡിങ്ങിന്റെ പ്രാധാന്യം മനസിലാക്കിയ കമ്പനികൾ ബ്രാൻഡ് നെയിമും ലോഗോയും പ്രിന്റ് ചെയ്ത ടേപ്പുകൾ ഉപയോഗിച്ചാണ് ഇപ്പോൾ പായ്ക്ക് ചെയുന്നത്. വിപണിയിൽ പ്ലെയിനായിട്ടുള്ള ടേപ്പുകളാണ് ലഭിക്കുക. ബ്രാൻഡ് പ്രിന്റ് ചെയ്ത ടേപ്പുകൾ ലഭിക്കാൻ നിർമ്മാണ സ്ഥാപനത്തെ ആശ്രയിക്കേണ്ടി വരും, ഇവിടെയാണ് പുതിയ സെല്ലോടേപ്പ് / പായ്ക്കിംഗ് ടേപ്പ് നിർമ്മാണ യൂണിറ്റിന്റെ പ്രസക്തി. ആവശ്യക്കാർക്ക് അവരുടെ സ്ഥാപനത്തിന്റെ പേരും ലോഗോയും പ്രിന്റ് ചെയ്ത ടേപ്പുകൾ നൽകുന്ന യൂണിറ്റിന് ഇന്ന് കേരളത്തിൽ മികച്ച ബിസിനസ്സ് നേടാനാകും.

> **സ്ഥാപനങ്ങളിൽ നേരിട്ടെത്തി ബ്രാന്റിംഗിന്റെ പ്രാധാന്യം പറഞ്ഞു മനസിലാക്കി സാമ്പിളുകൾ നൽകി ഓർഡർ ശേഖരിക്കുന്നതാണ് മാർക്കറ്റിംഗ് രീതി പലപ്പോഴും സംരംഭത്തിന്റ ഉടമകൾ ഇതുപോലുള്ള സേവനം നൽകുന്ന സംരംഭകരെ അന്വേഷിച്ചിരിക്കുന്നുണ്ടാകും.**






## മാർക്കറ്റിംഗ്


ഉല്പാദന സേവന മേഖലകളിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കൊക്കെ പായ്ക്കിംഗ് ടേപ്പുകൾ ആവശ്യമായി വരും. സ്ഥാപനങ്ങളിൽ നേരിട്ടെത്തി ബ്രാന്റിംഗിന്റെ പ്രാധാന്യം പറഞ്ഞു മനസിലാക്കി സാമ്പിളുകൾ നൽകി ഓർഡർ ശേഖരിക്കുന്നതാണ് മാർക്കറ്റിംഗ് രീതി പലപ്പോഴും സംരംഭത്തിന്റ ഉടമകൾ ഇതുപോലുള്ള സേവനം നൽകുന്ന സംരംഭകരെ അന്വേഷിച്ചിരിക്കുന്നുണ്ടാകും. കസ്റ്റമൈസ്ഡ് സർവീസ് നൽകുന്ന സ്ഥാപനങ്ങൾക്കും സംരംഭകർക്കും എപ്പോഴും സ്വീകാര്യതയുണ്ട്.

## അസംസ്കൃത വസ്തുക്കൾ

3 ഇഞ്ച് വ്യാസമുള്ള പേപ്പർ കോറുകളും, 35 മൈക്രോണിൽ 6000 മീറ്റർ നീളത്തിൽ 288 മില്ലി മീറ്റർ വീതിയിൽ വരുന്ന പ്ലാസ്റ്റിക്ക് റോളുകളുമാണ് അസംസ്കൃത വസ്തുക്കൾ. പേപ്പർ കോർ കേരളത്തിലും പ്ലാസ്റ്റിക്ക് റോളുകൾ ബോംബെയിലും ലഭിക്കും.

## നിർമ്മാണരീതി

ഓർഡർ നൽകുന്ന സ്ഥാപനത്തിന്റെ പേരും ലോഗോയും പി.എൻ.ജി ഫോർമാറ്റിൽ വാങ്ങിക്കണം. ഈ ഫയലുകൾ ടേപ്പുകൾ നിർമ്മിക്കുന്ന കമ്പനി







കൾക്ക് അയച്ചുകൊടുത്താൽ ആവശ്യമുള്ളത്ര അളവിൽ പ്രിന്റോടുകൂടിയ പ്ലാസ്റ്റിക് റോൾ അവർ നിർമ്മിച്ച് അയച്ച് തരും. ടി റോളുകൾ 1000 മീറ്റർ നീളവും 28.8 cm വീതിയുള്ളതാണ്.

ടേപ്പുകൾ ചുറ്റിഎടുക്കുന്നതിന് ഉപയോഗിക്കുന്ന പേപ്പർ കോർ ട്യൂബുകളായാണ് ലഭിക്കുന്നത്. ടി ട്യൂബുകളെ കോർ കട്ടർ ഉപയോഗിച്ച് 5 cm വീതിയിൽ കട്ട് ചെയ്ത് എടുക്കും. തുടർന്ന് ടി കോറുകൾ സ്ലിറ്റിങ് യന്ത്രത്തിൽ സ്ഥാപിച്ച് ടേപ്പുകൾ 5 cm വീതിയിലും 30 മീറ്റർ നീളത്തിലും ചുറ്റി എടുക്കും. ടി പ്രവർത്തനങ്ങൾക്ക് ഒരു കോർ കട്ടർ യന്ത്രവും ഒരു സ്ലിറ്റിങ് യന്ത്രവുമാണ് ആവശ്യമായി വരുക. പിന്നീട് ആവശ്യത്തിനുള്ള എണ്ണം കാർട്ടൺ ബോക്സുകളിൽ നിറച്ച് ഓർഡർ നല്കിയ സ്ഥാപനങ്ങൾക്ക് എത്തിച്ച് നൽകാം.

## മൂലധന നിക്ഷേപം

| | | |
|---|---|---|
| 1 | കോർ കട്ടിങ് യന്ത്രം | 50000 |
| 2 | കട്ടിങ് & സ്ലിറ്റിങ് യന്ത്രം | 1,50,000 |
| 3 | അനുബന്ധ ചിലവുകൾ | 10,000 |
| | **ആകെ** | **2,10,000** |

## പ്രവർത്തന വരവ് ചിലവ് കണക്ക്

ചിലവ്

(പ്രതിദിനം 1000 ടേപ്പുകൾ നിർമ്മിക്കുന്നതിന് ചിലവ്)

| | | |
|---|---|---|
| 1 | പേപ്പർ കോർ | 1000.00 |
| 2 | പ്ലാസ്റ്റിക് റോൾ 3.5 മൈക്രോൺ 5 എണ്ണം | 10195.00 |
| 3 | വേതനം | 1500.00 |
| 4 | ഇലക്ട്രിസിറ്റി അനുബന്ധ ചിലവുകൾ | 1000.00 |
| | | **13,695.00** |

## വരവ്

(പ്രതിദിനം 1000 ടേപ്പുകൾ വിറ്റഴിക്കുമ്പോൾ ലഭിക്കുന്നത്)

1000 Nos * 30.00 = 30,000

## ലാഭം

30,000–13695 = 16305

## യന്ത്രങ്ങൾ പരിശീലനം

സെല്ലോടേപ്പ് - പായ്ക്കിംഗ് ടേപ്പ് നിർമ്മാണ ത്തിനുള്ള യന്ത്രങ്ങളും സൗജന്യ പരിശീലനവും പിറവം അഗ്രോപാർക്കിൽ ലഭിക്കും.

0485 –2999990

## ലൈസൻസ് –സബ്സിഡി

ഉദ്യം രജിസ്ട്രേഷൻ, കെ-സ്വിഫ്റ്റ് എന്നിവ നേടി വീട്ടിൽ തന്നെ സംരഭം ആരംഭിക്കാം. മൂലധന നിക്ഷേപത്തിന് അനുസരിച്ച് സബ്സിഡിയും ലഭിക്കും



ബിനോയ് ജോർജ് പി.

# കേരള വുമൺ എന്റർപ്രണേഴ്സ് കോൺക്ലേവ് വൻ വിജയം

### സംസ്ഥാനത്ത് വനിതാ സംരംഭകർക്കായി വനിത വ്യവസായ പാർക്ക്– മന്ത്രി പി രാജീവ്




സംരംഭകത്വ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനും വിജയം ഉറപ്പാക്കുന്നതിനും ലക്ഷ്യമിട്ട് തൃശൂരിൽ ഒക്ടോബർ 13ന് നടന്ന 'കേരള വിമൻ എന്റർപ്രണേഴ്സ് കോൺക്ലേവ് 2025' വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്തെ വനിതാ സംരംഭകർക്ക് വേണ്ടി വനിത വ്യവസായ പാർക്ക് സ്ഥാപിക്കുമെന്ന് മന്ത്രി പറഞ്ഞു. സ്ത്രീ സംരംഭകരെ വളർച്ചയുടെ അടുത്ത ഘട്ടത്തിലേക്ക് എത്തിക്കുകയാണ് സർക്കാർ ലക്ഷ്യം. കഴിഞ്ഞ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി വലിയ തോതിൽ വനിതാ സംരംഭകർ മുന്നോട്ട് വരുന്നുണ്ടെന്നും സംരംഭക വർഷത്തിന്റെ ഭാഗമായി രജിസ്റ്റർ ചെയ്ത സംരംഭകരിൽ 31 ശതമാനം സ്ത്രീകളാണ് എന്നത് ഇതിന് ഉദാഹരണമാണെന്നും മന്ത്രി ചൂണ്ടിക്കാട്ടി. 1000 സംരംഭങ്ങളെ ശരാശരി നൂറ് കോടി രൂപ വിറ്റു വരവുള്ള സംരംഭങ്ങളാക്കി മാറ്റാൻ ലക്ഷ്യമിടുന്ന 'മിഷൻ 1000' പദ്ധതിയുമായി വ്യവസായ വകുപ്പ് മുന്നോട്ട് പോകുകയാണ്. ഇതിനോടകം 444 സംരംഭങ്ങളെ പദ്ധതിക്കായി തെരഞ്ഞെടുത്ത് കഴിഞ്ഞു. ഇതിനൊപ്പം തന്നെ പതിനായിരം സംരംഭങ്ങളെ ഒരു കോടി വിറ്റു വരവുള്ള സംരംഭങ്ങളാക്കി മാറ്റുന്നതിനായി ' മിഷൻ 10000' പദ്ധതിയും മുന്നോട്ട് വയ്ക്കുന്നതായി മന്ത്രി പറഞ്ഞു.

സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ സുപ്രധാനമായ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. പഞ്ചായത്തുകളിലെ 50 ശതമാനം ഒഴിഞ്ഞ വീടുകളിൽ വരെ സംരംഭം തുടങ്ങാനുള്ള സൗകര്യം ഇതിലൂടെ ലഭിക്കും. പൂർണമായും ഒഴിഞ്ഞ് കിടക്കുന്ന വീടുകളിൽ 100



ശതമാനം സംരംഭം തുടങ്ങാൻ കഴിയും. സംരംഭകർക്ക് വേണ്ട നൈപുണ്യ വികസനവും സർക്കാർ ഉറപ്പാക്കും. ഓൺലൈൻ വിപണി സജീവമാക്കാൻ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കാൻ സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വിവിധ ജില്ലകളിൽ നിന്നായി 1200 ഓളം വനിതാ സംരംഭകർ പങ്കെടുത്ത കോൺക്ലേവിൽ ഒരു സംരംഭം തുടങ്ങാൻ ആവശ്യമായ എല്ലാ സഹായങ്ങളും ഒരിടത്ത് ലഭിക്കുന്ന ഏകജാലക സംവിധാനമാണ് ഏറ്റവും വലിയ ആകർഷണമായത്. ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ, ഉദ്യം, കെ-സ്വിഫ്റ്റ്, ജിഎസ്ടി തുടങ്ങിയ സർക്കാർ ഹെൽപ് ഡെസ്കുകൾ, ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ എന്നിവയുമായി നേരിട്ട് ബന്ധപ്പെടാനുള്ള സംവിധാനം സംരംഭകർക്ക് ഏറെ പ്രയോജനപ്പെട്ടു. 'സാങ്കേതിക വിദ്യാധിഷ്ഠിത ഉത്പാദനത്തിൽ വനിതകളുടെ പ്രാധാന്യം' എന്ന വിഷയത്തിലും, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വനിതാ സംരംഭകർക്ക് നൽകുന്ന പിന്തുണ പദ്ധതികളെക്കുറിച്ചും പ്രത്യേക പാനൽ ചർച്ചകളും കോൺക്ലേവിന്റെ ഭാഗമായി നടന്നു.

കേരള സർക്കാർ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് സംഘടിപ്പിച്ച ഈ മഹാസംഗമത്തിലൂടെ കേരള സർക്കാർ 2022-23-ൽ ആരംഭിച്ച സംരംഭക വർഷം പദ്ധതിയിൽ വനിതാ പങ്കാളിത്തം 31 ശതമാനമായിരുന്നു. ഈ അഭിമാനകരമായ നേട്ടം കൂടുതൽ ശക്തിപ്പെടുത്താനാണ് കോൺക്ലേവ് ലക്ഷ്യമിട്ടത്. ലോകബാങ്കിന്റെ പിന്തുണയോടെ നടപ്പാക്കുന്ന 'റാംപ്' (RAMP) പദ്ധതിയുടെ ഭാഗമായിട്ടായിരുന്നു സംഗമം. എം.എസ്.എം.ഇ. മേഖലയിൽ സ്ത്രീകളുടെ വളർച്ച ഉറപ്പാക്കുക, പ്രത്യേകിച്ച് സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള ഉത്പാദന മേഖലയിലേക്ക് കൂടുതൽ വനിതകളെ ആകർഷിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. ഇ-കൊമേഴ്സ്, ഡിജിറ്റൽ മാർക്കറ്റിംഗ്, കുറഞ്ഞ ചെലവിൽ നിർമിത ബുദ്ധി ടൂളുകൾ ഉപയോഗിച്ച് ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനുള്ള പ്രായോഗിക വഴികളെക്കുറിച്ച് വിദഗ്ദ്ധരുടെ സെമിനാറുകൾ കൂടാതെ വിവിധ മേഖലകളിൽ വിജയം നേടിയ വനിതാ സംരംഭകരുടെ വിജയഗാഥകളും വെല്ലുവിളികളെ അതിജീവിച്ച അനുഭവങ്ങളും കോൺക്ലേവിൽ പങ്കു വെച്ചു.

കേരളത്തിന്റെ വ്യാവസായിക രംഗത്ത് അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച 'സംരംഭക വർഷം' പദ്ധതിയുടെ വിജയത്തിന് പിന്നാലെ, സംസ്ഥാനത്തെ വനിതാ സംരംഭകത്വ മേഖലയ്ക്ക് കൂടുതൽ ഉണർവ് നൽകാനുള്ള വിപുലമായ ശ്രമങ്ങൾ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ആരംഭിച്ചിരിക്കുകയാണ്. കോൺക്ലേവ്, വെറുമൊരു കൂട്ടായ്മ എന്നതിലുപരി, കേരളത്തിലെ വനിതകളെ സാങ്കേതിക വിദ്യയുടെയും ആഗോള മത്സരശേഷിയുടെയും ലോകത്തേക്ക് ഒരു പുതിയ ദിശാബോധം നൽകി കൈപിടിച്ച് നടത്താനുള്ള സംസ്ഥാനസർക്കാരിന്റെ ശക്തമായ പ്രതിബദ്ധതയുടെ പ്രഖ്യാപനമാണ്. സംരംഭം തുടങ്ങാൻ സ്വപ്നം കാണുന്നവർക്കും, നിലവിലുള്ള സംരംഭങ്ങളെ ആഗോള നിലവാരത്തിലേക്ക് ഉയർത്താൻ ആഗ്രഹിക്കുന്നവർക്കും, ഒരുപോലെ ഊർജ്ജവും ധൈര്യവും നൽകാൻ ഈ സംഗമം സഹായകമാകും. മികച്ച ഉത്പന്നങ്ങളുള്ള വനിതാ സംരംഭകർക്ക് അവരുടെ ഉത്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ തലങ്ങളിൽ പ്രദർശനവും വിപണനസാധ്യതകളും ഉറപ്പുവരുത്തി, അടുത്ത ഘട്ടത്തിലേക്ക് കുതിക്കാൻ ആവശ്യമായ ധൈര്യവും പ്രചോദനവും നൽകുക എന്നതാണ് ലക്ഷ്യം.



വനിതാ സംരംഭകരുടെ എല്ലാ ആവശ്യങ്ങൾക്കും മറുപടി നൽകുന്ന ഒരു ഏകജാലക പ്രദർശന വേദിയായാണ് ഈ സംരംഭക സംഗമം രൂപകൽപ്പന ചെയ്തത്. കോൺക്ലേവ് താഴെ പറയുന്ന മൂന്ന് പ്രധാന ആകർഷണങ്ങളിൽ ആണ് ശ്രദ്ധ കേന്ദ്രീകരിച്ചത്.

**"വനിതാ സംരംഭകരുടെ എല്ലാ ആവശ്യങ്ങൾക്കും മറുപടി നൽകുന്ന ഒരു ഏകജാലക പ്രദർശനവേദിയായാണ് ഈ സംരംഭക സംഗമം രൂപകൽപ്പന ചെയ്തത്. കോൺക്ലേവ് താഴെ പറയുന്ന മൂന്ന് പ്രധാന ആകർഷണങ്ങളിൽ ആണ് ശ്രദ്ധ കേന്ദ്രീകരിച്ചത്."**

## 1. വിജ്ഞാനപ്രദമായ സെമിനാറുകളും എഐ സാധ്യതകളും

നിലവിലെ വിപണിയിൽ മുന്നേറാൻ സാങ്കേതിക വിദ്യയുടെ സഹായം അത്യന്താപേക്ഷിതമാണ്. ഈ ആവശ്യം മുൻനിർത്തിക്കൊണ്ടാണ് സെമിനാറുകൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ഉത്പന്നങ്ങൾ ഓൺലൈൻ പ്ലാറ്റ്ഫോമുകളിലൂടെ ആഗോള വിപണിയിലേക്ക് എത്തിക്കാനുള്ള പ്രായോഗിക മാർഗ്ഗങ്ങളെക്കുറിച്ചും വിജയകരമായ ഡിജിറ്റൽ മാർക്കറ്റിംഗ് തന്ത്രങ്ങളെക്കുറിച്ചും സെഷനുകൾ നടന്നു. ചെറുകിടസംരംഭങ്ങൾക്ക് ചെലവ് കുറഞ്ഞ രീതിയിൽ എഐ ടൂളുകൾ എങ്ങനെ ഉപയോഗിക്കാം, ഉത്പാദനക്ഷമതയും ഉപഭോക്തൃ ബന്ധവും എങ്ങനെ മെച്ചപ്പെടുത്താം എന്നതിനെക്കുറിച്ച് വിദഗ്ദ്ധർ നേരിട്ട് സംസാരിച്ചു. സാങ്കേതിക വിദ്യാധിഷ്ഠിതമായ പുതിയ ബിസിനസ്സ് മേഖലകളിലേക്കും വനിതകൾക്ക് വിജയകരമായി കടന്നുവരാൻ സാധിക്കുന്ന ഉത്പാദന സാധ്യതകളിലേക്കും കോൺക്ലേവ് വഴി വെളിച്ചം വീശി.






## 2. സംവാദത്തിലൂടെ നേടുന്ന ധൈര്യവും പ്രചോദനവും

വിജയകരമായ സംരംഭകത്വ യാത്രയ്ക്ക് അറിവ് പോലെ തന്നെ പ്രധാനമാണ് ആശയവിനിമയവും ശരിയായ വഴികാട്ടലും. 'സാങ്കേതിക വിദ്യാധിഷ്ഠിത ഉത്പാദനത്തിൽ വനിതകളുടെ പ്രാധാന്യം' എന്ന വിഷയത്തിലായിരുന്നു പാനൽ ചർച്ച. ഇത് നയപരമായ മാറ്റങ്ങൾക്കും സംരംഭകത്വ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും സഹായകമായി. വിവിധ മേഖലകളിൽ വിജയം കൈവരിച്ച വനിതാസംരംഭകർ അവരുടെ വെല്ലുവിളികളെയും പ്രതിസന്ധികളെയും മറികടന്നതിനെക്കുറിച്ചുള്ള അനുഭവങ്ങൾ പങ്കുവെക്കുന്നത്, പുതിയ സംരംഭകർക്ക് വലിയ ഊർജ്ജവും പ്രചോദനവും നൽകും. കേരളത്തിലെ സാധ്യതകളും, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന പിന്തുണയും സംബന്ധിച്ചുള്ള സെഷനുകളും നടന്നു.

## 3. സഹായങ്ങൾ ഒരു കുടക്കീഴിൽ: ഏകജാലക സംവിധാനം

ഒരു സംരംഭം തുടങ്ങാൻ ആവശ്യമായ എല്ലാ ഔദ്യോഗിക വിവരങ്ങളും പിന്തുണയും ഒറ്റയടിക്ക് ലഭ്യമാക്കുക എന്നതാണ് കോൺക്ലേവിന്റെ ഏറ്റവും വലിയ പ്രായോഗികലക്ഷ്യം. ബാങ്കുകൾ വഴിയുള്ള വായ്പാ സൗകര്യങ്ങൾ, സബ്സിഡികൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകാനും അപേക്ഷകൾ സ്വീകരിക്കാനുമായി സ്റ്റാളുകളും സജ്ജമാക്കിയിരുന്നു. സർക്കാർ ഹെൽപ് ഡെസ്കുകൾ: UDYAM, K- SWIFT, GeM (സർക്കാർ ഇ-മാർക്കറ്റ് പ്ലേസ്), GST, DGFT (വിദേശ വ്യാപാരം), FIEO (കയറ്റുമതി സംഘടന) എന്നിവയുമായി ബന്ധപ്പെട്ട എല്ലാ ഔദ്യോഗിക നടപടിക്രമങ്ങൾക്കും വിവരങ്ങൾക്കും പ്രത്യേക ഹെൽപ് ഡെസ്കുകൾ പ്രവർത്തിച്ചിരുന്നു.

ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ഓൺലൈൻ വിപണിയിലേക്ക് എളുപ്പത്തിൽ പ്രവേശിക്കുന്നതിനും ആവശ്യമായ സഹായങ്ങൾ നൽകാൻ ഗവേഷണ സ്ഥാപനങ്ങളും പ്രമുഖ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളും ഉണ്ടായിരുന്നു. ഈ ഏകജാലക സംവിധാനം വഴി, സംരംഭകത്വം തുടങ്ങുന്നതിലെ കാലതാമസം പരമാവധി കുറയ്ക്കാനും, സംരംഭകർക്ക് സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ആവശ്യമായ എല്ലാ പിന്തുണയും ഒരിടത്ത് നിന്ന് തന്നെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താനും സാധിക്കും. 'കേരള വനിത സംരംഭക കോൺക്ലേവ്', കേരളത്തിലെ വനിതാ സംരംഭകരുടെ വളർച്ചയിൽ ഒരു നാഴികക്കല്ലായിരിക്കും എന്നതിൽ സംശയമില്ല. വനിതാ സംരംഭകരുടെ ഈ സംഗമം കേരളത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വളർച്ചയിൽ നിർണായകമായ സ്വാധീനം ചെലുത്തും.

വനിത സംരംഭക കോൺക്ലേവ് ഉദ്ഘാടന ചടങ്ങിൽ തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി എസ് പ്രിൻസ് അധ്യക്ഷത വഹിച്ചു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ ബിന്ദു കോൺക്ലേവ് സന്ദർശിച്ച് സംരംഭകരുമായി ആശയ വിനിമയം നടത്തി. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എപിഎം മുഹമ്മദ് ഹനീഷ് മുഖ്യ പ്രഭാഷണം നടത്തി. വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ആനി ജ്യൂല തോമസ് IAS, വ്യവസായ വകുപ്പ് ഡയറക്ടർ പി വിഷ്ണുരാജ് IAS, കെഎസ്ഐഡിസി എക്സിക്യൂട്ടീവ് ഡയറക്ടർ ആർ ഹരികൃഷ്ണൻ ഐആർടിഎസ്, ബിപിടി എക്സിക്യൂട്ടീവ് ചെയർമാൻ കെ അജിത്കുമാർ, ഫിക്കി പ്രതിനിധി ജ്യോതി ദീപക് അശ്വനി തുടങ്ങിയവർ പങ്കെടുത്തു.



## കോൺക്ലേവിൽ ശ്രദ്ധേയമായി വയനാടിന്റെ ബാംബു ക്രാഫ്റ്റ്

തൃശൂർ: വയനാട്ടിലെ വനിതാ സംരംഭകരുടെ ബാംബു ക്രാഫ്റ്റ് എക്സിബിഷൻ കോൺക്ലേവിൽ വ്യത്യസ്തമായി. വയനാട് ജില്ലയിലെ മേപ്പാടി സ്വദേശികളായ സ്മിത, ഷൈലജ, പിണങ്ങോട് സ്വദേശി ഷീജ, ചൂരൽമലയിലെ സബിത, പനമരം സ്വദേശി ഷീന എന്നിവരാണ് വൈവിധ്യമാർന്ന മുള ഉല്പന്നങ്ങൾ അവതരിപ്പിച്ചത്. മുള കൊണ്ടുള്ള വീട്ടുപകരണങ്ങൾ, മുളയിൽ തീർത്ത ശില്പങ്ങൾ, ആഭരണങ്ങൾ, പേനകൾ, പെയിന്റിങ്ങുകൾ, സ്പീക്കറുകൾ എന്നിവയാണ് ഇവർ നിർമിക്കുന്നത്.

പ്രളയവും കോവിഡ് മഹാമാരിയും പ്രതിസന്ധി തീർത്ത ഇവരുടെ യൂണിറ്റുകളെ സംസ്ഥാന സർക്കാരിന്റെ കുടുംബശ്രീ ജില്ലാ മിഷൻ, ബാംബു മിഷൻ, ജില്ലാ വ്യവസായ കേന്ദ്രം എന്നീ സ്ഥാപനങ്ങളുടെ പിന്തുണ ഒരുപാട് സഹായിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്ന ബാംബു ഫെസ്റ്റിലും സരസ്സ് മേളകളിലും പങ്കെടുക്കാൻ ഈ വനിതകളെ സഹായിച്ചതും മേൽ സ്ഥാപനങ്ങളുടെ കൃത്യമായ ഏകോപനമാണ്. സരസ്സ് മേളകളിൽ പങ്കെടുക്കുമ്പോൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി വലിയ തോതിലുള്ള ഓർഡറുകൾ ലഭിക്കാറുണ്ടെന്ന് ഇവർ പറയുന്നു. ഗുണമേന്മ കൂടിയ മുള ഉൽപന്നങ്ങൾ ദീർഘകാലം ഈടു നിൽക്കുമെന്നതും ഇവരുടെ സംരംഭത്തെ സജീവമായി നിലനിർത്താൻ സഹായിക്കുന്ന ഒരു ഘടകമാണ്. വനിതാ സംരംഭകരെ ശാക്തീകരിക്കുന്നതിനായി സർക്കാർ നടത്തിയ ഏകദിന കോൺക്ലേവിൽ പങ്കെടുത്ത നിരവധി ആളുകളാണ് വയനാടിന്റെ ബാംബു ക്രാഫ്റ്റ് എക്സിബിഷൻ സന്ദർശിച്ചത്.





**എഴുമാവിൽ രവീന്ദ്രനാഥ്**

DEV SHROOM

Marketed by

GREEN ROOTS

A green initiative to reduce carbon foot print

# ദേവഗിരിയിലെ പെൺകരുത്ത്

ഭാരതത്തിന്റെ ഭാവി ഭാവനാസമ്പന്നരായ യുവതയിലാണ് എന്ന് പ്രഖ്യാപിച്ച മുൻ രാഷ്ട്രപതിയും പ്രമുഖ ശാസ്ത്രജ്ഞനും, ഗ്രന്ഥകാരനും, വാഗ്മിയുമായി ഡോ. എ പി ജെ അബ്ദുൽ കലാമിന്റെ വാക്കുകളാണ് മലബാറിലെ പ്രമുഖ വിദ്യാകേന്ദ്രമായ കോഴിക്കോട് ദേവഗിരി കോളേജിന്റെ അങ്കണത്തിൽ എത്തിയപ്പോൾ മനസ്സിലേക്ക് കടന്നുവന്നത്. കോഴിക്കോട് പണ്ട് മദിരാശി പ്രവിശ്യയുടെ കീഴിലായിരുന്നപ്പോഴാണ് കർമ്മലിതാസഭ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഈ സ്ഥാപനത്തിന് തുടക്കമിട്ടത്. അന്നത്തെ മദിരാശി ഗവർണർ ശ്രീപ്രകാശ് ഉദ്ഘാടനം ചെയ്ത കോളേജ് മദ്രാസ് യൂണിവേഴ്സിറ്റിയിൽ അഫിലിയേറ്റ് ചെയ്തിരുന്നു. ഐക്യ കേരളം പിറന്നതോടെ കേരള സർവ്വകലാശാലയിലേക്കും പിന്നീട് കാലിക്കറ്റ് സർവകലാശാലയിലേക്കും മാറിയ ഈ ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിൽ പത്ത് പി ജി കോഴ്സുകളും അഞ്ച് ഗവേഷണ കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു. അഖിലേന്ത്യാ റാങ്കിങ്ങിൽ 74-ാം സ്ഥാനമുള്ള ഈ കലാലയം പാഠ്യേതര പ്രവർത്തനങ്ങളിലും, പ്രത്യേകിച്ച് വിദ്യാർത്ഥികളിലെ സംരംഭകത്വ വികസനത്തിനും നൽകിവരുന്ന പ്രാധാന്യമാണ് ഈ ലേഖനത്തിന് ആധാരം.

2023 ലാണ് കോളേജിലെ ബോട്ടണി വിഭാഗം അഗ്രി ബിസിനസ് എന്ന ആശയത്തിന് തുടക്കമിടുന്നത്. നാല് ചുവരുകൾക്കുള്ളിൽ ആയാസരഹിതവും, എന്നാൽ അതീവ ശ്രദ്ധ വേണ്ടതുമായ പ്രോജക്ടുകളിലൂടെ വരുമാനമുണ്ടാക്കുന്ന മഷ് കൾച്ചർ എന്ന കൂൺ കൃഷിക്കാണ് വിദ്യാർത്ഥിനികൾ ഏറെ താൽപ്പര്യം



പ്രകടിപ്പിച്ചത്. പഠനത്തെ ബാധിക്കാതെയുള്ള ജോലി, വ്യത്യസ്ത മേഖലയിലെ ഗവേഷണം, പഠനത്തോടൊപ്പം വരുമാനമാർഗ്ഗം കണ്ടെത്തൽ തുടങ്ങിയ മൂന്നു ലക്ഷ്യങ്ങളായിരുന്നു മൂന്നാം വർഷം ബിരുദ വിദ്യാർത്ഥിനികൾക്കുണ്ടായിരുന്നത്. ഉൽപ്പന്നമെന്തെന്ന് തീരുമാനിച്ചതോടെ അതുമായി ബന്ധപ്പെട്ട പഠനമാണ് ആദ്യം അവർ ചെയ്തത്. കൂൺ കൃഷിയുടെ ഗുണങ്ങൾ, കൂണിന്റെ പ്രാധാന്യം, വിവിധയിനം കൂണുകൾ, അവയുടെ വിത്തുകളുടെ ലഭ്യത, അവ നടാനുള്ള തടമൊരുക്കൽ, പരിചരണം, അവയ്ക്കുള്ള ആഹാരം, രോഗകീട പ്രതിരോധം, വിളവെടുപ്പ്, പാക്കിംഗ്, വിപണനം, ബ്രാൻഡിംഗ് തുടങ്ങിയവയിലെല്ലാം അവർക്ക് മാർഗനിർദ്ദേശം നൽകിയത് അധ്യാപികയായ ഡോ. സൗമ്യ മുകേഷ്, വകുപ്പ് മേധാവി ഡോ. ബി സെബാസ്റ്റ്യൻ എന്നിവരായിരുന്നു. നവീന സംരംഭത്തിന് പൂർണ്ണപിന്തുണയുമായി പ്രിൻസിപ്പൽ ഫാ. ഡോ. ബിജു ജോസഫ്, അഡ്മിനിസ്ട്രേറ്റർ ഫാ. ഡോ. ബോണി അഗസ്റ്റിൻ എന്നിവരും ഒപ്പം ചേർന്നു.

കൂണിന്റെ ഗുണങ്ങളെപ്പറ്റി നമുക്കറിയാം. ഹൃദയത്തെ സംരക്ഷിക്കുകയും തലച്ചോറിലെ കോശങ്ങൾക്ക് പരിരക്ഷ നൽകുകയും അസ്ഥികൾക്ക് കരുത്ത് പകരുകയും ചെയ്യുന്ന കൂണുകൾ മധുരം, കൊഴുപ്പ് എന്നിവ ഒരു ശതമാനം പോലുമില്ലാത്ത ഭക്ഷ്യവസ്തുവാണ്. ആന്റിഓക്സിഡന്റുകളാൽ സമ്പുഷ്ടമായ ഈ അമൂല്യ ഭക്ഷണം രോഗ പ്രതിരോധശക്തി വർദ്ധിപ്പിക്കുന്നു. വിറ്റാമിൻ ബി, ഡി, പൊട്ടാസ്യം എന്നിവ അടങ്ങിയ കൂണുകൾ നാരുകളാൽ സമൃദ്ധമാണ്. സ്ഥിരമായി കൂണുകൾ ഭക്ഷണത്തിൽ ഉൾപ്പെടുത്തിയാൽ അർബുദത്തെ തടയാനും, യൗവനം നിലനിർത്താനും, പക്ഷാഘാതം ഒഴിവാക്കാനും സഹായിക്കും എന്ന് പഠനങ്ങൾ പറയുന്നു.





> നിങ്ങളുടെ ബിസിനസിന് ഒരു ഫ്ളാഗ്ഷിപ്പ് ബ്രാൻഡുണ്ടോ? നിങ്ങൾക്ക് ധാരാളം ഉൽപ്പന്നങ്ങൾ ഉണ്ടാവാം. പക്ഷേ അതിൽ ഒന്ന് നിങ്ങളുടെ ഫ്ളാഗ്ഷിപ്പ് ബ്രാൻഡാണ്. അതാണ്നിങ്ങളുടെ ബിസിനസിനെ നയിക്കുന്നത്.

അതിസങ്കീർണമാണ് കൂൺകൃഷി എന്ന ഒരു നാട്ടുവർത്തമാനമുണ്ട്. അതിൽ വാസ്തവമില്ലാതില്ല. എന്നാൽ അതീവ ശ്രദ്ധയോടെ നാം പല കൃഷികളും ഇവിടെ വിജയകരമായി ചെയ്തു വരുന്നു. ഓർക്കിഡ് ഒരുകാലത്ത് ആകാശ കുസുമമായിരുന്നു. എന്നാലിന്നോ? പതിനെണ്ണായിരം വമ്പൻ ഫാമുകളും ലക്ഷക്കണക്കിന് ചെറുകിട കൃഷിക്കാരും ഇന്ന് രംഗത്തുണ്ട്. ഡ്രാഗൺ ഫ്രൂട്ട് പോലെയുള്ള എക്സോട്ടിക് പഴവർഗങ്ങളുടെയും, വാനില പോലെയുള്ള സുഗന്ധവ്യഞ്ജനങ്ങളുടെയും, ഊദ് പോലെയുള്ള വിശിഷ്ട വൃക്ഷങ്ങളുടെയും കാര്യത്തിലും ഇതാണവസ്ഥ. ഏകാഗ്രതയോടെ ലക്ഷ്യബോധത്തോടെ നിശ്ചയദാർഢ്യത്തോടെ രംഗത്തിറങ്ങിയാൽ ഏതു സംരംഭവും വിജയിക്കുക തന്നെ ചെയ്യും. ഇത് തന്നെയാണ് ദേവഗിരി കോളേജിലെ പെൺകരുത്ത് തെളിയിക്കുന്നത്.



> ഈ സംശുദ്ധ ഉൽപ്പന്നങ്ങളെ ദേവ് മഷ്റൂം എന്ന ബ്രാൻഡിലാണ് വിപണിയിൽ എത്തിക്കുന്നത്. ഉൽപാദനം കൂട്ടാൻ ഹൈടെക് ഫാമുകൾ ഉപയോഗിക്കുന്ന തന്ത്രങ്ങൾ ഒന്നും തന്നെ ഇവിടെ അനുവർത്തിക്കുന്നില്ല.

മൂന്നാം വർഷ ബോട്ടണി ഡിഗ്രി വിദ്യാർഥികളുടെ സിലബസ്സിലാണ് മഷ് കൾച്ചർ ഉള്ളത്. ഏട്ടിലെ പശു പുല്ല് തിന്നുമോ എന്ന നേരിട്ട് അറിയാനുള്ള ശ്രമം കൂടിയാണ് കൂൺ കൃഷിക്ക് കാരണമായത്. ഉപയോഗരഹിതമായ ഇരുട്ട് മുറിയിലാണ് ആദ്യ പരീക്ഷണം. വൈക്കോൽ കൊണ്ടുള്ള ബെഡുകൾ തയ്യാറാക്കിയിരുന്നു കന്നികൃഷി. തുടക്കത്തിൽ 15 ബെഡ് ആയിരുന്നു തയ്യാറാക്കിയത്. അണുവിമുക്തമാക്കിയ ബെഡ് തിളച്ച വെള്ളത്തിൽ പുഴുങ്ങി 50 ശതമാനം ഈർപ്പം നിലനിർത്തിക്കൊണ്ടായിരുന്നു ആദ്യ പരീക്ഷണം. മൈസീലിയം അഥവാ കൂൺ മുളയ്ക്കുകയും വിളവ് കിട്ടുകയും ചെയ്യുമെങ്കിലും അധ്വാനത്തിന് തക്ക ആദായം ഉണ്ടായിരുന്നില്ല. തുടർന്നാണ് മഷ്റൂം പെല്ലറ്റ് മാധ്യമാക്കിയത്. ഇതിലേക്കുള്ള വിത്തുകൾ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസ് റിസർച്ചിൽ നിന്നാണ് വാങ്ങിയത്. ആദ്യം തെരഞ്ഞെടുത്ത മുറി വെന്റിലേഷൻ ഇല്ലാത്തതിനാൽ കൂണിന്റെ ഗുണമേന്മയിലും ആകൃതിയിലും നിറത്തിലുമൊക്കെ വ്യതിയാനമുണ്ടാക്കി. തുടർന്ന് സൗകര്യപ്രദമായ മറ്റൊരു മുറി ഇവർക്ക് വേണ്ടി മാനേജ്മെന്റ് സന്തോഷപൂർവ്വം നൽകി. ഇതോടെ ഉൽപാദനത്തിലും മികവുണ്ടായി. സുന്ദരികളായ പിങ്ക് കൂണുകളും ചിപ്പി കൂണുകളും പെല്ലറ്റിൽ തഴച്ചു വളർന്നു. 15ൽ നിന്ന് 94 ലേക്ക് ബെഡുകളുടെ എണ്ണവും വർദ്ധിച്ചു. ഒരു ബെഡിൽ നിന്നും ശരാശരി ഒരു കിലോഗ്രാം വരെ വിളവ് ലഭിക്കും. പെല്ലറ്റുകൾക്കുള്ള കൃത്യമായ ജലസേചനവും വിളവെടുപ്പുമെല്ലാം ഊഴം വെച്ചാണ് കുട്ടികൾ നിർവഹിച്ചു വരുന്നത്.

ഈ സംശുദ്ധ ഉൽപ്പന്നങ്ങളെ ദേവ് മഷ്റൂം എന്ന ബ്രാൻഡിലാണ് വിപണിയിൽ എത്തിക്കുന്നത്. ഉൽപാദനം കൂട്ടാൻ ഹൈടെക് ഫാമുകൾ ഉപയോഗിക്കുന്ന തന്ത്രങ്ങൾ ഒന്നും തന്നെ ഇവിടെ അനുവർത്തിക്കുന്നില്ല. വൈറ്റ് ഓയ്സ്റ്റർ (പ്ലൂറോട്ടസ് ഓസ്ട്രിയാറ്റസ്) പിങ്ക് ഓയ്സ്റ്റർ (പ്ലൂറോട്ടസ് ഡിജാമർ) എന്നിവയാണ് ഇവിടത്തെ താരങ്ങൾ. ഈ ഇനങ്ങൾക്ക് ഡിമാൻഡ് ഏറെയാണ്. തുടക്കത്തിൽ ദേവഗിരി ചാപ്പലിലും, സിഎംഐ സ്കൂളിലും, കോളേജിലുമായിരുന്നു വിപണനം. സുതാര്യമായ പാക്കിങ്ങിൽ സുന്ദരമായ ലേബലിൽ എത്തുന്ന കൂണുകൾ ഉപഭോക്താക്കളുടെ മനം നിറയ്ക്കുന്നു. ഇവർക്ക് എഫ് എസ് എസ് എ ഐ രജിസ്ട്രേഷനും ലഭിച്ചുകഴിഞ്ഞു.

കോളേജ് ഡെവലപ്മെന്റ് ഫണ്ടിൽ നിന്നുള്ള ധനസഹായം ഉപയോഗിച്ചാണ് മഷ് കൾച്ചർ ആരംഭിച്ചത്. വില്പനയിൽ നിന്ന് കിട്ടിയ ആദായം കൊണ്ട് അത് തിരിച്ചടച്ചു. മിച്ചമുള്ളത് പങ്കാളികൾക്കുള്ള പോക്കറ്റ് മണിയായി മാറി. ആദായത്തിലെ വിഹിതം ഉപയോഗിച്ച് കൂടുതൽ ബെഡുകൾ സ്ഥാപിച്ച് കൃഷി വിപുലീകരിക്കുകയും, സ്പോൺ സ്വയം നിർമ്മിക്കുകയും ചെയ്യാനാണ് ഇപ്പോൾ ബോട്ടണി വിഭാഗം ആലോചിക്കുന്നതെന്ന് വകുപ്പ് മേധാവി ഡോ. ബെൻസ് ബി സെബാസ്റ്റ്യനും കോ-ഓർഡിനേറ്റർ ഡോ. സൗമ്യയും പറഞ്ഞു. നിലവിൽ ഐഐഎസ് ആറിന്റെ അഗ്രി ബിസിനസ് ഇൻകുബേഷൻ സെന്ററാണ് ദാതാക്കൾ.

ദേവഗിരിയുടെ അഴകും ഇമേജും അഴകുറ്റ




പാക്കിങ്ങും ദേവ്മഷ്റൂമിന് കൂടുതൽ പ്രചാരമുണ്ടാകാൻ സഹായകമായി. ഈ മോഡൽ മറ്റ് കലാലയങ്ങൾക്കും മാതൃകയാക്കാവുന്നതാണ്. യുവ സംരംഭകരെ വാർത്തെടുക്കാനുള്ള കേരള സർക്കാരിന്റെ പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾ മാറണമെന്നാണ് വ്യവസായ വകുപ്പ് മന്ത്രി ആഗ്രഹിക്കുന്നത്. ഇവർക്ക് കൈത്താങ്ങാകാൻ വ്യവസായ വകുപ്പും തയ്യാറാണ്. ഇതിൽ താല്പര്യമുള്ളവർക്കായി ഒരു വിവരം കൂടി അറിയിക്കട്ടെ. കൂൺ കൃഷിയുടെ അനന്തസാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ രാജ്യമാകെ നടപ്പാക്കി വരുന്ന ആർ കെ വി വൈ (രാഷ്ട്രീയ കൃഷിവികാസ് യോജന) സ്പോൺസേർഡ് പ്രോഗ്രാമാണ് കൂൺ ഗ്രാമം. 60% കേന്ദ്രവും 40% സംസ്ഥാനവും ധനസഹായം നൽകുന്ന കൂൺഗ്രാമം പദ്ധതി അധ്വാനശീലരായ വനിതകൾക്ക് ഏറെ പ്രയോജനപ്പെടുത്താവുന്നതാണ്. അണുവിമുക്തമായ മുറികളിൽ കൃഷിയിറക്കിയും ശ്രദ്ധാപൂർവ്വം വിളവെടുത്ത് ആകർഷകമായി പാക്ക് ചെയ്തു വിപണിയിലെത്തിച്ചാൽ വാങ്ങുവാൻ ഉപഭോക്താക്കളേറെ. കൃത്യമായി വിപണനം ഉണ്ടാവുന്നില്ല എന്നാണ് വൻകിട സൂപ്പർമാർക്കറ്റ് വക്താക്കൾ പറയുന്നത്. ഉപഭോക്തൃ താൽപര്യം സംരക്ഷിക്കാനും ഷോപ്പുകളുടെ കൃത്യത ഉറപ്പാക്കാനും കൂൺ കൃഷി സംരംഭകർ ശ്രദ്ധ വെച്ചാൽ വിജയം ഉറപ്പ്. ഇക്കാര്യത്തിൽ വ്യവസായ വകുപ്പിന്റെ താലൂക്ക്, ജില്ലാതല ഓഫീസുകളിലെ വിദഗ്ധരുടെ സൗജന്യ സേവനം സംരംഭകർക്ക് പ്രയോജനപ്പെടുത്താം. സ്വാശ്രയത്വത്തിലൂന്നിയുള്ള സ്ത്രീ ശാക്തീകരണം എന്ന ലക്ഷ്യം നേടാൻ മഷ്റൂം കൾച്ചർ പോലെ മറ്റൊന്നില്ല.

ദേവഗിരിയിൽ നിന്നും പഠനം പൂർത്തിയാക്കി ഇറങ്ങുന്ന പെൺകുട്ടികൾക്ക് സ്വയം സംരംഭകരാകാനും വരുമാനം നേടാനും ദേവ് മഷ്റൂം പ്രോജക്ട് സഹായകമാകുന്നു എന്നതിൽ ഇതിന്റെ സാരഥികൾക്ക് ഏറെ സന്തോഷവും സംതൃപ്തിയും ഉണ്ട്.



കവർസ്റ്റോറി



ഡോ. സുധീർ ബാബു




# മികച്ച ബ്രാൻഡിംഗ് നിങ്ങളുടെ ബിസിനസിന്റെ തലവര മാറ്റും

**ഫ്ളാഗ്ഷിപ്പ്** (Flagship)

നിങ്ങൾ ന്യൂയോർക്ക് സന്ദർശിക്കുകയാണ്. അവിടെ സോഹോ നഗരത്തിലേക്ക് നിങ്ങൾ കടന്നു ചെല്ലുന്നു. നിങ്ങളെ അതിശയിപ്പിച്ചു കൊണ്ട് അഞ്ച് നിലകളിലായി അൻപതിനായിരം സ്ക്വയർ ഫീറ്റിൽ ഒരു കെട്ടിടം മുന്നിലതാ നിവർന്നു നിൽക്കുകയാണ്. അതിനകത്തേക്ക് നിങ്ങൾ പ്രവേശിക്കുന്നു. നിങ്ങൾക്കവിടെ ബാസ്ക്കറ്റ് ബോൾ കോർട്ടും ഫുട്ബാൾ കോർട്ടും കാണാം, കളിക്കാം. ട്രെഡ്മില്ലിൽ ഓടി നോക്കാം. അതെ ഇന്നുവരെ അനുഭവിക്കാത്ത കസ്റ്റമർ അനുഭവം ആ കെട്ടിടം നിങ്ങൾക്ക് നൽകും. നിങ്ങളുടെ ഓരോ ചലനവും ക്യാമറകൾ നിരീക്ഷിച്ച് ഒരു ആപ്ലിക്കേഷനിൽ സൂക്ഷിക്കും. ഏത് ഉൽപ്പന്നം വാങ്ങണം? തീരുമാനമെടുക്കാൻ ഈ ആപ്ലിക്കേഷൻ നിങ്ങളെ സഹായിക്കും.

ഈ കെട്ടിടം ലോകോത്തര ബ്രാൻഡായ നൈക്കിന്റെ (Nike) ഫ്ളാഗ്ഷിപ്പ് സ്റ്റോറാണ്. കസ്റ്റമർ അനുഭവങ്ങളെ വേറൊരു തലത്തിലെത്തിക്കുന്നു ഈ സ്റ്റോർ. നൈക്ക് എന്ന ബ്രാൻഡ് എന്താണ്? ചെറിയൊരു സ്റ്റോറിൽ നിന്നും ഒരു നൈക്ക് ഷൂ വാങ്ങുന്ന അനുഭവമല്ല ഈ സ്റ്റോർ നിങ്ങൾക്ക് നൽകുന്നത്. സ്റ്റോറിന്റെ വലുപ്പവും അതിൽ ഒരുക്കിയിരിക്കുന്ന സൗകര്യങ്ങളും നിങ്ങളുടെ ഭാവനകൾക്കും അപ്പുറമാണ്. അത് നിങ്ങളെ സ്തബ്ദരാക്കുന്നു, മറ്റൊരു ലോകത്തേക്ക് ആനയിക്കുന്നു.

ന്യൂയോർക്കിൽ തന്നെ ആപ്പിളിന്റെ (Apple) ഫ്ളാഗ്ഷിപ്പ് സ്റ്റോർ നിങ്ങൾക്ക് കാണാം. നിങ്ങൾക്കായി നിറയെ അത്ഭുതങ്ങൾ ഒരുക്കിവെച്ചിരിക്കുന്ന ഒരിക്കലും ഉറങ്ങാത്ത ഈ സ്റ്റോർ ഭൂമിക്കടിയിലാണ് സ്ഥിതിചെയ്യുന്നത്. ലോകം മുഴുവനുമുള്ള ആപ്പിൾ സ്റ്റോറുകളിൽ നിന്നൊക്കെ ഇത് വ്യത്യസ്തമാകുന്നു. ആഗോള ബ്രാൻഡുകൾ ഇത്തരം ഫ്ളാഗ്ഷിപ്പ് സ്റ്റോറുകൾ സ്ഥാപിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുന്നു. കാരണം അവരുടെ ബ്രാൻഡ് തന്ത്രത്തിൽ ഇത് അത്രയേറെ പ്രധാനപ്പെട്ടതാണ്. വലുപ്പത്തിൽ മാത്രമല്ല കസ്റ്റമറിൽ സ്വാധീനം ചെലുത്തുവാനും

മതിപ്പുളവാക്കുവാനും സാധിക്കുന്ന അതിസുന്ദരമായ റീറ്റെയിൽ സ്റ്റോറുകളാണ് ഇതിനായി മികച്ച ബ്രാൻഡുകൾ ഒരുക്കുക.

സമയം ചെലവഴിച്ച് ഷോപ്പിംഗ് ആനന്ദകരമാക്കുവാൻ എത്തുന്ന ഉപഭോക്താക്കളെയാണ് ഫ്ളാഗ്ഷിപ്പ് സ്റ്റോറുകൾ ലക്ഷ്യംവെക്കുന്നത്. വന്ന് ഉൽപ്പന്നം വാങ്ങി എത്രയും വേഗം തിരിച്ചു പോരുവാനല്ല ഉപഭോക്താവ് ശ്രമിക്കുന്നത്. ഷോപ്പിംഗ് എന്നും ഓർമ്മിക്കാവുന്ന ഒരനുഭവമാക്കുവാൻ അവർ ആഗ്രഹിക്കുന്നു. ഫ്ളാഗ്ഷിപ്പ് സ്റ്റോർ ബ്രാൻഡിന്റെ ശക്തിയും വ്യക്തിത്വവും വിളിച്ചോതുന്നു.

കമ്പനികൾക്ക് ഫ്ളാഗ്ഷിപ്പ് സ്റ്റോറുകൾ മാത്രമല്ല ഫ്ളാഗ്ഷിപ്പ് ബ്രാൻഡുകളും ഉണ്ടാകും. കമ്പനിയുടെ ഏറ്റവും പ്രധാനപ്പെട്ട ഉൽപ്പന്നമോ സേവനമോ ആയിരിക്കും അതിന്റെ ഫ്ളാഗ്ഷിപ്പ് ബ്രാൻഡ്. സ്പോർട്സ് ഷൂസ് ആണ് നൈക്കിന്റെ ഫ്ളാഗ്ഷിപ്പ് ബ്രാൻഡ്. ഐ ഫോൺ ആപ്പിളിന്റെ ഫ്ളാഗ്ഷിപ്പ് ബ്രാൻഡാകുന്നു. നെസ്‌ലെ എടുത്താൽ മാഗ്ഗി നൂഡിൽസും മൈക്രോസോഫ്റ്റ് എടുത്താൽ വിൻഡോസ് ഓപ്പറേറ്റിങ് സിസ്റ്റവും ഫ്ളാഗ്ഷിപ്പ് ബ്രാൻഡുകളാകുന്നു.

വളരെ പ്രശസ്തമായ, തന്ത്രപ്രധാനമായ അല്ലെങ്കിൽ ഏറ്റവും കൂടുതൽ തിരക്കുള്ള ഇടങ്ങളിലാവും കമ്പനികൾ തങ്ങളുടെ ഫ്ളാഗ്ഷിപ്പ് സ്റ്റോറുകൾ സ്ഥാപിക്കുക. തങ്ങളുടെ തന്നെ മറ്റൊരു സ്റ്റോറിലും ലഭിക്കാത്ത അത്യസാധാരണമായ അനുഭവങ്ങളും അവർ ഉപഭോക്താക്കൾക്കായി ഒരുക്കുന്നു. നവീനങ്ങളായ ഉൽപ്പന്നങ്ങളും അവയുടെ കണ്ണഞ്ചിപ്പിക്കുന്ന ഡിസ്പ്ലേയും ഉപഭോക്താക്കൾക്കായി കരുതിവെക്കുന്നു. നിങ്ങൾ വാങ്ങുന്ന ബ്രാൻഡിനെ കുറിച്ച് നിങ്ങൾ അഭിമാനം കൊള്ളും അതിനെ നിങ്ങൾ നെഞ്ചോട് ചേർത്തു വെക്കും.

നിങ്ങളുടെ ബിസിനസിന് ഒരു ഫ്ളാഗ്ഷിപ്പ് ബ്രാൻഡുണ്ടോ? നിങ്ങൾക്ക് ധാരാളം ഉൽപ്പന്നങ്ങൾ ഉണ്ടാവാം. പക്ഷേ അതിൽ ഒന്ന് നിങ്ങളുടെ ഫ്ളാഗ്ഷിപ്പ് ബ്രാൻഡാണ്. അതാണ് നിങ്ങളുടെ ബിസിനസിനെ നയിക്കുന്നത്. നിങ്ങൾക്ക് ധാരാളം സ്റ്റോറുകൾ ഉണ്ടാകാം. പക്ഷേ നിങ്ങൾക്കൊരു ഫ്ളാഗ്ഷിപ്പ് സ്റ്റോറുണ്ടോ? തന്ത്രപ്രധാനമായ സ്ഥലത്തുള്ള ഫ്ളാഗ്ഷിപ്പ് സ്റ്റോറിന് നിങ്ങളുടെ ബ്രാൻഡിനെ മറ്റൊരു തലത്തിലേക്ക് ഉയർത്തുവാൻ കഴിയും.

## സ്ഥിരതയുള്ള ബ്രാൻഡ് (Brand Consistency)

നിങ്ങൾ കൊക്കകോളയുടെ ആരാധകനാണെന്ന് കരുതുക. കൊക്കകോളയുടെ രുചി നിങ്ങൾ വളരെയധികം ഇഷ്ടപ്പെടുന്നു. എത്രയോ വർഷങ്ങളായി നിങ്ങൾ കൊക്കകോള ഉപയോഗിക്കുന്നു. ഒരേ രുചിയിൽ, ഒരേ മേന്മയിൽ കൊക്കകോള ലഭിക്കുന്നു. അതിൽ നിങ്ങൾ സന്തുഷ്ടനാണ്. ഓരോ തവണയും കൊക്കകോള നുണയുമ്പോൾ നിങ്ങൾക്കറിയാം അത് നൽകുന്നത് വർഷങ്ങളായി ഒരേ അനുഭവമാണെന്ന് (Experience).

ഒരിക്കൽ കൊക്കകോളയ്ക്ക് വലിയൊരു അബദ്ധം പറ്റി. വർഷങ്ങളായി പിന്തുടരുന്ന ഫോർമുല മാറ്റുവാൻ അവർ തീരുമാനിച്ചു. അതിനായി പുതിയൊരു ശീതള പാനീയം (Soft Drink) വികസിപ്പിച്ചെടുത്തു. ഇരുപതിനായിരത്തോളം ആളുകൾക്ക് ഇത് കുടിക്കുവാൻ നൽകി അഭിപ്രായം ആരാഞ്ഞു. “അതി ഗംഭീരം’’ രുചി പരിശോധനയിൽ പുതിയ കോക്ക് ഒറിജിനൽ കോക്കിനെക്കാളും എതിരാളിയായ പെപ്സിയെക്കാളും ഉയർന്ന അഭിപ്രായം നേടി. തുടർന്ന് കൊക്കകോള തങ്ങളുടെ ഒറിജിനൽ കോക്ക് നിർത്തലാക്കി പകരം പുതിയ കോക്ക് (New Coke) വിപണിയിലെത്തി.

**നിങ്ങളുടെ ബിസിനസിന് ഒരു ഫ്ളാഗ്ഷിപ്പ് ബ്രാൻഡുണ്ടോ? നിങ്ങൾക്ക് ധാരാളം ഉൽപ്പന്നങ്ങൾ ഉണ്ടാവാം. പക്ഷേ അതിൽ ഒന്ന് നിങ്ങളുടെ ഫ്ളാഗ്ഷിപ്പ് ബ്രാൻഡാണ്. അതാണ് നിങ്ങളുടെ ബിസിനസിനെ നയിക്കുന്നത്.**

കോക്കിന്റെ ആരാധകർ രോഷാകുലരായി. പുതിയ കോക്ക് മികച്ചതായിരിക്കാം. പക്ഷേ ഞങ്ങൾക്ക് പഴയ കോക്ക് തന്നെ വേണം. അവരുടെ ആവശ്യം വളരെ വ്യക്തമായിരുന്നു. പുതിയ കോക്ക് അടിപൊളിയായിരുന്നു, സംശയമില്ല എന്നാലത് വിപണിയിൽ ദയനീയ പരാജയമായി മാറി. കൊക്കകോളയുടെ വിൽപ്പന തകർന്നു. മൂന്നേ മൂന്നു മാസം അതിനുള്ളിൽ പഴയ കോക്ക് തിരികെയെത്തിച്ച് കൊക്കകോള മുഖം രക്ഷിച്ചു.


ഉപഭോക്താക്കൾ ഉൽപ്പന്നത്തിന്റെ സ്ഥിരതയ്ക്ക് വലിയ വില നൽകുന്നു. ഓരോ തവണയും ഉൽപ്പന്നം വാങ്ങുമ്പോഴും വ്യത്യസ്ത രുചിയാണെങ്കിലോ. അതുപോലൊരു ദുരന്തം വേറെയുണ്ടാവാനില്ല. നിങ്ങൾക്കൊരു സോപ്പ് ഇഷ്ടമാണ്. അതിന്റെ ഗന്ധം നിങ്ങളെ ഭ്രമിപ്പിക്കുന്നു. ആ ഗന്ധം ആസ്വദിക്കാനും ആ ഗന്ധത്തിൽ നിങ്ങളുടെ ശരീരത്തെ പൊതിയാനും നിങ്ങൾ ആ ബ്രാൻഡ് സോപ്പ് വാങ്ങുന്നു. എന്നാൽ ഓരോ തവണ വാങ്ങുമ്പോഴും ഗന്ധത്തിലും മേന്മയിലും (Quality) വ്യത്യാസങ്ങൾ ഉണ്ടെങ്കിലോ? നിങ്ങൾ ആ ബ്രാൻഡ് ഉപേക്ഷിക്കും.

കടയിലേക്ക് കയറിച്ചെല്ലുമ്പോൾ നിങ്ങളൊരു ടീഷർട്ട് കാണുന്നു. അതിൽ ഒരു ടിക്ക് മാത്രം. ബ്രാൻഡിന്റെ പേരൊന്നും ദൃശ്യമല്ല. എങ്കിലും നിങ്ങൾക്ക് ഒറ്റ നോട്ടത്തിൽ തന്നെ ബ്രാൻഡ് തിരിച്ചറിയാൻ സാധിക്കുന്നു. നൈക്ക് (Nike) ബ്രാൻഡാണ് അതെന്ന് നിങ്ങൾക്ക് ആരും പറഞ്ഞു തരേണ്ട ആവശ്യമില്ല. എത്രയോ വർഷങ്ങളായി നിങ്ങൾ ഈ ടിക്ക് കാണുന്നു. മനസ്സിൽ അത് പതിഞ്ഞു കഴിഞ്ഞു. നാളെ നൈക്ക് അവരുടെ ലോഗോ മാറ്റുകയാണ് എന്ന് കരുതുക. എത്ര പേർക്ക് അത് തിരിച്ചറിയുവാൻ സാധിക്കും.

ബ്രാൻഡിന്റെ വ്യക്തിത്വം രൂപീകരിക്കപ്പെടുന്നത് അനേക വർഷങ്ങളുടെ പരിശ്രമത്താലാണ്. വീഡിയോയിൽ ഒരു പരസ്യം കണ്ടു തുടങ്ങുമ്പോൾ തന്നെ നിങ്ങൾക്ക് മനസ്സിലാകുന്നു. ഇത് കൊക്കകോളയുടെ പരസ്യമാണ്. കൊക്കകോളയുടെ പേരോ ഒരു ബോട്ടിലോ പരസ്യത്തിൽ കാണിച്ചു തുടങ്ങിയിട്ടില്ല അതിനു മുൻപേ നിങ്ങൾ എന്തിന്റെ പരസ്യമാണതെന്ന് തിരിച്ചറിയുന്നു. അതേ, ചുവന്ന നിറവും കൊക്കകോളയുമായി നിങ്ങളുടെ മനസ്സ് ബന്ധപ്പെടുത്തിക്കഴിഞ്ഞു. ആ കളർ തീം കാണുമ്പോൾ തന്നെ നിങ്ങൾ ബ്രാൻഡ് തിരിച്ചറിയുന്നു.

ബ്രാൻഡിന്റെ സ്ഥിരതയാണ് (Brand Consistency) ഉപഭോക്താവിനെ ബ്രാൻഡിലേക്ക് ആകർഷിക്കുന്നതും ബന്ധിപ്പിക്കുന്നതും. സ്ഥിരത എന്നത് കേവലം ഒരേ ലോഗോയും നിറവും ദീർഘകാലം ഉപയോഗിക്കുക എന്നത് മാത്രമല്ല. ഉപഭോക്താവിന്റെ




അനുഭവം (Customer Experience) കൂടി അതീവ പ്രസക്തമാകുന്നു. എന്ത് മൂല്യമാണ് (Value) ബ്രാൻഡ് നൽകുന്നത് അതിൽ ഉപഭോക്താവിന്റെ വിശ്വാസവും കൂടി നേടിയെടുക്കേണ്ടതുണ്ട്. സ്ഥിരതയുള്ള ബ്രാൻഡിന് സൽപ്പേരും അതിവേഗതയിലുള്ള വളർച്ചയും സ്വന്തമാക്കുവാൻ സാധിക്കും.

## ഓമ്നിചാനൽ മാർക്കറ്റിംഗ്

(Omnichannel Marketing)

നിങ്ങൾ യാത്രയിലാണ്. രാത്രിയിൽ തങ്ങാൻ നിങ്ങൾ ഹോട്ടലിൽ മുറിയെടുക്കുന്നു. കിടക്കുമ്പോൾ നിങ്ങൾക്ക് കട്ടിയുള്ള തലയിണകൾ (Hard Pillows) ഉപയോഗിക്കുവാനാണ് ഇഷ്ടം. നിങ്ങളത് ആവശ്യപ്പെടുകയും ഉടനെ തന്നെ ഹോട്ടൽ നിങ്ങൾക്കത് നൽകുകയും ചെയ്യുന്നു. പിന്നീട് ആ ഹോട്ടൽ ചെയിനിന്റെ ലോകത്തെവിടെയുമുള്ള ഹോട്ടലുകളിൽ താമസിക്കുമ്പോൾ നിങ്ങൾ ആവശ്യപ്പെടാതെ തന്നെ കട്ടിയുള്ള തലയിണകൾ അവർ നിങ്ങൾക്കായി മുറിയിൽ ഒരുക്കിവെയ്ക്കുന്നു.

നിങ്ങൾക്കൊരു കാർ വാങ്ങണം. നിങ്ങൾ ഷോറൂമിൽ എത്തുന്നു. നിങ്ങൾ തിരഞ്ഞെടുക്കുന്ന വാഹനത്തിൽ ടെസ്റ്റ് ഡ്രൈവ് നടത്തുന്നു. എന്നാൽ നിങ്ങൾ ആ വാഹനം വാങ്ങുവാൻ തീരുമാനം എടുത്തിട്ടില്ല. നിങ്ങൾ തിരികെ പോരുന്നു. എന്നാൽ ആ നിമിഷം തൊട്ട് നിങ്ങൾ കാണുന്ന ഡിജിറ്റൽ

മീഡിയയിലൊക്കെ ആ കാറിന്റെ പരസ്യം നിങ്ങളെത്തേടിയെത്തുന്നു.

ആദ്യം കാർ ടെസ്റ്റ് ഡ്രൈവ് നടത്തിയ ഷോറൂമിലെ വിൽപ്പനക്കാരൻ നിങ്ങൾക്കൊരു വില തന്നിരുന്നു. എന്നാൽ ആ വിലയിൽ നിങ്ങൾ തൃപ്തനായിരുന്നില്ല. അതിനാൽ നിങ്ങൾ അവരുടെ തന്നെ മറ്റൊരു ഷോറൂം സന്ദർശിക്കുന്നു. അവിടെ മറ്റൊരു വിൽപ്പനക്കാരൻ നിങ്ങളെ സ്വീകരിക്കുന്നു. എന്നാൽ ആദ്യത്തെ ഷോറൂമിൽ നിങ്ങൾക്ക് ലഭിച്ച വിലയുടെ കൃത്യമായ വിവരം അയാൾക്കറിയാം. നിങ്ങൾ അയാളെ ബന്ധപ്പെടുന്ന നിമിഷം തന്നെ അയാൾക്ക് ആ വിവരം അവരുടെ നെറ്റ്‌വർക്കിലൂടെ ലഭിക്കുന്നുണ്ട്. ആദ്യത്തെ ഓഫറിനെക്കാൾ കുറച്ചു കൂടി മെച്ചപ്പെട്ട ഒന്ന് അയാൾ നിങ്ങൾക്ക് നൽകുന്നു. അതിഷ്ടപ്പെട്ട നിങ്ങൾ കാർ ബുക്ക് ചെയ്യുന്നു.

നിങ്ങളെക്കുറിച്ച് ബിസിനസിന് ലഭിക്കുന്ന വിവരങ്ങൾ അതിവേഗം അവരുടെ സംവിധാനങ്ങളിലൂടെ സഞ്ചരിക്കുന്നു. നിങ്ങളുടെ അഭിരുചികൾ എന്തൊക്കെയാണ്? നിങ്ങൾ ഏത് തരം ഉൽപ്പന്നങ്ങളാണ് തിരയുന്നത്? നിങ്ങൾ ഉദ്ദേശിക്കുന്ന വില എന്താണ്? എന്നിങ്ങനെ നിങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ എല്ലാം വ്യത്യസ്ത ചാനലുകളിലൂടെ പങ്കുവെയ്ക്കപ്പെടുന്നു. ഷോപ്പുകൾ, വെബ്സൈറ്റ്, മൊബൈൽ ആപ്ലിക്കേഷൻ, ടെലിഫോൺ, സോഫ്റ്റ് വെയർ എല്ലാം ഇതിനായി ഉപയോഗപ്പെടുത്തുന്നു.

ഓമ്നിചാനൽ മാർക്കറ്റിംഗിൽ (Omnichannel Marketing) ഉപഭോക്താക്കളുടെ ഡാറ്റ വ്യത്യസ്ത സംവിധാനങ്ങളിലൂടെ സംയോജിപ്പിച്ച് ബിസിനസിനായി ഉപയോഗപ്പെടുത്തുന്നു. ബിസിനസുകളുടെ എല്ലാ ടച്ച് പോയിന്റുകളേയും ഇതിനായി സംയോജിപ്പിക്കുന്നു. ഒരു ഷോറൂമിൽ വരുന്ന ഉപഭോക്താക്കളുടെ അന്വേഷണങ്ങൾ മറ്റ് ഷോറൂമുകളിൽ അറിയാൻ സാധിക്കുന്നു. ഉപഭോക്താവ് കടന്നു വരുമ്പോൾ തന്നെ അയാളുടെ ഡാറ്റ ബിസിനസ് എക്സിക്യൂട്ടീവിന് അറിയാനാകുന്നു.

വിവരങ്ങളുടെ ഈ പങ്കിടൽ ബിസിനസിന് ശക്തി നൽകുന്നു. ഓരോ ഉപഭോക്താവും എത്ര പ്രധാനമുള്ളതാണെന്ന് തിരിച്ചറിയുന്ന ബിസിനസുകൾക്ക് അവർ നഷ്ടപ്പെടുന്നത് അത്ര ഇഷ്ടമുള്ള കാര്യമല്ല. ഉപഭോക്താവിന്റെ ഇഷ്ടങ്ങളെ തിരിച്ചറിയുകയും അവ പിന്തുടരുകയും ചെയ്യാൻ അവർ ഡാറ്റ ഉപയോഗിക്കുന്നു.

നിങ്ങൾ ഒരു ഷോപ്പിലേക്ക് കടന്നു ചെല്ലുന്നു. അവിടെ സെയിൽസ് എക്സിക്യൂട്ടീവുകൾ കയ്യിൽ ഐ പാഡുകളുമായി നിങ്ങളെ സ്വീകരിക്കുന്നു. നിങ്ങൾ തിരയുന്ന ഉൽപ്പന്നങ്ങളെക്കുറിച്ചുള്ള കൃത്യമായ, ഏറ്റവും പുതിയ അറിവുകൾ അവർ നിങ്ങൾക്ക് നൽകുന്നു. ബിൽ ചെയ്യുവാനും അവർ ഈ ഐ പാഡ് ഉപയോഗിക്കുന്നു. നിങ്ങൾ ഷോപ്പിൽ അന്വേഷിക്കുന്ന ഒരു ഉൽപ്പന്നം ലഭിക്കുന്നില്ല എന്നിരിക്കട്ടെ ഉടനെതന്നെ അവർ ആ ഉൽപ്പന്നം ഓൺലൈനിൽ നിങ്ങൾക്കായി അപ്പോൾത്തന്നെ ഓർഡർ ചെയ്യുന്നു.

അതെ, ഉപഭോക്താക്കളുടെ അനുഭവങ്ങളിൽ വ്യത്യസ്തതകൾ സൃഷ്ടിക്കുവാൻ ഓമ്നിചാനൽ മാർക്കറ്റിംഗിന് (Omnichannel Marketing) സാധിക്കും. ഇതിലൂടെ വിൽപ്പന ഉയരും. ഈ തന്ത്രം ഉപയോഗിക്കുമ്പോൾ ഉപഭോക്താക്കളുടെ സ്വകാര്യത സംരക്ഷിക്കുവാൻ കൂടി ബിസിനസുകൾ ശ്രദ്ധിക്കണം.





ഇന്ദു കെ. പി

# ലബോറട്ടറി സേവനമേഖലയിൽ ‘റാഹാ’യുടെ വിജയഗാഥ

തൃശൂർ ജില്ലയിലെ വടക്കേക്കാടിന്റെ ഗ്രാമാന്തരീക്ഷത്തിൽ നിന്നുയർന്ന “റാഹാ ഡയഗ്നോസ്റ്റിക്സ്” ഇന്ന് കേരളത്തിലെ ആരോഗ്യരംഗത്ത് കരുതലിന്റെയും പ്രതിജ്ഞയുടെയും പ്രതീകമായി മാറിയിരിക്കുന്നു, ഒരു സ്ത്രീയുടെ മനസ്സിൽ നിന്നും പിറന്ന, ജീവിതപാഠങ്ങളാൽ രൂപം കൊണ്ട വിജയകഥയായി. ‘റാഹാ’ എന്ന അറബി പദത്തിന് അർത്ഥം കരുതൽ എന്നതാണ്. അതുതന്നെയാണ് ഈ സ്ഥാപനത്തിന്റെ ആത്മാവും അടിത്തറയുമെന്നു സംരംഭക ടിന ജസ്റ്റിൻ പറയുന്നു. രോഗികളോടുള്ള കരുതലും കൃത്യമായ പരിശോധനാഫലങ്ങൾ നൽകാനുള്ള പ്രതിബദ്ധതയും റാഹായുടെ അടിസ്ഥാന മൂല്യങ്ങളാണ്.

പതിനെട്ടാം വയസ്സിൽ വിവാഹിതയായി ഭർത്താവ് ജസ്റ്റിനൊപ്പം ഗൾഫിലേക്കു പോയ ടിന, കുടുംബജീവിതത്തിലും പ്രവാസജീവിതത്തിലും മുഴുകിയിരുന്നപ്പോഴും പഠിക്കാനും മുന്നോട്ട് പോകാനും ഉള്ള ആഗ്രഹം ഒരിക്കലും മായ്ച്ചുകളഞ്ഞില്ല. രണ്ടാമത്തെ മകൻ ജനിച്ച ശേഷം മാർ അത്താണിയോസ് കോളേജിൽ നിന്ന് മൈക്രോബയോളജിയിൽ പോസ്റ്റ് ഗ്രാജ്വേഷൻ നേടിയ അവൾ, റീജിയണൽ കാൻസർ സെന്ററിൽ നിന്നും ലഭിച്ച

RAHA®
DIAGNOSTICS

**‘റാഹാ’ എന്ന അറബി പദത്തിന് അർത്ഥം കരുതൽ എന്നതാണ്. അതുതന്നെയാണ് ഈ സ്ഥാപനത്തിന്റെ ആത്മാവും അടിത്തറയുമെന്നു സംരംഭക ടിന ജസ്റ്റിൻ പറയുന്നു. രോഗികളോടുള്ള കരുതലും കൃത്യമായ പരിശോധനാഫലങ്ങൾ നൽകാനുള്ള പ്രതിബദ്ധതയും റാഹായുടെ അടിസ്ഥാന മൂല്യങ്ങളാണ്.**






ട്രെയിനിംഗ് വഴി ഈ മേഖലയിലേക്കുള്ള താൽപര്യം കൂടുതൽ ശക്തമാക്കി.

എന്നാൽ പതിനാലുവർഷത്തെ പ്രവാസ ജീവിതത്തിനിടയിൽ, 2019-ലെ കോവിഡ് മഹാമാരി എല്ലാം മാറ്റിമറിച്ചു. ഭർത്താവിന്റെ ജോലി നഷ്ടപ്പെട്ടു, മൂന്നു മക്കളുമായി നാട്ടിലേക്ക് മടങ്ങേണ്ടിവന്നു. അതായിരുന്നു ജീവിതത്തിലെ ഏറ്റവും കടുത്ത യാഥാർത്ഥ്യങ്ങളിലൊന്ന്. “സ്വന്തമായി ഒരു വരുമാനം വേണം'' എന്ന ചിന്തയിലൂടെ, തന്റെ കരുത്ത് തിരിച്ചറിയാനുള്ള യാത്ര തുടങ്ങുകയായിരുന്നു അന്ന്.

മൈക്രോബയോളജിയിൽ ബിരുദാനന്തരബിരുദം നേടിയിട്ടും ഇടവേളയുള്ളതിനാൽ പല സ്ഥലങ്ങ ളിലും ജോലി ലഭിച്ചില്ല. പല സ്ഥലങ്ങളിൽ അഭിമുഖ ങ്ങൾ നേരിട്ടെങ്കിലും, ഒടുവിൽ ഒരു സ്ഥാപനത്തിൽ നിന്നു ലഭിച്ച അപമാനകരമായ പ്രതികരണം ടിനയെ തകർക്കാനല്ല, ഉണർത്താനായിരുന്നു പ്രയോജന പ്പെട്ടത്. കണ്ണുനീരോടെ പുറത്തെത്തിയ ടിന, ഓട്ടോ യിൽ മടങ്ങുന്ന വഴിയിലായിരുന്നു ജീവിതം മാറ്റിമറിച്ച ആ തീരുമാനം എടുത്തത് ‘ഇനി ഒരിക്കലും ജോലിക്ക് വേണ്ടി ആരുടെയും മുന്നിലേക്കു പോകില്ല. ഞാൻ തന്നെയാണ് എന്റെ അവസരം സൃഷ്ടിക്കുക!'' പിന്നീടങ്ങോട്ട് വിശ്രമമില്ലാത്ത നാളുകൾ. സ്ഥാപന മാരംഭിക്കുന്നതിന്റെ തയ്യാറെടുപ്പിനിടെ, ടിനയ്ക്ക് ഏറ്റവും വലിയ പ്രചോദനമായത് തൃശൂർ



പോളിക്ലിനിക്കിലെ മോഹനൻ സാറിന്റെ ഉപ ദേശങ്ങൾ ആയിരുന്നു.

“ഒരു മെഡിക്കൽ സംരംഭം മുന്നോട്ടുപോകണ മെങ്കിൽ വരുമാനം മാത്രം നോക്കരുത്, സേവനം പ്രധാനമാക്കണം. നമ്മുടെ മുന്നിലെത്തുന്ന ഓരോ സാമ്പിളും ഒരു വിലപ്പെട്ട മനുഷ്യജീവിതമാണ്. കൃത്യത ഉറപ്പാക്കാൻ ഓരോ പരിശോധനയും രണ്ട് തവണ സ്ഥിതീകരിക്കണം. രോഗികളോടുള്ള സമീപനം സൗമ്യമായിരിക്കണം അത് തന്നെയാണ്



അവർക്കുള്ള വലിയ ആശ്വാസം.'' ഈ വാക്കുകൾ ടിനയുടെ മനസ്സിൽ ദീപസ്തംഭമായി. അവളുടെ സംരംഭത്തിന്റെ ധാർമ്മിക അടിത്തറയും സേവന തത്വവും അതിലൂടെയാണ് പിറന്നത്.

"റാഹായിലെ ഓരോ പരിശോധനയും ഞാൻ രണ്ടുതവണ ഉറപ്പാക്കും കാരണം അതിനുള്ളിൽ ഒരു ജീവിതം തന്നെയുണ്ട്,'' ടിന അഭിമാനത്തോടെ പറയുന്നു. ഭർത്താവ് ജസ്റ്റിന്റെ ഉറച്ച പിന്തുണയോടെ, 2020-ലെ കേരള പിറവി ദിനത്തിൽ, വടക്കേക്കാട്ടിൽ രണ്ട് ടെക്നീഷ്യന്മാരോടൊപ്പം "റാഹാ ഡയഗ്നോസ്റ്റിക്സ്'' ആരംഭിച്ചു. വീടുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് ഗ്രാമപ്രദേശങ്ങളിലെ ജനങ്ങൾക്ക് നഗരനിലവാരത്തിലുള്ള ലാബ് സേവനം നൽകുക എന്നതായിരുന്നു ലക്ഷ്യം. കൃത്യതയും സേവന ബോധവുമാണ് റാഹായെ വളർത്തിയത്. വിശ്വാസത്തിന്റെ പേരിൽ, 2022-ൽ പഴഞ്ഞിയിലും, 2023-ൽ എടക്കരയിലും 2024 വട്ടേപ്പാടത്തും പുതിയ ബ്രാഞ്ചുകൾ ആരംഭിച്ചു.

NABL M(EL)T, ISO അംഗീകാരം നേടിയ റാഹാ ഡയഗ്നോസ്റ്റിക്സ്, ബയോകെമിസ്ട്രി, ഹെമറ്റോളജി, മൈക്രോബയോളജി, ക്ലിനിക്കൽ പത്തോളജി തുടങ്ങിയ മേഖലകളിൽ ഇൻഹൗസ് ടെസ്റ്റുകൾ നടത്തുന്നു. റാഹായിലെത്തുന്ന രോഗികൾ ടെസ്റ്റുകൾക്കായി പല ലാബുകളും കയറിയിറങ്ങേണ്ടതില്ല. "റാഹാ കെയേഴ്സ്'' എന്ന പേരിൽ കാൻസർ, ഡയാലിസിസ് രോഗികൾക്ക് വിലക്കുറവിൽ പരിശോധനാ സേവനങ്ങൾ നൽകുന്നുവെന്നത് ഈ സ്ഥാപനത്തിന്റെ സാമൂഹ്യ പ്രതിബദ്ധത തെളിയിക്കുന്നു.

ഇന്ന് റാഹായിൽ 31 പേർ ജോലി ചെയ്യുന്നു - അതിൽ 90% സ്ത്രീകളാണ്. ടിനയുടെ വാക്കുകളിൽ. "എന്റെ സ്വപ്നം തിരിച്ചറിയുന്ന എന്റെ സ്റ്റാഫുകൾ തന്നെയാണ് റാഹായുടെ യഥാർത്ഥ കരുത്ത് ഒപ്പം ഞങ്ങളോടൊപ്പമുള്ള കസ്റ്റമേഴ്സ് തന്നെയാണ് ഞങ്ങളുടെ യഥാർത്ഥ അംബാസിഡേഴ്സ് .'' റാഹായുടെ വിജയത്തിന് പിന്നിൽ തൃശൂർ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെയും താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസിന്റെയും നിർണായക പങ്കുണ്ട്. 'തൃശൂർ ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് സെന്റർ എനിക്ക് ഒരു ഓഫീസ് മാത്രമല്ല, എന്റെ



> **''വിജയം വിദേശത്തല്ല, കരുത്തുറ്റ മനസ്സിലാണുള്ളത്. കരുതലും സേവനവും ചേർന്നാൽ, ഓരോ സ്വപ്നവും സമൂഹത്തിന്റെ ആരോഗ്യമാകാം.'' കേരളം സ്ത്രീ സംരംഭക സൗഹൃദ സംസ്ഥാനമാണെന്നും, അവസരങ്ങൾ ഉപയോഗപ്പെടുത്തണമെന്നും ടിന പറയുന്നു.**

സ്വപ്നങ്ങൾക്ക് കരുത്തായ പിന്തുണയായിരുന്നു.'' അവരുടെ മാർഗ്ഗനിർദ്ദേശം, പ്രോത്സാഹനം, ചെറുകിട സംരംഭകർക്കുള്ള സപ്പോർട്ട് ഇതെല്ലാം റാഹായുടെ വളർച്ചയ്ക്ക് അടിത്തറയായി.

ചെറുസമയംകൊണ്ട് തന്നെ ടിനയും റാഹായും നിരവധി പുരസ്കാരങ്ങൾ നേടി

- ☐ വുമൺ എന്റർപ്രണർ അവാർഡ്
- ☐ TMA-BPCL റോക്കറ്റ് പിച്ച് (ബെസ്റ്റ് ഓഡിയൻസ് ചോയ്സ്)
- ☐ വനിത സംരംഭക കോൺക്ലേവുകളിൽ മോട്ടിവേറ്റർ അംഗീകാരം.

ഒരു സംരംഭമായാലും തൊഴിലായാലും അത് വിദേശത്താണെങ്കിൽ മാത്രമേ വിജയിക്കൂ എന്ന അബദ്ധ ധാരണ വച്ചുപുലർത്തുന്നവരാണ് നമ്മളിൽ പലരും. എന്നാൽ ടിന പറയുന്നു "വിജയം വിദേശത്തല്ല, കരുത്തുറ്റ മനസ്സിലാണുള്ളത്. കരുതലും സേവനവും ചേർന്നാൽ, ഓരോ സ്വപ്നവും സമൂഹത്തിന്റെ ആരോഗ്യമാകാം.'' കേരളം സ്ത്രീ സംരംഭക സൗഹൃദ സംസ്ഥാനമാണെന്നും, അവസരങ്ങൾ ഉപയോഗപ്പെടുത്തണമെന്നും ടിന പറയുന്നു. ഭർത്താവ് ജസ്റ്റിൻ, മക്കൾ ജുവാന എലിസബത്ത്, ജോഹൻ, ജോൺ, കുടുംബം മുഴുവനും കൂടെ നിന്നതാണ് ടിനയുടെ കരുത്ത്.

ആധുനിക ആരോഗ്യ സംവിധാനത്തിന് ഒഴിച്ചുകൂടാൻ പാറ്റാത്ത ഒന്നാണ് മെഡിക്കൽ ലബോറട്ടറികൾ. കൃത്യവും സമയബന്ധിതവുമായ പരിശോധനാഫലങ്ങൾ രോഗികൾക്ക് നൽകുന്നതിലൂടെ രോഗനിർണ്ണയം, ചികിത്സാ മാർഗ്ഗനിർദ്ദേശം, രോഗമുക്തി നിരീക്ഷണം എന്നിവയ്ക്ക് സഹായകമാവുന്നു. രോഗലക്ഷണങ്ങൾ പ്രകടമാകുന്നതിന് മുമ്പ് തന്നെ രോഗസാധ്യത തിരിച്ചറിയാനും ഇത് സഹായകമാവുന്നു. പ്രധാനമായും ക്ലിനിക്കൽ പത്തോളജി, മൈക്രോബയോളജി, ബയോകെമിസ്ടി, ഹെമറ്റോളജി, ഹിസ്റ്റോ പാത്തോളജി, സൈറ്റോളജി, മോളിക്യുലർ ബയോളജി എന്നിങ്ങനെ പ്രവർത്തനത്തിന്റെ സ്വഭാവമനുസരിച്ച് ലബോറട്ടറികളെ വിഭാഗീകരിച്ചിട്ടുണ്ട്. ആധുനിക ലബോറട്ടറികൾ ഓട്ടോമേറ്റഡ് അനലൈസർ, ഡിജിറ്റൽ പാത്തോളജി, ആർട്ടിഫിഷൽ ഇന്റലിജൻസ് എന്നിവയുടെ സഹായത്തോടെയുള്ള ഡയഗ്നോസ്റ്റിക്ക് സംവിധാനങ്ങളാണ് ഉപയോഗിക്കുന്നത്.






ജി. കൃഷ്ണപിള്ള

NORKA ROOTS
A Government of Kerala Undertaking
Always with NRKs

# കേരളം പ്രവാസികൾക്കൊപ്പം

സ്വദേശത്ത് നിന്ന് മാറി താമസിക്കുന്നവരെ പ്രവാസികൾ എന്ന് വിളിക്കുന്നു. സ്വന്തം രാജ്യത്തിന് പുറത്തുപോയി ജോലി ചെയ്യുന്നവരും പ്രവാസികളാണ്.

### എന്തെല്ലാം കാരണങ്ങൾ കൊണ്ടാണ് പ്രവാസജീവിതം വേണ്ടി വരുന്നത്?

1. ജോലി തേടി വിദേശത്ത് പോകുന്നു
2. ഉന്നത വിദ്യാഭ്യാസം നേടുന്നതിന് വേണ്ടി
3. മറ്റ് ആവശ്യങ്ങൾക്കായി പോകുന്നു

### പ്രവാസികൾ നാടിന്റെ സമ്പത്ത്

പ്രവാസത്തിന്റെ നീണ്ട ചരിത്രമാണ് കേരളത്തിനുള്ളത്. അറബിക്കടലിന്റെ തീരത്തുള്ള നാടായതുകൊണ്ട് ലോകത്തിന്റെ ഇന്ത്യയിലേക്കുള്ള കവാടമായി കേരളം. പ്രാചീനകാലങ്ങളിൽ ഗ്രീക്കുകാരും റോമാക്കാരും ഡച്ചുകാരും ബ്രിട്ടീഷുകാരും പോർച്ചുഗീസുകാരുമെല്ലാം കേരളത്തിൽ എത്തിച്ചേർന്നു. ഇന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ളവർ കേരളവുമായി ബന്ധപ്പെട്ട് കൊണ്ട് തന്നെ കേരളത്തിന്റെ ചരിത്രം, സംസ്കാരം, കൃഷി, സമ്പദ്‌വ്യവസ്ഥ എന്നിവയിലെല്ലാം അവരുടെ സ്വാധീനം പ്രകടമാണ്. ആദ്യഘട്ടത്തിൽ മലയാളികൾ തന്നെ





മലേഷ്യ, സിംഗപ്പൂർ, ശ്രീലങ്ക, ബർമ്മ മുതലായ രാജ്യങ്ങളിലേക്ക് കുടിയേറിയിരുന്നു. അതോടൊപ്പം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലെയും മലയാളികൾ കുടിയേറ്റം നടത്തിയിട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധത്തോടെ മാറിവന്ന അന്താരാഷ്ട്ര സാഹചര്യം യൂറോപ്പിലേക്കുള്ള കുടിയേറ്റത്തിന്റെ വാതിൽ തുറന്നു. കാലക്രമേണ അമേരിക്കൻ ഐക്യനാടുകൾ, യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലേക്ക് കുടിയേറ്റങ്ങൾ ഉണ്ടായിരുന്നു. കൂടാതെ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലേക്കും മലയാളികൾ കുടിയേറിപ്പാർത്തു. 1970- കളിൽ അറേബ്യൻ രാജ്യങ്ങൾ വൻതോതിൽ എണ്ണ ഉല്പാദിപ്പിക്കുവാൻ തുടങ്ങിയതോടെ അവിടേക്കായി മുഖ്യ കുടിയേറ്റം.

പ്രവാസികളെ കേരള സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന്റെ പ്രധാന പങ്കാളികളും ചാലക ശക്തികളുമാക്കാൻ ലോക കേരളസഭ പോലെയുള്ള പരിപാടികൾ ആവിഷ്കരിച്ച് അഭിപ്രായ സ്വരൂപണം നടത്തുന്നു. കേരളത്തിൽ ജനിച്ചു വളർന്നവർക്ക് ഇവിടെ തൊഴിൽ ചെയ്ത് വരുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് വേണ്ടി സർക്കാർ പ്രവാസികളോടൊപ്പമുണ്ട്. 1980- കളെ കേരള സമ്പദ് വ്യവസ്ഥയുടെ "ബൂം കാലഘട്ടം" (Boom Period) എന്നാണ് വിളിക്കുന്നത്. 1980 മുതലുള്ള കേരളത്തിന്റെ സാമ്പത്തിക കുതിപ്പിന് ഏറ്റവും നിർണായകമായ സംഭാവന പ്രവാസി മലയാളികൾ അവർ സ്വന്തം നാട്ടിലേക്ക് അയക്കുന്ന പണമാണ്. 2000-ൽ 15,000 കോടി രൂപയായിരുന്നു കേരളത്തിൽ എത്തിയ പ്രവാസി പണമെങ്കിൽ 2019-ൽ അത് ഒരു ലക്ഷം കോടിയായി വളർന്നു. കേരളത്തിലെ ബാങ്ക് നിക്ഷേപത്തിന്റെ കണക്ക് പരിശോധിച്ചാൽ അത് ആകെ നിക്ഷേപത്തിന്റെ ഏകദേശം 39% പ്രവാസി നിക്ഷേപമാണ്. കേരളത്തിന്റെ മറ്റു റവന്യൂ വരുമാനത്തിന്റെ ഒന്നര ഇരട്ടിയോളമായിരുന്നു പ്രവാസി പണം. പ്രവാസി പണം കൊണ്ട് നിർമ്മാണ മേഖലയിൽ വളരെയധികം വളർച്ചയുണ്ടായിട്ടുണ്ട്. വിദ്യാഭ്യാസ മേഖല, ആരോഗ്യ മേഖല, വിമാനത്താവളങ്ങൾ, വ്യവസായ - വാണിജ്യ മേഖല, റിയൽ എസ്റ്റേറ്റ് മുതലായ മേഖലകളിലെല്ലാം പുരോഗതിക്കുള്ള മുഖ്യകാരണക്കാർ പ്രവാസി സമൂഹമാണ്. കോവിഡ് കാലഘട്ടത്തിൽ ഇവർക്കുണ്ടായ പ്രതിസന്ധികളെ നേരിടുന്നതിന് സംസ്ഥാന സർക്കാരും ഇവർക്കൊപ്പമുണ്ടായിരുന്നു.

## നോർക്ക വകുപ്പ് (NORKA Department)

കേരള സർക്കാരിന്റെ നോർക്ക (Non- Resident Keralites Affairs Department) അഥവാ പ്രവാസി കേരളീയ വകുപ്പ് കേരളത്തിന് പുറത്തുള്ള മറ്റ് സംസ്ഥാനങ്ങളിലും വിദേശരാജ്യങ്ങളിലും താമസിക്കുന്ന അല്ലെങ്കിൽ ജോലി ചെയ്യുന്ന മലയാളികളുടെ




പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും അവകാശങ്ങൾ പരിരക്ഷിക്കുന്നതിനും നിയോഗിക്കപ്പെട്ടിരിക്കുന്നു. 1996-ൽ രൂപവൽക്കരിക്കപ്പെട്ടതു മുതൽ സാധ്യമായ എല്ലാ മാർഗ്ഗങ്ങളിലൂടെയും എല്ലാവിധ പിന്തുണയും സഹായവും നൽകി പ്രവാസി മലയാളികളുടെ ജീവിതത്തിൽ സുപ്രധാനമായ പങ്കാണ് നോർക്ക നിർവഹിക്കുന്നത്

## നോർക്ക റൂട്ട്സ് (NORKA ROOTS)

2002- ലാണ് നോർക്ക റൂട്ട്സ് സ്ഥാപിക്കപ്പെട്ടത്. സംസ്ഥാന നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയാണ് നോർക്ക റൂട്ട്സ്. പ്രവാസി മലയാളികളും സംസ്ഥാന നോർക്ക വകുപ്പുമായിട്ടുള്ള ഒരു പാലം പോലെ നോർക്ക റൂട്ട്സ് പ്രവർത്തിക്കുന്നു. സംസ്ഥാന നോർക്ക വകുപ്പിന്റെ നോഡൽ ഏജൻസിയാണ് നോർക്ക റൂട്ട്സ്. പ്രവാസത്തിന് മുൻപും പ്രവാസത്തിനൊപ്പവും പ്രവാസത്തിനു ശേഷവും അനവധി സേവനങ്ങളും പദ്ധതികളും നോർക്ക റൂട്ട്സ് നടപ്പിലാക്കി വരുന്നു.




## നോർക്ക റൂട്ട്സും സംരംഭ പദ്ധതികളും

(NORKA Schemes & Enterprise Development)

പ്രവാസ ജീവിതത്തിനു ശേഷം നാട്ടിലേക്ക് മടങ്ങി വരുമ്പോൾ മലയാളി പ്രവാസികളുടെ സമ്പാദ്യവും കഴിവും പ്രത്യുൽപാദനപരമാക്കി മാറ്റണം. അതിനു സഹായിക്കുന്നതിന് അവരെ സംരംഭ മേഖലയിലേക്ക് (Enterprise Sector) നയിക്കപ്പെടേണ്ടതുണ്ട്. പ്രവാസികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ നോർക്കയുടെ നേതൃത്വത്തിൽ വിവിധ സംരംഭ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

## പദ്ധതികൾ (Schemes)

**1. എൻ ഡി പി ആർ ഇ എം (NDPREM)**

(NORKA Department Schemes for Returned Emigrants)

ഒരു ലക്ഷം രൂപ മുതൽ 30 ലക്ഷം വരെയുള്ള സംരംഭ വായ്പകൾക്കാണ് ഈ പദ്ധതി പ്രകാരം അപേക്ഷിക്കാവുന്നത്.

### സബ്സിഡി

* 15% മൂലധന സബ്സിഡി പരമാവധി മൂന്ന് ലക്ഷം വരെ

* മൂന്ന് ശതമാനം പലിശ സബ്സിഡി ആദ്യ നാലുവർഷം വരെ കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക്.

### എവിടെ നിന്ന് വായ്പ ലഭ്യമാകും?

തെരഞ്ഞെടുത്ത സംസ്ഥാനത്തെ 19 ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ മുഖേന സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ ലഭ്യമാകുന്നതാണ്.

### ആർക്കൊക്കെ അപേക്ഷിക്കാം?

* രണ്ടുവർഷമെങ്കിലും വിദേശരാജ്യത്ത് പ്രവാസ ജീവിതം കഴിഞ്ഞ ശേഷം നാട്ടിൽ എത്തി താമസിക്കുന്നവർക്ക് അപേക്ഷിക്കാം.

* പ്രവാസി കൂട്ടായ്മകൾ, പ്രവാസികളുടെ കമ്പനികൾ, സംഘങ്ങൾ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. **എങ്ങനെ രജിസ്റ്റർ ചെയ്യാം?**

പാസ്പോർട്ട്, തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ്, ഫോട്ടോ, റേഷൻ കാർഡ്, പാൻ കാർഡ്, ചെറു പദ്ധതി വിവരണം, സ്റ്റാമ്പ്ഡ് വിസ, ബാങ്കുകൾ തിരഞ്ഞെടുക്കൽ എന്നിവ വേണം.

### എങ്ങനെ അപേക്ഷിക്കാം

* ഓൺലൈനായി മാത്രം അപേക്ഷിക്കാൻ കഴിയൂ

* നോർക്ക റൂട്ട്സിന്റെ www.norkaroots.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിച്ച് സ്കീം വിഭാഗത്തിൽ NDPREM സെലക്ട് ചെയ്ത് അപേക്ഷിക്കാവുന്നതാണ്.

* അക്ഷയ കേന്ദ്രങ്ങൾ / ഓൺലൈൻ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ നിന്നും അപേക്ഷിക്കാനുള്ള സേവനം ലഭിക്കുന്നതാണ്.

* രേഖകൾ കൂടാതെ പദ്ധതി വിവരണം, ആവശ്യമായ തുക, തെരഞ്ഞെടുത്ത ബാങ്കുകൾ എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതാണ്.

* രജിസ്ട്രേഷൻ പൂർത്തീകരിക്കുമ്പോൾ ലഭ്യമാകുന്ന പ്രിന്റൗട്ട് ലഭിക്കും. അപേക്ഷ പൂരിപ്പിച്ച്

ഫോട്ടോ പതിച്ച് പാസ്പോർട്ടിന്റെ ഒറിജിനലുമായി നോർക്ക റൂട്ട്സിന്റെ ഹെഡ് ഓഫീസിൽ നേരിട്ടോ തപാൽ മുഖേനയോ അപേക്ഷിക്കാവുന്നതാണ്. നേരത്തെ പരാമർശിച്ച രേഖകൾ സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്, തൈക്കാട് പി. ഒ, തിരുവനന്തപുരം പിൻ –695014 എന്ന മേൽവിലാസത്തിൽ തപാൽ മുഖേന അപേക്ഷിക്കാവുന്നതാണ്. അയക്കുന്ന കവറിന് മുകളിൽ "NDPREM" Application Form" എന്ന് എഴുതേണ്ടതാണ്.

### ഏതൊക്കെ സംരംഭങ്ങൾ ആരംഭിക്കാം?

കൃഷിയും അനുബന്ധപ്രവർത്തനങ്ങളും, മൃഗസംരക്ഷണം, മത്സ്യബന്ധനം, വ്യവസായ - വാണിജ്യം, സേവനം, നിർമ്മാണം

### എങ്ങനെ വായ്പ നടപടിക്രമങ്ങൾ ആരംഭിക്കും?

നോർക്ക റൂട്ട്സ് നേരിട്ട് അപേക്ഷ, രേഖകൾ, ശുപാർശ കത്ത് എന്നിവ തെരഞ്ഞെടുത്ത ബാങ്കിലേക്ക്/ ധനകാര്യ സ്ഥാപനത്തിലേക്ക് അയക്കുന്നു. ശുപാർശ കത്തിന്റെ പകർപ്പ് അപേക്ഷകനും ലഭിക്കുന്നു. ഈ കത്തും വിശദമായ പ്രോജക്ട് റിപ്പോർട്ടും സഹിതം അപേക്ഷകൻ നേരിട്ട് തിരഞ്ഞെടുത്ത ബാങ്കിനെ/ ധനകാര്യ സ്ഥാപനത്തിന് സമർപ്പിക്കേണ്ടതാണ്.

### തിരിച്ചടവ്

സ്കീമിന് പ്രത്യേക തിരിച്ചടവ് കാലാവധി പ്രതിപാദിക്കുന്നില്ല. ബാങ്കിന് നിശ്ചയിക്കാവുന്നതാണ്. കുറഞ്ഞത് അഞ്ച് വർഷമെങ്കിലും തിരിച്ചടവ് കാലാവധി ലഭ്യമാകുന്നതാണ്. ചിലപ്പോൾ വായ്പയുടെ അളവനുസരിച്ച് തിരിച്ചടവ് 15 വർഷം വരെയാകാം.

### പ്രവാസി ഭദ്രത സ്കീം (Pravasi Bhadratha Scheme)

വിവിധതരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിന് നോർക്ക റൂട്ട്സ് മുഖേന മൂന്ന് വിഭാഗത്തിലുള്ള പ്രവാസി ഭദ്രത പദ്ധതികൾ നടപ്പിലാക്കി വരുന്നു.

### എ. പ്രവാസി ഭദ്രത പേൾ (Pravasi Bhadratha Pearl)

പ്രവാസി മലയാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സാമ്പത്തിക സ്വാശ്രയത്വം (Economic Self- Sufficiency) നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്. കുടുംബശ്രീ മുഖേനയാണ് പലിശരഹിത വായ്പകളും പിന്തുണയും ലഭിക്കുന്നത്.

### വായ്പയുടെ പ്രത്യേകതകൾ?

* സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങുന്നതിന് വ്യക്തികത വായ്പകൾ
* പരമാവധി രണ്ട് ലക്ഷം വരെയുള്ള പലിശരഹിത വായ്പ
* രണ്ടു വർഷത്തിനുള്ളിൽ തിരിച്ചടവ്

### എങ്ങനെ അപേക്ഷിക്കാം

* അപേക്ഷാഫോം കുടുംബശ്രീ ജില്ലാ മിഷനിൽ നിന്നും ലഭിക്കുന്നതാണ്.
* പൂരിപ്പിച്ച അപേക്ഷ ആവശ്യമായ രേഖകൾ സഹിതം കുടുംബശ്രീ ജില്ലാ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

### ആവശ്യമായ രേഖകൾ?

* പാസ്പോർട്ടിന്റെ ആദ്യ പേജ് / അഡ്രസ് പേജ്
* വിസ പേജിന്റെ കോപ്പി
* സംരംഭ പദ്ധതി വിവരണ റിപ്പോർട്ട്
* അപേക്ഷകനും കുടുംബശ്രീ യൂണിറ്റ് അംഗങ്ങളും ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ്.
* സംരംഭകരുടെയും കുടുംബാംഗങ്ങളുടെയും അയൽക്കൂട്ടാംഗത്വം ഉറപ്പാക്കുന്ന രേഖകളുടെ പകർപ്പ്.
* ആധാർ കാർഡിന്റെ പകർപ്പ്
* നോർക്ക - റൂട്ട്സ് സർട്ടിഫിക്കറ്റ്

### എങ്ങനെ നോർക്ക റൂട്ട്സ് സർട്ടിഫിക്കറ്റ് ലഭിക്കും

നോർക്ക റൂട്ട്സ് മേഖലാ ഓഫീസ്, അല്ലെങ്കിൽ ജില്ലാ ഓഫീസിൽ ഒറിജിനൽ പാസ്പോർട്ട്, പാസ്പോർട്ട് / വിസ പേജുകൾ സഹിതം അപേക്ഷിക്കാവുന്നതാണ്.

### ആര് സഹായിക്കും?

കോർപ്പറേഷൻ/ നഗരസഭ/ പഞ്ചായത്ത് സിഡിഎസ് മുഖേന ബന്ധപ്പെട്ടാൽ സഹായം ലഭിക്കുന്നതാണ്.

### ബി. പ്രവാസി ഭദ്രത മൈക്രോ (Pravasi Bhadratha Micro)

സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങൾ - (MSMEs), കാർഷിക അനുബന്ധ സംരംഭങ്ങൾ എന്നിവയും നിലവിലുള്ള സംരംഭങ്ങളുടെ മെച്ചപ്പെടുത്തലിനും ഈ പദ്ധതിയുടെ സഹായം ലഭിക്കുന്നതാണ്.

## എങ്ങനെ അപേക്ഷിക്കാം?

* കേരള ബാങ്കിന്റെ ശാഖകൾ മുഖേന അപേക്ഷ നൽകാം.

* കേരള ബാങ്കിൽ നിന്നും അപേക്ഷാഫോം കിട്ടും

* സ്കീമിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അപേക്ഷിക്കുകയും വായ്പയുടെ അർഹത സംബന്ധിച്ച് ബാങ്ക് തീരുമാനം എടുക്കുന്നതുമാണ്.

## ആരൊക്കെയാണ് യോഗ്യതയുള്ളവർ?

* വിദേശത്ത് രണ്ടുവർഷമെങ്കിലും ജോലി ചെയ്തത് അല്ലെങ്കിൽ താമസിച്ചവർ നാട്ടിൽ സ്ഥിര താമസത്തിനായി എത്തിച്ചേരുന്ന മലയാളി പ്രവാസികൾ

* കേരളത്തിൽ സൂക്ഷ്മ സംരംഭങ്ങൾ/ നിലവിലുള്ള സംരംഭങ്ങൾ നടത്തുന്നവരായിട്ടുള്ള പ്രവാസി മലയാളികൾ.

## വായ്പ തുക, പലിശ നിരക്ക് തിരിച്ചടവ്

* പരമാവധി 5 ലക്ഷം രൂപ വരെ വായ്പ

* പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ തുക

* 8.75 ശതമാനം പലിശ നിരക്ക്

* 60 മാസത്തിൽ തിരിച്ചടവ് കാലാവധി

* വർഷാവർഷം പുതുക്കി ഉപയോഗിക്കാം

## സബ്സിഡി

* പദ്ധതി തുകയുടെ 25% പരമാവധി ഒരു ലക്ഷം രൂപ വരെ മൂലധന സബ്സിഡി

* ആദ്യം നാലുവർഷം കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് മൂന്ന് ശതമാനം പലിശ സബ്സിഡി

## എന്തൊക്കെ രേഖകൾ? ഫീസ്?

* അപേക്ഷ, പാസ്പോർട്ട് പേജുകൾ, പ്രോജക്ട് റിപ്പോർട്ട്, KYC രേഖകൾ, മറ്റു അനുബന്ധ രേഖകൾ

* അനുവദിക്കുന്ന വായ്പയുടെ 0.22 ശതമാനം പ്രോസസിംഗ് ഫീസ്

# സി. പ്രവാസി ഭദ്രത – മെഗാ

(Pravasi Bhadratha - Mega)

നോർക്ക റൂട്ട്സും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും ചേർന്ന (NORKA Roots & KSIDC) സംയുക്ത പദ്ധതിയാണിത്. കെ എസ് ഐ ഡി സി തെരഞ്ഞെടുത്ത പ്രോജക്ടിന് വായ്പ ലഭിക്കാൻ അർഹത ഉണ്ടായിരിക്കും.

## ആരാണ് അർഹരായിട്ടുള്ളവർ?

* വിദേശത്ത് രണ്ടുവർഷമെങ്കിലും ജോലി ചെയ്തവരോ താമസിച്ചവരോ നാട്ടിൽ സ്ഥിര താമസത്തിന് എത്തുന്നതോ ആയ കേരള പ്രവാസികൾ

* കേരളത്തിൽ സംരംഭങ്ങൾ നടത്തിക്കൊണ്ടിരുന്ന അല്ലെങ്കിൽ പുതിയതായി സംരംഭം തുടങ്ങാൻ ഉദ്ദേശിക്കുന്ന കേരള പ്രവാസികൾ

## വായ്പ പരിധി

25 ലക്ഷം മുതൽ രണ്ട് കോടി വരെ വായ്പ ലഭിക്കുന്നതാണ്. പ്രോജക്ട് മാസദണ്ഡപ്രകാരം കെ എസ് ഐ ഡി സി വായ്പ സംബന്ധിച്ച് തീരുമാനം എടുക്കുന്നു. 8.25% മുതൽ 8.75% വരെയാണ് പലിശ നിരക്ക്.

## സബ്സിഡി

നോർക്ക റൂട്ട്സ് മുഖേന യാണ് സബ്സിഡി അനുവദിക്കുന്നത്. 3.25% മുതൽ 3.75% വരെ പലിശ സബ്സിഡി- കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് നാല് വർഷത്തേക്ക് പലിശ സബ്സിഡി

# നോർക്ക പ്രവാസി– സ്റ്റാർട്ടപ്പ് പ്രോഗ്രാം സ്കീം

(NPSP- NORKA Pravasi Start Up Programme)

നോർക്ക റൂട്ട്സും കേരള സ്റ്റാർട്ടപ്പ് മിഷനും പങ്കാളികളായിട്ടുള്ള പദ്ധതിയാണ് എൻ പി എസ് പി. പ്രവാസികളുടെ നൂതനാശയങ്ങളെ സാങ്കേതികവിദ്യയുടെ സഹായത്തോടെ എല്ലാ പിന്തുണയും നൽകി സ്റ്റാർട്ടപ്പ് സംരംഭങ്ങളാക്കുന്ന പദ്ധതിയാണിത്.

## പദ്ധതിയുടെ പ്രത്യേകതകൾ

* വിദഗ്ദ്ധ അംഗങ്ങൾ അടങ്ങിയ സമിതി ശരിയായ സ്ക്രീനിങ്ങിലൂടെ യോഗ്യതരായ നൈപുണ്യമുള്ള മലയാളി പ്രവാസികളെ കണ്ടെത്തുന്നു.

* തെരഞ്ഞെടുത്ത പ്രവാസികൾക്ക് മൂന്ന് മാസത്തെ തീവ്ര പരിശീലനം നൽകുന്നു

* ശരിയായ ഗുണഭോക്താക്കളെ കണ്ടെത്തി ബിസിനസ് ആശയങ്ങളെ ആധുനിക സാങ്കേതിക വിദ്യയുമായി സമന്വയിപ്പിച്ച് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ സാധ്യമാക്കുന്നു

* പ്രവാസികളുടെ നിക്ഷേപത്തിന്റെ മൂല്യം വർധിപ്പിക്കുന്നു.

* മറ്റ് നോർക്ക പദ്ധതികൾക്കുള്ള യോഗ്യതാ മാനദണ്ഡങ്ങളും രേഖകളും വൈദഗ്ദ്ധ്യവും പ്രവാസികൾക്കുണ്ടായിരിക്കണം.

* നോർക്ക റൂട്ട്സിന്റെ NDPREM പദ്ധതി പ്രകാരമുള്ള




30 ലക്ഷം രൂപ വരെയുള്ള വായ്പയും സബ്സിഡി ആനുകൂല്യങ്ങളും പരിശീലനവും ആവശ്യമാണ്.

### 4. നോർക്ക അസിസ്റ്റന്റ് മൊബിലൈസ്ഡ് എംപ്ലോയ്മെന്റ് പദ്ധതി (NAME- NORKA Assisted and Mobilised Employment Scheme)

വിദേശ രാജ്യത്തെ ജീവിത അനുഭവങ്ങളും തൊഴിൽ നൈപുണ്യവും കൈമുതലാക്കി കേരളത്തിൽ തിരികെ എത്തുന്ന മലയാളി പ്രവാസികൾക്ക് നാട്ടിലെ സംരംഭങ്ങളിൽ തൊഴിൽ നൽകുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ നോർക്ക റൂട്ടസ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് "NAME". ഈ പദ്ധതിയിലൂടെ തിരിച്ചെത്തുന്ന പ്രവാസികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭിക്കുന്നു. തൊഴിൽ ദാദാക്കൾക്ക് നോർക്ക റൂട്ട്സ് മുഖേന രജിസ്റ്റർ ചെയ്ത് ഈ പദ്ധതിയിൽ അംഗങ്ങളാവാം. ദിവസ വേതനത്തിന്റെ 50 % പരമാവധി 400 രൂപവരെ നോർക്കയിൽ നിന്ന് ലഭിക്കും. തൊഴിലാളികളുടെ ലിസ്റ്റ് നോർക്ക തയ്യാറാക്കും. കുറഞ്ഞത് പ്രതിവർഷം 100 തൊഴിൽ ദിന വേതനം ഈ പദ്ധതിപ്രകാരം ലഭിക്കുന്നതാണ്. 25 മുതൽ 60 വയസ്സ് വരെയുള്ളവർക്ക് ഗുണഭോക്താക്കളാകാം. വിശദവിവരങ്ങൾക്ക് NORKA ROOTS വെബ്സൈറ്റ് സന്ദർശിക്കുക. എല്ലാ അംഗീകൃത തൊഴിലുടമകൾക്കും സംരംഭങ്ങൾക്കും ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് തൊഴിൽ പ്രദാനം ചെയ്യാവുന്നതാണ്

### നോർക്ക വനിതാ മിത്ര (NORKA Vanitha Mithra)

പ്രവാസി വനിതകൾക്കായി വനിതാ വികസന കോർപ്പറേഷനും നോർക്ക റൂട്ട്സും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. 15 നും 55 നും ഇടയിൽ പ്രായമുള്ള വനിതാ മലയാളി പ്രവാസികൾക്ക് അപേക്ഷിക്കാവുന്നതാണ്. NDPREM സാമ്പത്തിക സഹായം ലഭിക്കുന്നതാണ്. NDPRE പദ്ധതിയുടെ എല്ലാ സബ്സിഡികളും ഈ പദ്ധതിക്കും ലഭ്യമാണ്. വരുമാനപരിധി മൂന്നു ലക്ഷം രൂപ വരെയാണ്. നോർക്ക റൂട്ട്സിന്റെ മറ്റു പദ്ധതികൾക്ക് അപേക്ഷിക്കുന്ന രേഖകളും മാനദണ്ഡങ്ങളും ഈ പദ്ധതിക്കും ബാധകമാണ്. അപേക്ഷ ഫോമും മറ്റ് വിശദവിവരങ്ങളും നോർക്ക റൂട്ട്സ്, വനിതാ വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാണ്.

ഇന്ത്യയിൽ പ്രവാസികൾക്ക് ക്ഷേമപദ്ധതികളും സംരംഭ പദ്ധതികളും നടപ്പിലാക്കുന്ന കാര്യത്തിൽ പ്രഥമ സ്ഥാനം കേരളത്തിനാണ്. സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ "NORKA Care" എടുത്ത് പറയേണ്ട ഒരു ക്ഷേമ പദ്ധതിയാണ്. പ്രവാസി പണം എത്തിച്ചേരുന്നതിൽ കേരളം വളരെ മുൻപന്തിയിൽ നിൽക്കുന്നു. കേരള സമ്പദ് വ്യവസ്ഥയുടെ നട്ടെല്ലാണ് പ്രവാസി പണം. ഇതിന്റെ തിരിച്ചറിവ് കൊണ്ടാണ് സംസ്ഥാന സർക്കാർ പ്രവാസികളെ ചേർത്തുപിടിക്കുന്നത്. 1998- ൽ മുഖ്യമന്ത്രി ശ്രീ ഇ കെ നയനാരുടെ ഭരണകാലത്താണ് ഇന്ത്യയിൽ ആദ്യമായി പ്രവാസികൾക്ക് വേണ്ടി ഒരു ക്ഷേമ വകുപ്പ് രൂപീകരിച്ചത്. ചുരുക്കിപ്പറഞ്ഞാൽ പ്രവാസി ലോകം കേരളത്തിന്റെ സർവ്വ മേഖലകൾക്കും നൽകുന്ന സംഭാവന പൂർണമായും അംഗീകരിച്ചു കൊണ്ടാണ് പ്രവാസികൾക്കൊപ്പം എല്ലായിപ്പോഴും സംസ്ഥാന സർക്കാർ നിലകൊള്ളുന്നത്.

**വ്യവസായ വകുപ്പ് മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ**

ടെക്നോട്രെൻഡ്സ്

ലോറൻസ് മാത്യു




# ക്യാഷ് കൗണ്ടർ ഇല്ലാത്ത കടകൾ

## സ്മാർട്ട് വാണിജ്യത്തിന്റെ നവയുഗം

ഇന്റർനെറ്റിന്റെ കടന്ന് വരവ് സാധാരണക്കാരെപ്പോലും സാരമായി ബാധിക്കുന്നതിന്റെ വർത്തമാന കാല ഉദാഹരങ്ങൾ നമുക്ക് മുന്നിൽ നിരവധിയുണ്ടെങ്കിലും പലതും നമ്മൾ വേണ്ടത്ര ശ്രദ്ധിക്കാറില്ലായെന്നതാണ് വാസ്തവം. ഈ മാറ്റങ്ങൾക്കൊപ്പം ജീവിക്കുന്നതിനാൽത്തന്നെ പല മാറ്റങ്ങളും നമുക്ക് അത്ര ഫീൽ ചെയ്യാറില്ലായെന്നതാണ് സത്യം. അതായത് സാങ്കേതിക വിദ്യ സമ്മാനിക്കുന്ന മാറ്റങ്ങൾ അത് പോസിറ്റീവ് ആയിട്ട് അനുഭവപ്പെട്ടാലും നെഗറ്റീവ് ആയിട്ട് അനുഭവപ്പെട്ടാലും നമ്മളെ സംബന്ധിച്ച് അത് Gradually നടക്കുന്നയൊരു പ്രോസസ് ആണ് എന്നതിനാൽത്തന്നെ പലപ്പോഴും അർഹിക്കുന്ന ഗൗരവം അതിന് കൊടുക്കാറില്ല. ഇപ്രകാരമുള്ളയൊന്നാണ് ക്യാഷ് കൗണ്ടർ ഇല്ലാത്ത കടകൾ എന്നത്. ക്യാഷ് കൗണ്ടർ മാത്രമല്ല ഇപ്രകാരമുള്ള സ്റ്റോറുകളിൽ സെയിൽസ്മാൻ പോലും ആവശ്യമില്ലായെന്നതാണ് വസ്തുത.

അമേരിക്കയിൽ ആമസോൺ 'Amazon Go" എന്ന പേരിൽ ഇത്തരം സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവിടങ്ങളിൽ കടയിൽ കടക്കുന്ന ഉപഭോക്താവിന് കാഷ് കൗണ്ടറിനോടോ സെയിൽസ്മാനോടോ ബന്ധപ്പെടേണ്ടതില്ല. സ്റ്റോറിന്റെ പ്രവേശന കവാടത്തിൽ QR കോഡ് സ്കാൻ ചെയ്ത് അകത്തേക്ക് കടക്കാം. ഉപഭോക്താവ് എടുത്ത സാധനങ്ങൾ സെൻസറുകൾ, ക്യാമറകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സ്വയം തിരിച്ചറിയുകയും, ബില്ല് ഓട്ടോമാറ്റിക്കായി ഉപഭോക്താവിന്റെ മൊബൈൽ ആപ്പിലേക്ക് പോവുകയും അക്കൗണ്ടിൽ നിന്ന് ഓട്ടോമാറ്റിക്കായി തുക എടുക്കുകയും ചെയ്യപ്പെടും.

രണ്ടു വർഷം മുൻപ്, ചൈനയിലെ BingoBox എന്ന സ്റ്റാർട്ടപ്പ് കാഷ്യർ-രഹിത സ്റ്റോറുകൾ ആരംഭിച്ചു, നിലവിൽ ചൈനയിലെ 30 നഗരങ്ങളിൽ 300 ന് മുകളിൽ സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ഏകദേശം ഒരു വർഷം മുമ്പ്, ഹൈദരാബാദിലെ ഇൻഫോസിസ് ക്യാമ്പസിൽ Hyper City രണ്ടു കാഷ്യർ-രഹിത സ്റ്റോറുകൾ തുറന്നു, ഇവ ബംഗളൂരുവിലെ ഒരു സ്റ്റാർട്ടപ്പിന്റെ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്നു.

## നമ്മുടെ കൊച്ചിയിലും

കൊച്ചിയിലെ ഗോൾഡ് സൂക് ഗ്രാൻഡ് മാളിൽ Watasale എന്ന പുതിയ സ്റ്റോർ പ്രവർത്തനം ആരംഭിച്ചു. ആമസോണിന്റെ അമേരിക്കൻ "Amazon Go" സ്റ്റോറുകൾക്ക് സമാനമായ ഈ സ്റ്റോർ, കാഷ്യർ ഇല്ലാത്ത, പൂർണ്ണമായും ഓട്ടോമേറ്റഡ് ഷോപ്പിംഗ് അനുഭവം നൽകുന്നു. 500 ചതുരശ്ര അടി വിസ്തൃതിയുള്ള ഈ സ്റ്റോർ, ആപ്ലിക്കേഷൻ, ക്യാമറകൾ, സെൻസറുകൾ എന്നിവയുടെ സംയോജനത്തിലൂടെ പ്രവർത്തിക്കുന്നു. ഉപഭോക്താവ് Watasale ആപ്പ് ഡൗൺലോഡ് ചെയ്ത് രജിസ്റ്റർ ചെയ്യുകയും, സ്റ്റോറിന്റെ പ്രവേശന കവാടത്തിൽ QR കോഡ് സ്കാൻ ചെയ്യുകയും ചെയ്യുന്നു. ഇതിലൂടെ സ്റ്റോറിലേക്ക് പ്രവേശിക്കാം. സ്റ്റോറിൽ പ്രവേശിച്ച ശേഷം ഉപഭോക്താവിന് ഓരോ ഉൽപ്പന്നവും സ്വയം തിരഞ്ഞെടുക്കാം. ഓരോ ഉൽപ്പന്നവും സ്കാൻ ചെയ്യേണ്ടതില്ല. സ്റ്റോറിന്റെ മേൽക്കൂരയും ഷെൽഫുകളും സെൻസറുകളും, ക്യാമറകളും ഉപയോഗിച്ച് ഉപഭോക്താവിന്റെ ഓരോ ചലനവും നിരീക്ഷിക്കുന്നു. എടുത്ത ഉൽപ്പന്നങ്ങൾ, മടക്കി വച്ച ഉൽപ്പന്നങ്ങൾ എന്നിവയെല്ലാം സാങ്കേതിക സംവിധാനങ്ങൾ തിരിച്ചറിയുകയും, ബിൽ തുക ഉപഭോക്താവിന്റെ അക്കൗണ്ടിൽ നിന്ന് സ്വയം പിടിച്ചെടുക്കുകയും ചെയ്യുന്നു.

## പ്രവർത്തനം എങ്ങനെ

ഇത്തരം സ്റ്റോറുകൾ സാധാരണ കടകളെപ്പോലെ കാണപ്പെടുമെങ്കിലും, അതിന്റെ പ്രവർത്തന രീതി മുഴുവൻ തന്നെ സാങ്കേതിക വിദ്യകളുടെ അത്ഭുത മിശ്രിതമാണ്. നിരവധിയായ ആധുനിക സാങ്കേതിക വിദ്യകളുടെ സമ്മേളനമാണ് ഇത്തരത്തിലുള്ള ഓരോ സ്റ്റോറും. ക്യാമറകൾ, സെൻസറുകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI), കമ്പ്യൂട്ടർ വിഷൻ (Computer Vision), IoT (Internet of Things), ഡാറ്റാ അനലിറ്റിക്സ് തുടങ്ങിയവ ചേർന്നാണ് ഈ സംവിധാനങ്ങൾ പ്രവർത്തിക്കുന്നത്. ഇവ പരസ്പരം ബന്ധപ്പെട്ടു പ്രവർത്തിച്ച് ഉപഭോക്താവിന്റെ എല്ലാ ചലനങ്ങളും വാങ്ങലുകളും സ്വയം തിരിച്ചറിയുകയും ബില്ലിംഗ്, പേയ്മെന്റ്, ഇൻവെന്ററി മാനേജ്മെന്റ് തുടങ്ങി മുഴുവൻ പ്രക്രിയയും ഓട്ടോമേറ്റ് ചെയ്യുകയും ചെയ്യുന്നു.

### ക്യാമറകൾ (Cameras)

സ്റ്റോറിലെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ക്യാമറകൾ ഉപഭോക്താവിന്റെ ചലനങ്ങളും, ഓരോ ഉൽപ്പന്നം എടുത്തതും മടക്കി വെച്ചതും നിരീക്ഷിക്കുന്നു.

### സെൻസറുകൾ (Sensors)

ഷെൽഫുകളിൽ, ഷോപ്പിംഗ് കാർട്ടിൽ, ചിലപ്പോഴെങ്കിലും ഫ്ളോർ ലെവലിലും സെൻസറുകൾ ഉപയോഗിച്ച് ഉൽപ്പന്നങ്ങളുടെ സ്ഥിതി തിരിച്ചറിയുന്നു. സെൻസർ + AI കോമ്പിനേഷൻ വഴി ഏതൊക്കെ ഉൽപ്പന്നം എടുത്തുവോ, മടക്കി വച്ചുവോ എന്ന വിവരം ശേഖരിക്കുന്നു.



## ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI)

ക്യാമറകളും സെൻസറുകളും നൽകുന്ന ഡാറ്റ സംയോജിപ്പിച്ച്, ഓരോ ഉപഭോക്താവിന്റെ ആക്ഷൻ ട്രാക്ക് ചെയ്യുന്നു. 'Computer Vision' ടെക്നോളജി ഉപയോഗിച്ച് ഉപഭോക്താവ് എടുത്ത ഉൽപ്പന്നം തിരിച്ചറിയുന്നു.

## IoT (Internet of Things)

സെൻസറുകൾ, ക്യാമറകൾ, ഷെൽഫ് എന്നിവ ഇന്റർനെറ്റിൽ ബന്ധിപ്പിച്ച്, എല്ലാ ഡാറ്റയും സ്റ്റോർ സിസ്റ്റത്തിലേക്ക് റിയൽ-ടൈം ട്രാൻസ്മിറ്റ് ചെയ്യുന്നു.

## മൊബൈൽ ആപ്പ് & ഡിജിറ്റൽ പേയ്മെന്റ്

ഉപഭോക്താവ് സ്റ്റോറിലേക്ക് പ്രവേശിക്കാനും, ബില്ല് പാക്കേജിംഗ് വേണ്ടാതെ, അക്കൗണ്ടിൽ നിന്ന് പണമടയ്ക്കാനും മൊബൈൽ ആപ്പ് ഉപയോഗിക്കുന്നു.

* QR കോഡ് സ്കാൻ - സ്റ്റോർ പ്രവേശനം

* ഉൽപ്പന്നം എടുത്ത് പുറത്ത് പോകുമ്പോൾ ബില്ല് സ്വയം ചാർജ് ചെയ്യപ്പെടും

## ഡാറ്റാ അനലിറ്റിക്സ് (Data Analytics)

ഉപഭോക്തൃ പെരുമാറ്റം, സ്റ്റോക്ക് ലെവൽ, വാങ്ങിയതായ ഉൽപ്പന്നങ്ങൾ തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് വ്യാപാര നിയന്ത്രണത്തിനും ഇൻവെന്ററി മാനേജ്മെന്റിനും ഉപയോഗിക്കുന്നു.

ഇത്തരം സ്റ്റോറുകളെ പല നിലകളിൽ നിന്ന് നോക്കി കാണേണ്ടതുണ്ട്.

## ഉപഭോക്താവിന്റെ കണ്ണിൽ

കാഷ് കൗണ്ടർ ഇല്ലാത്ത സ്റ്റോറുകളിൽ, ഉപഭോക്താവ് ബില്ല് അടയ്ക്കാൻ കാത്തിരിക്കേണ്ടതില്ല. QR കോഡ് സ്കാൻ ചെയ്ത് സ്റ്റോറിലേക്ക് പ്രവേശിച്ച ശേഷം സാധനങ്ങൾ എടുത്താൽ ബിൽ ഓട്ടോമാറ്റിക്കായി ജനറേറ്റ് ചെയ്യുകയും പണം അക്കൗണ്ടിൽ നിന്നും പോവുകയും ചെയ്യും. ഇതിന്റെ ഫലമായി ഷോപ്പിംഗ് വേഗത്തിൽ, സമയ നഷ്ടമില്ലാതെ നടത്താം. ഉൽപ്പന്നങ്ങൾ തിരഞ്ഞെടുത്ത് സ്റ്റോറിൽ സഞ്ചരിക്കുമ്പോൾ, സെൻസറുകളും ക്യാമറകളും ഉപയോഗിച്ച് എല്ലാം ട്രാക്ക് ചെയ്യപ്പെടുന്നു. യാതൊരു തടസ്സവും, ക്യൂവുകളും, മാനുവൽ സ്കാനിംഗും ഇല്ല. ഉപഭോക്താവിന് തന്നെ എടുത്തോ മടക്കി വച്ചോ ചെയ്യുന്നതെല്ലാം നിയന്ത്രിക്കാൻ കഴിയും. ആരുമായും ഇടപെടേണ്ടതില്ല, അതായത് സെയിൽസ്മാന്റെ സഹായമില്ലാതെ സൗകര്യപ്രദമായി ഷോപ്പിംഗ് നടത്താം. മൊബൈൽ ആപ്പ്



മുഖേന പ്രവേശനം, ബില്ലിംഗ്, പേയ്മെന്റ് എല്ലാം ഡിജിറ്റലായി നടക്കുന്നു. ബില്ല് ഓട്ടോമാറ്റിക്കായി അക്കൗണ്ടിൽ ചാർജ്ജ് ചെയ്യപ്പെടുന്നു, പണം കൈമാറുന്നതിനുള്ള അസൗകര്യം ഇല്ല.

## സാങ്കേതിക വിദ്യയുടെ വ്യാപനം

AI, IoT, Computer Vision എന്നിവയുടെ ഭാവി സാധ്യതകൾ ഇതിനോടുള്ള ബന്ധത്തിൽ ചർച്ച ചെയ്യേണ്ടതുണ്ട്. ഭാവിയിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) കൂടുതൽ വികസിച്ചാൽ, സ്റ്റോറുകൾ ഉപഭോക്താവിന്റെ വാങ്ങൽ ശീലങ്ങൾ, മുഖഭാവം, ഭാഷാ ശൈലി തുടങ്ങിയവ തിരിച്ചറിയുകയും ആധുനികമായാൽ, ക്യാമറകൾ മുഖഭാവം, കൈയുടെ ചലനങ്ങൾ, ഉൽപ്പന്നങ്ങളോടുള്ള താൽപ്പര്യം എന്നിവ മനസ്സിലാക്കുകയും വ്യക്തിഗത ഓഫറുകൾ അല്ലെങ്കിൽ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യും. ഉദാഹരണത്തിന്, “നിങ്ങൾ പാൽ എടുത്തു, ഇതാ അതിനൊപ്പം ഉപയോഗിക്കാൻ ഏറ്റവും നല്ല ബിസ്കറ്റ്' എന്ന തരത്തിലുള്ള റിയൽ-ടൈം സന്ദേശങ്ങൾ ലഭിക്കും.

## സുരക്ഷയും പ്രൈവസിയും

**(Security & Privacy Enhancements)**

ഭാവിയിലെ സിസ്റ്റങ്ങൾ ബയോമെട്രിക് ആധികാരികത (Face ID, Voice ID തുടങ്ങിയവ) ഉൾപ്പെടുത്തി കൂടുതൽ സുരക്ഷിതമാകും. എന്നാൽ ഇതോടൊപ്പം ഉപഭോക്താവിന്റെ സ്വകാര്യത ഉറപ്പാക്കാൻ പുതിയ നിയമങ്ങളും നയങ്ങളും ആവശ്യമായി വരും.



> ഈ മാറ്റങ്ങൾ സ്മാർട്ട് സിറ്റി കാഴ്ചപ്പാടിലേക്കും, സ്മാർട്ട് ട്രാൻസ്പോർട്ടേഷൻ, സ്മാർട്ട് ഫാക്ടറി, സ്മാർട്ട് ഫാർമിംഗ് പോലുള്ള മേഖലകളിലേക്കും വ്യാപിക്കും. അതായത് “സ്മാർട്ട് സ്റ്റോർ” ഒരു വലിയ സ്മാർട്ട് എക്കോസിസ്റ്റത്തിന്റെ തുടക്കമായി കാണാം.

അതനുസരിച്ച് ഉൽപ്പന്നങ്ങൾ നിർദ്ദേശിക്കുകയും ചെയ്യും. ഉദാഹരണത്തിന്, ഉപഭോക്താവ് പതിവായി വാങ്ങുന്ന ഉൽപ്പന്നങ്ങൾ അടുത്ത സന്ദർശനത്തിൽ തന്നെ ഓട്ടോമാറ്റിക്കായി ഷെൽഫിൽ മുൻനിർത്തി കാണിക്കും. Internet of Things (IoT) മുഖേന Total Connectivity IoT ടെക്നോളജി വളരുന്നതോടെ സ്റ്റോറിലെ ഓരോ ഷെൽഫും ഉൽപ്പന്നവും, ഉപഭോക്താവിന്റെ മൊബൈൽ ആപ്പും, പണമടയ്ക്കൽ സംവിധാനവും എല്ലാം പരസ്പരം ബന്ധിതമാകും. ഇതിലൂടെ സ്റ്റോക്ക് മാനേജ്മെന്റ്, റീസ്റ്റോക്കിംഗ്, സെക്യൂരിറ്റി തുടങ്ങിയ പ്രവർത്തനങ്ങൾ പൂർണ്ണമായി ഓട്ടോമാറ്റിക്കാക്കും.

## Computer Vision മുഖേന വ്യക്തിഗത അനുഭവം (Personalized Visual Intelligence)

കമ്പ്യൂട്ടർ വിഷൻ സാങ്കേതിക വിദ്യ കൂടുതൽ

## ഗ്ലോബൽ മാറ്റങ്ങൾ (Global Transformation)

ഈ മാറ്റങ്ങൾ സ്മാർട്ട് സിറ്റി കാഴ്ചപ്പാടിലേക്കും, സ്മാർട്ട് ട്രാൻസ്പോർട്ടേഷൻ, സ്മാർട്ട് ഫാക്ടറി, സ്മാർട്ട് ഫാർമിംഗ് പോലുള്ള മേഖലകളിലേക്കും വ്യാപിക്കും. അതായത് “സ്മാർട്ട് സ്റ്റോർ” ഒരു വലിയ സ്മാർട്ട് എക്കോസിസ്റ്റത്തിന്റെ തുടക്കമായി കാണാം.

## ഭാവി സാധ്യതകളും ചിന്തകളും

വ്യത്യസ്ത വിപണി ഘടന: മെട്രോ നഗരങ്ങളിലും ഐടി ഹബ്ബുകളായ സ്ഥലങ്ങളിലും (ബെംഗളൂരു, ഹൈദരാബാദ്, ചെന്നൈ മുതലായ വലിയ ക്യാമ്പസുകൾ) ഇത്തരം സ്റ്റോറുകൾ ആദ്യം

വിജയിക്കാനുള്ള സാധ്യത കൂടുതലാണ്, കാരണം ടെക്-സേവനങ്ങളും ഡിജിറ്റൽ പേയ്മെന്റും ഇവിടെ കൂടുതലാണ്.

## ലോകരീതികളും ചിലവ് ഘടകങ്ങളും:

ചെറു നഗരങ്ങളിലോ ഗ്രാമപ്രദേശങ്ങളിലോ സ്റ്റോർ ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള കൂലി, ഇന്റർനെറ്റ് കണക്ടിവിറ്റി, ഉപഭോക്തൃ ഡിജിറ്റൽ സാക്ഷരത എന്നിവ വ്യത്യാസപ്പെട്ടിരിക്കും; അതിനാൽ വ്യാപനത്തിന് പ്രത്യേക തന്ത്രങ്ങൾ വേണ്ടി വരും.

## ബിസിനസ് മോഡൽ വ്യത്യാസം

ക്യാഷ്-ലസ്സ് (cashless) സ്റ്റോറുകൾ എല്ലായിടത്തും ഒരേ രീതിയിൽ പ്രവർത്തിക്കണമെന്നില്ല.

പലയിടത്തും ആവശ്യങ്ങളും സ്ഥല പരിമിതിയും വ്യത്യാസമുള്ളതിനാൽ, ബിസിനസ് മോഡൽ (business model) ഓരോ സ്ഥലത്തിനും അനുയോജ്യമായി മാറ്റേണ്ടതുണ്ട്.

വലിയ നഗരങ്ങളിൽ ആധുനിക സാങ്കേതിക വിദ്യകളും മുഴുവൻ ഓട്ടോമേഷൻ സംവിധാനങ്ങളുമുള്ള സ്റ്റോറുകൾ ഉപയോഗിക്കാം. ഇവയ്ക്ക് ആരംഭ ചെലവ് കൂടുതലായിരിക്കും, പക്ഷേ പ്രവർത്തനം അതിവേഗവും സൗകര്യപ്രദവുമാകും. ചെറിയ സ്ഥലങ്ങളിൽ പ്രവർത്തിക്കാൻ പറ്റുന്ന, കുറവ് സ്ഥല ച്ചെലവുള്ള മിനി-സ്റ്റോറുകൾ. ഉദാഹരണം: ഓഫീസുകൾക്കുള്ളിൽ, ഐ.ടി. പാർക്കുകളിൽ, ട്രാൻസിറ്റ് സ്റ്റേഷനുകളിൽ തുടങ്ങിയവയിലുള്ള പ്രവർത്തന രീതി വ്യത്യസ്തമാകാം.

ഒരു പ്രധാന സ്റ്റോർ (hub) നിന്ന് ചെറുതായ നിരവധി ശാഖകൾ (spokes) നിയന്ത്രിക്കുന്ന രീതി. അതായത്, വെയർഹൗസ് അല്ലെങ്കിൽ വലിയ സ്റ്റോറിൽ നിന്ന് ചെറിയ സ്റ്റോറുകൾക്ക് ഉൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നു. ഇത് ചെലവ് കുറയ്ക്കാനും പ്രവർത്തനം സുഗമമാക്കാനുമാണ്.

## നിയന്ത്രണപരമായതും സാങ്കേതികമായതുമായ സജ്ജീകരണം


ഇത്തരം സ്മാർട്ട് സ്റ്റോറുകൾ വിജയകരമായി പ്രവർത്തിക്കാൻ, സാങ്കേതിക സംവിധാനങ്ങളും സാമ്പത്തിക നിയമാനുസൃത സംവിധാനങ്ങളും ഒരുമിച്ച് ശരിയായി പ്രവർത്തിക്കണം. സാധാരണ കടകളിൽ "ബില്ലിംഗ് കൗണ്ടർ'' എന്നത് ഒരു POS സിസ്റ്റം ഉപയോഗിച്ച് പ്രവർത്തിക്കുന്നു. എന്നാൽ, ക്യാഷ്-ലസ്സ് സ്റ്റോറുകളിൽ ബില്ലിംഗ് സ്വയം നടക്കുന്നതിനാൽ, ആ POS സിസ്റ്റം ആപ്പിനും സെൻസറിനും ഒത്തു പ്രവർത്തിക്കണം. അങ്ങനെ ഉൽപ്പന്നം എടുത്ത ഉടനെ സ്റ്റോക്ക് കുറയുകയും, ബിൽ തയ്യാറാവുകയും, പേയ്മെന്റ് പ്രോസസ് ചെയ്യപ്പെടുകയും ചെയ്യും. റിയൽ-ടൈം പേയ്മെന്റ് ചെയ്യാൻ, UPI (Unified Payments Interface) അല്ലെങ്കിൽ മറ്റേതെങ്കിലും ഡിജിറ്റൽ പേയ്മെന്റ് പ്ലാറ്റ്ഫോം ആപ്പിനോടു ബന്ധിപ്പിക്കണം. ഇതിലൂടെ ഉപഭോക്താവ് ബില്ല് അടയ്ക്കാൻ ഒന്നും ചെയ്യേണ്ടതില്ല; പണം അക്കൗണ്ടിൽ നിന്ന് ഓട്ടോമാറ്റിക്കായി കട്ട് ചെയ്യും. ഈ സിസ്റ്റങ്ങൾ മുഴുവൻ ഇന്റർനെറ്റ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനാൽ, നെറ്റ്‌വർക്ക് തകരാറുണ്ടായാൽ സ്റ്റോർ പ്രവർത്തനം നിൽക്കാം. അതിനാൽ ബാക്കപ്പ് ഇന്റർനെറ്റ് കണക്ഷനുകൾ (redundant connections) ഉറപ്പാക്കണം Wi-Fi, Fiber, 4G/5G തുടങ്ങിയവ ഉപയോഗിച്ച്. ഇതിലൂടെ റിയൽ-ടൈം ബില്ലിംഗ് തടസമില്ലാതെ തുടരും. ഉൽപ്പന്നം എടുത്തയുടനെ അത് തിരിച്ചറിയുകയും, പണം അടച്ചതും ഉറപ്പാക്കേണ്ടതിനാൽ latency (താമസം) വളരെ കുറവായിരിക്കണം. അതിനായി സെർവർ, ഡാറ്റ പ്രോസസിംഗ്, AI സിസ്റ്റങ്ങൾ എല്ലാം സമയബന്ധിതമായി പ്രവർത്തി

> **തൊഴിലാളികളെ ടെക്നിക്കൽ-സഹായ പരിശീലനങ്ങളിലേക്കും കസ്റ്റമർക്ക് വേണ്ടി സേവന മേഖലകളിലേക്കും പുനഃപരിശീലിക്കാനുള്ള പദ്ധതികൾ ആവശ്യമാണ്. സർക്കാർ/എൻ ജി ഒ/സംരംഭകർ ചേർന്ന് സ്കിൽ-റീസ്കില്ലിംഗ് പ്രോഗ്രാമുകൾ നടപ്പാക്കണം.**

ക്കേണ്ടതുണ്ട്. ഇന്ത്യയിൽ എല്ലാ വ്യാപാര ഇടപാടുകൾക്കും GST ബില്ലിംഗ്, ഇൻവോയ്സ് ജനറേഷൻ, ഡാറ്റാ പ്രൈവസി നിയമങ്ങൾ തുടങ്ങിയവ ബാധകമാണ്. അതിനാൽ ഇത്തരം ഓട്ടോമേറ്റഡ് ബില്ലിംഗ് സിസ്റ്റങ്ങൾ നിയമാനുസൃതമായി രജിസ്റ്റർ ചെയ്തതും ഓഡിറ്റു ചെയ്യാവുന്നതുമായ രീതിയിൽ പ്രവർത്തിക്കണം.

## തൊഴിൽ ശേഷിയിലുള്ള മാറ്റങ്ങൾ

തൊഴിൽ നഷ്ടമോ പുനർവിതരണം ആണോ? കടകളിൽ കാഷ്യർ/സെയിൽസ്മാനുകളുടെ



ആവശ്യകത കുറഞ്ഞു കിട്ടാമെങ്കിലും, സിസ്റ്റം ഇൻസ്റ്റലേഷൻ, മെയിന്റനൻസ്, ഡാറ്റാ അനലിസ്റ്റ്, കസ്റ്റമർ സപ്പോർട്ട്, സൈബർ സുരക്ഷാ വിദഗ്ധർ തുടങ്ങി പുതിയ ടൈപ്പ് ജോലികൾ അധികമാകും. അതായത് മാറുന്ന കാലഘട്ടത്തിനനുസരിച്ച് സ്കില്ലുകൾ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു എന്നർത്ഥം. തൊഴിലാളികളെ ടെക്നിക്കൽ-സഹായ പരിശീലനങ്ങളിലേക്കും കസ്റ്റമർക്ക് വേണ്ടി സേവന മേഖലകളിലേക്കും പുനഃപരിശീലിക്കാനുള്ള പദ്ധതികൾ ആവശ്യമാണ്. സർക്കാർ/എൻ ജി ഒ/സംരംഭകർ ചേർന്ന് സ്കിൽ-റീസൈക്ലിംഗ് പ്രോഗ്രാമുകൾ നടപ്പാക്കണം.

## ഡാറ്റ പ്രൈവസിയും സെക്യൂരിറ്റിയും

വ്യക്തിഗത ഡാറ്റാ ശേഖരണം: ക്യാമറകൾ, സെൻസറുകൾ, മൊബൈൽ ആപ്പ് ട്രാക്കിംഗ് എന്നിവ വഴി ഉപഭോക്താക്കളുടെ ചലനം, പറ്റുന്ന ഇഷ്ടങ്ങൾ, പേയ്മെന്റ് വിവരങ്ങൾ എന്നിവ ശേഖരിക്കപ്പെടുന്നു. ഇത് പ്രൈവസി ലംഘനത്തിന് വഴിയൊരുക്കാം. ബില്ലിംഗ്/പേയ്മെന്റ് ഡാറ്റ, ബയോമെട്രിക് ഉൾപ്പെടെയുള്ള ഡാറ്റ നന്നായി എൻക്രിപ്റ്റ് ചെയ്ത് സുരക്ഷിത സെർവറുകളിൽ തന്നെ സൂക്ഷിക്കേണ്ടതാണ്; ഡേറ്റാ ലീസ്/ഹാക്ക് തടയുന്നതിനായി സ്റ്റാൻഡേഡ് സൈബർ സെക്യൂരിറ്റി പ്രോട്ടോകോളുകൾ പ്രയോജനം ചെയ്യണം.

## നിയമനിർമ്മാണം & നയങ്ങൾ

വ്യക്തിഗത ഡാറ്റ സംരക്ഷണത്തിന് നിയമപരമായി കർശനമായ മാർഗരേഖകൾ വേണം ഡാറ്റ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾ ഡാറ്റ പ്രോസസ്സിങ് പോലെ എന്ത് ശേഖരിക്കുന്നു, എത്ര കാലം സൂക്ഷിക്കുന്നു, ഉപഭോക്താവിന് എങ്ങനെ ഡിലീറ്റ്/ഒപ്റ്റ് ഔട്ട് ചെയ്യാം എന്നിവ അറിയിക്കേണ്ടതുണ്ട്.

## ഭാവിയുടെ വഴിയിലേക്ക്

സാങ്കേതിക വിദ്യയുടെ ഈ സുതാര്യവും വേഗമേറിയ വളർച്ച, വാണിജ്യ രംഗത്ത് ഒരു വിപ്ലവം തന്നെ സൃഷ്ടിക്കുന്നു. ക്യാഷ് കൗണ്ടർ ഇല്ലാത്ത കടകൾ എന്ന ആശയം, ഒരു കടയുടെ ഘടന മാത്രം അല്ല മാറ്റുന്നത്, വ്യവസായ സംസ്കാരവും ഉപഭോക്തൃ മനോഭാവവും മാറ്റുന്ന ഒരു നവ തരംഗമായി മാറുകയാണ്. ഷോപ്പിംഗ് ഇനി ഒരു പാരമ്പര്യ പ്രവർത്തനമല്ല; അത് ഒരു ഡിജിറ്റൽ അനുഭവം ആകുകയാണ്.

ഇന്ത്യയിലെ സ്റ്റാർട്ടപ്പുകൾക്കും യുവ സംരംഭകർക്കും ഈ രംഗം അനന്തമായ സാധ്യതകളാണ് തുറന്നു നൽകുന്നത് സ്മാർട്ട് സെൻസിംഗ്, ഡാറ്റാ അനലിറ്റിക്സ്, എ ഐ ബേസ്ഡ് റീട്ടെയിൽ പ്ലാറ്റ്ഫോമുകൾ തുടങ്ങിയ മേഖലകളിൽ പുതിയ ആശയങ്ങൾ പിറക്കാനുള്ള സാധ്യതകളാണ് ഇപ്പോൾ കാണുന്നത്. ഭാവിയിൽ പുതിയ ആശയ




ങ്ങൾ, സ്വയം പ്രവർത്തിക്കുന്ന സംവിധാനങ്ങൾ, ഇന്ത്യൻ സാഹചര്യത്തിന് അനുയോജ്യമായ പരിഹാരങ്ങൾ എന്നിവയിലൂടെ "സ്മാർട്ട് റീട്ടെയിൽ വിപ്ലവം'' നയിക്കാൻ നമുക്ക് കഴിയുമെന്ന് ഉറപ്പാണ്.

## സ്മാർട്ട് റീട്ടെയിൽ ടെക്നോളജി വികസനം

AI, IoT, കമ്പ്യൂട്ടർ വിഷൻ തുടങ്ങിയ മേഖലകളിൽ പുതിയ പരിഹാരങ്ങൾ വികസിപ്പിക്കാനുള്ള വലിയ സാധ്യതയുണ്ട്. ഉൽപ്പന്നം തിരിച്ചറിയൽ, ഉപഭോക്തൃ നീക്കങ്ങൾ മനസിലാക്കൽ, സ്വയം ബില്ലിംഗ് തുടങ്ങിയ സാങ്കേതിക വിദ്യകൾക്കായി ഇന്ത്യൻ സ്റ്റാർട്ടപ്പുകൾക്ക് തങ്ങളുടെ സ്വന്തം 'Made in India' മോഡലുകൾ സൃഷ്ടിക്കാം.

## സോഫ്റ്റ് വെയർ ആൻഡ് ആപ്പ് ഡെവലപ്മെന്റ്

ഇത്തരം സ്റ്റോറുകൾ പ്രവർത്തിപ്പിക്കാൻ ആവശ്യമായ മൊബൈൽ ആപ്പുകൾ, ബാക്ക്എൻഡ് ഡാറ്റ മാനേജ്മെന്റ്, പേയ്മെന്റ് ഇന്റഗ്രേഷൻ തുടങ്ങിയ മേഖലകളിൽ നൂറുകണക്കിന് ചെറു സ്റ്റാർട്ടപ്പുകൾക്ക് പ്രവർത്തിക്കാൻ കഴിയും.

## സെൻസർ ആൻഡ് ഹാർഡ്വെയർ സൊല്യൂഷൻസ്

ഇന്ത്യയിൽ തന്നെ സെൻസറുകൾ, ക്യാമറ മോഡ്യൂളുകൾ, ബാർകോഡ് സ്കാനറുകൾ, ഓട്ടോമാറ്റിക് ഗേറ്റുകൾ എന്നിവ രൂപ കൽപ്പന ചെയ്യാനുള്ള സാധ്യതയുണ്ട്. ഇന്ത്യൻ ചെറുകിട വ്യവസായങ്ങൾക്കും ഇതിൽ പങ്കാളികളാകാം.

## ഡാറ്റാ അനലിറ്റിക്സ് & കൺസ്യൂമർ ബിഹേവിയർ സ്റ്റഡി

ഇത്തരം സ്റ്റോറുകളിൽ നിന്നുള്ള വൻ ഡാറ്റ ഉപയോഗിച്ച് ഉപഭോക്താക്കളുടെ ഷോപ്പിംഗ് ശീലങ്ങൾ, ഡിമാൻഡ് പാറ്റേൺ തുടങ്ങിയവ മനസിലാക്കാൻ



കഴിയും. ഈ ഡാറ്റ അനലിസിസ് സേവനങ്ങൾ നൽകുന്ന സ്റ്റാർട്ടപ്പുകൾക്കും നല്ല മാർക്കറ്റാണ്.

## സുരക്ഷാ സിസ്റ്റം & പ്രൈവസി ടെക്

ഡാറ്റാ പ്രൈവസി, സൈബർ സെക്യൂരിറ്റി തുടങ്ങിയ വിഷയങ്ങൾ പ്രധാനമായതിനാൽ സുരക്ഷാ ഓഡിറ്റ്, എൻക്രിപ്ഷൻ ടെക്നോളജി, സ്മാർട്ട് സർവെയിലൻസ് സിസ്റ്റം തുടങ്ങിയ സേവനങ്ങൾ നൽകുന്ന സ്റ്റാർട്ടപ്പുകൾക്കും ആവശ്യകത വർധിക്കുന്നു.

## റീട്ടെയിൽ ഓട്ടോമേഷൻ കൺസൾട്ടൻസി

വലിയ റീട്ടെയിൽ ചെയിനുകൾക്കും മാളുകൾക്കും ഈ സാങ്കേതിക വിദ്യ പ്രയോഗിക്കാൻ മാർഗ്ഗ നിർദേശം നൽകുന്ന കൺസൾട്ടിംഗ് ഫേമുകൾ വളരാൻ സാധ്യതയുണ്ട്.

## സ്മാർട്ട് പേയ്മെന്റ് ഗേറ്റ്‌വേ സൊല്യൂഷൻസ്

ഉപഭോക്താവിന്റെ അക്കൗണ്ടിൽ നിന്ന് സ്വയം പണം പിൻവലിക്കുന്ന ഓട്ടോമാറ്റിക് പേയ്മെന്റ് ഗേറ്റ്‌വേകളും ഡിജിറ്റൽ വാലറ്റുകളും വികസിപ്പിക്കാനും നിരവധി ഇന്ത്യൻ ഫിൻടെക്



**“ഉപഭോക്താവിന്റെ അക്കൗണ്ടിൽ നിന്ന് സ്വയം പണം പിൻവലിക്കുന്ന ഓട്ടോമാറ്റിക് പേയ്മെന്റ് ഗേറ്റ്‌വേകളും ഡിജിറ്റൽ വാലറ്റുകളും വികസിപ്പിക്കാനും നിരവധി ഇന്ത്യൻ ഫിൻടെക് സ്റ്റാർട്ടപ്പുകൾക്ക് അവസരം ഉണ്ട്.”**

സ്റ്റാർട്ടപ്പുകൾക്ക് അവസരം ഉണ്ട്.

സാങ്കേതിക വിദ്യയുടെ വേഗമേറിയ വളർച്ച മനുഷ്യജീവിതത്തിന്റെ എല്ലാ മേഖലകളെയും പോലെ വാണിജ്യ രംഗത്തെയും അടിസ്ഥാന തലത്തിൽ മാറ്റി മറിക്കുന്നു. ക്യാഷ് കൌണ്ടർ ഇല്ലാത്ത കടകൾ എന്ന ആശയം, വെറും സാങ്കേതിക പുതുമയല്ല അത് വ്യാപാരത്തിന്റെയും ഉപഭോക്തൃ അനുഭവത്തിന്റെയും സംസ്കാരപരമായ മാറ്റത്തിന്റെ പ്രതീകമാണ്. ഇത്തരം സ്റ്റോറുകൾ സമയ സംരക്ഷണവും സൗകര്യവും നൽകുന്നതിനൊപ്പം, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, IoT, കമ്പ്യൂട്ടർ വിഷൻ പോലുള്ള സാങ്കേതികവിദ്യകളുടെ ശക്തി നമുക്ക് നേരിട്ട് അനുഭവിക്കാനുള്ള വാതിൽ തുറക്കുന്നു. അതേ സമയം, ഡാറ്റാ പ്രൈവസി, തൊഴിൽ പുനർഘടന, സൈബർസുരക്ഷ എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ് താനും.

ടെക്നോളജിയും മനുഷ്യനും പരസ്പരം പൂരകങ്ങളായി പ്രവർത്തിക്കുന്ന ഒരു ലോകം സൃഷ്ടിക്കുമ്പോഴാണ് ഈ നവയുഗം പൂർണ്ണമായി വിജയിക്കുന്നത് മനുഷ്യന്റെ സൗകര്യത്തിനായുള്ള സാങ്കേതിക വിദ്യ, മനുഷ്യനെ മറികടക്കാനുള്ളതല്ല. അതിനാൽത്തന്നെ ഇതോടൊപ്പം സമൂഹം, സർക്കാർ, സാങ്കേതികരംഗം എല്ലാവരും ചേർന്ന് നീതിപരമായ പ്രൈവസി സംരക്ഷണവും തൊഴിലവസര പുനർഘടനയും ഉറപ്പാക്കേണ്ടത് അനിവാര്യമാണ്. ടെക്നോളജിയുടെ വളർച്ച മനുഷ്യനെ മാറ്റി സ്ഥാപിക്കുന്നതാകരുത്; മറിച്ച് അവന്റെ ജീവിതം കൂടുതൽ എളുപ്പവും ഗുണമേന്മയുള്ളതുമാക്കുന്ന ദിശയിലാണ് മുന്നോട്ട് പോകേണ്ടത്.

റിഷിക നാരായൺ




# കണ്ടുപിടുത്തങ്ങൾക്ക് കാവലാളായി പേറ്റന്റ്

ഒരു പുതിയ ഉൽപ്പന്നമോ സേവനമോ വിപണിയിലവതരിപ്പിക്കുന്ന സംരംഭകനോ ഗവേഷകനോ അവശ്യം അറിഞ്ഞിരിക്കേണ്ടുന്നയൊന്നാണ് പേറ്റൻറ് എന്നത്. ഇത് ബൗദ്ധീക സ്വത്തവകാശ നിയമത്തിന്റെ പരിധിയിൽത്തന്നെ വരുന്നതാണ്. പുതുമയും സാങ്കേതിക അഭിവൃദ്ധിയുമാണ് ആധുനിക കാലത്തെ സംരംഭകത്വത്തിന്റെ ഹൃദയഭാഗം. ഇന്നത്തെ കടുത്ത മത്സരമുള്ള വിപണിയിൽ, ഒരു പുതിയ ഉൽപ്പന്നമോ സേവനമോ വികസിപ്പിച്ച് ആ നേട്ടം സംരക്ഷിക്കുക എന്നത് വളരെയധികം പ്രധാനമാണ്. ഇതിന് വഴികാട്ടുന്നത് തന്നെ പേറ്റന്റ് എന്ന ബൗദ്ധിക സ്വത്തവകാശമാണ്. പ്രത്യേകിച്ചും ഗവേഷകരും സംരംഭകരും തങ്ങളുടേതായ നവീകരണങ്ങളെ നിയമപരമായി സംരക്ഷിക്കാനായി പേറ്റന്റിനുവേണ്ടി അപേക്ഷിക്കേണ്ടത് അനിവാര്യമാണ്.

## എന്താണ് പേറ്റന്റ്

പേറ്റന്റ് എന്നത് ഒരു വ്യക്തിയുടെയോ സ്ഥാപനത്തിന്റെയോ സാങ്കേതിക ആവിഷ്കാരത്തിന് നിയമപരമായ സംരക്ഷണം നൽകുന്ന അവകാശമാണ്. ആരെങ്കിലും ഒരു പുതുമയുള്ള കണ്ടുപിടിത്തം നടത്തുമ്പോൾ, അതിന്റെ ഉടമസ്ഥാവകാശം ഉറപ്പാക്കാനും അതിൽ നിന്ന് സാമ്പത്തികമായി നേട്ടം നേടാനും പേറ്റന്റ് നിയമം സഹായിക്കുന്നു. ഇത് ബുദ്ധിമുട്ടുള്ള ആവിഷ്ക്കാരങ്ങൾക്ക് നൽകുന്ന ബൗദ്ധിക സ്വത്തവകാശങ്ങളിലൊന്നാണ്. ഇതിലൂടെ കണ്ടുപിടുത്തം നടത്തിയ വ്യക്തിക്ക് അതിൽ നിന്ന് മറ്റുള്ളവർ നിർമ്മിക്കരുത്, വിൽക്കരുത് എന്ന നിയമപരമായ അവകാശം സർക്കാർ അനുവദിക്കുന്നു. അതായത് അത് വരെ ലോകത്തിലില്ലാതിരുന്ന ഒരു സാങ്കേതിക വിദ്യയോ ഉൽപ്പന്നമോ പുതുതായി കണ്ട് പിടിക്കപ്പെടുമ്പോൾ ആയതിനാണ് പേറ്റന്റ് ആവശ്യമായി വരുന്നത്.  ഒരു കമ്പനി പുതുതായി ഒരു ഉൽപ്പന്നം വിപണിയിലിറക്കുമ്പോൾ ആണ് സംരംഭകർക്ക് പ്രധാനമായും ഇതിന്റെ ആവശ്യകത വരുന്നത്.

## പേറ്റന്റിന്റെ പ്രധാന ഘടകങ്ങൾ:

### പ്രത്യേകാവകാശം (Exclusivity)

പേറ്റന്റ് നേടുന്ന വ്യക്തിക്ക്, മറ്റ് ആളുകൾക്ക് അവരുടെ അനുമതിയില്ലാതെ ആ കണ്ടുപിടിത്തം വ്യാപാരപരമായി ഉപയോഗിക്കാതിരിക്കാൻ തടയാനുള്ള നിയമാവകാശം ലഭിക്കും.

### പരിധിയുള്ള കാലാവധി (Limited Time)

പേറ്റന്റുകൾക്ക് നിശ്ചിതമായ കാലാവധിയാണ് ഉണ്ടായിരിക്കുക  സാധാരണയായി 20 വർഷം.

### പ്രതിപാദ്യവിഷയം (Subject Matter)

പേറ്റന്റുകൾക്കുള്ള പ്രതിപാദ്യങ്ങൾ വളരെ വിപുലമാണ്: പുതിയ യന്ത്രങ്ങൾ, നിർമ്മിത ഉൽപ്പന്നങ്ങൾ, വ്യാവസായിക പ്രക്രിയകൾ തുടങ്ങിയവയെല്ലാം ഇതിന്റെ പരിധിയിൽ വരും.

### പേറ്റന്റുകളുടെ തരം (Types of Patents): പേറ്റന്റുകൾ വിവിധ തരത്തിലുണ്ട്.

ഉപയോഗ പേറ്റന്റ് (Utility Patents): കണ്ടുപിടുത്തങ്ങൾ സംരക്ഷിക്കുന്നു.

ഡിസൈൻ പേറ്റന്റ് (Design Patents): രൂപകൽപ്പന സംരക്ഷിക്കുന്നു.

പ്ലാന്റ് പേറ്റന്റ് (Plant Patents): പുതിയ സസ്യ ഇനങ്ങൾ സംരക്ഷിക്കുന്നു.

### പേറ്റന്റിന്റെ ലക്ഷ്യം


പേറ്റന്റിന്റെ പ്രധാന ലക്ഷ്യം നവീനതയെ പ്രോത്സാഹിപ്പിക്കുകയാണ്. ആളുകൾ പുതിയ ആശയങ്ങൾ രൂപപ്പെടുത്താൻ, അവയെ പ്രയോഗത്തിലേക്ക് കൊണ്ടുവരാൻ ധൈര്യപ്പെടണം എന്നതാണ് അതിന്റെ നിഷ്പക്ഷ ഉദ്ദേശം. അതിനായി, ഒരു കാലയളവിനുള്ളിൽ ആ ആവിഷ്കാരത്തെ മറ്റുള്ളവർ അനുമതിയില്ലാതെ ഉപയോഗിക്കരുതെന്ന് നിയമം ഉറപ്പാക്കുന്നു.

### പേറ്റന്റിന്റെ പ്രാധാന്യം

കണ്ടുപിടിത്തത്തിനുള്ള ഉടമസ്ഥാവകാശം ഉറപ്പാക്കുന്നു.

ബിസിനസ്സിനായി അതിന്റെ കമേഴ്ഷ്യൽ ഉപയോഗം നിയന്ത്രിക്കാൻ സഹായിക്കുന്നു.

മറ്റുള്ളവർ അനുമതിയില്ലാതെ ഉപയോഗിച്ചാൽ നിയമപരമായി നടപടി സ്വീകരിക്കാം.



**Patent**

A legal document giving the holder exclusive intellectual property rights over a specific invention, patents are an important element in encouraging innovation.

പുതിയ ആശയങ്ങൾക്കായി നിക്ഷേപം ആകർഷിക്കാനാകും.

ഉൽപ്പന്നങ്ങളിൽ സംഭവിക്കുന്ന വലിയ മാറ്റങ്ങൾ എന്നിവയെക്കുറിച്ചായിരിക്കും.

### പേറ്റന്റ് നേടാനുള്ള നിബന്ധനകൾ

ഒരു കണ്ടുപിടിത്തം പേറ്റന്റായി രജിസ്റ്റർ ചെയ്യാൻ ചില മാനദണ്ഡങ്ങൾ പാലിക്കണം:

1. പുതുമ (Novelty): ഈ ആശയം മുമ്പ് ആർക്കും അറിയാത്തതായിരിക്കണം.

2. ഉദ്വേഗനക്ഷമത (Inventive Step): സാധാരണ അറിവ് ഉള്ള ഒരാൾക്കു സാദ്ധ്യതയില്ലാത്ത രീതിയിലായിരിക്കണം അതിന്റെ രചന.


3. പ്രായോഗികത (Industrial Applicability): അതിനൊരു പ്രായോഗിക ഉപയോഗം ഉണ്ടായിരിക്കണം.

### പേറ്റന്റ് എങ്ങനെ നേടാം?

പേറ്റന്റ് രജിസ്ട്രേഷൻ ഒരു നിയമപരമായ പ്രക്രിയയാണ്. ഇന്ത്യൻ പേറ്റന്റ് ഓഫിസിൽ അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. അതിൽ കണ്ടുപിടിത്തത്തിന്റെ വിശദമായ വിവരണവും, അതിന്റെ ആവശ്യകതയും, നിർമ്മാണ പ്രക്രിയയും ഉൾപ്പെടുത്തണം. തുടർന്ന് അതിന്റെ വിശകലനത്തിനും പരിശോധനയ്ക്കും വിധേയമാക്കപ്പെടുന്നു. എല്ലാ മാനദണ്ഡങ്ങളും പാലിക്കുന്നുവെന്ന് ഉറപ്പായാൽ മാത്രമേ പേറ്റന്റ് ലഭിക്കുകയുള്ളു. അത് കൊണ്ട് തന്നെ പേറ്റന്റിന് അപേക്ഷിക്കുമ്പോൾ പുതുമയും (Novelty) invention നും ഉണ്ടോ എന്നറിയാൻ മുന്നമേ ലഭിച്ച പേറ്റന്റുകളുടെ തിരയലുകൾ നടത്തുന്നത് ഗുണകരമാണ്. ഇതിലൂടെ മുമ്പ് സമാനമായ ആശയങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ എന്നത് കണ്ടെത്താം.

ഒരു പുതിയ കണ്ടുപിടിത്തത്തിന് ഇന്ത്യയിൽ പേറ്റന്റ് നേടുന്നത് വിവിധ ഘട്ടങ്ങളിലൂടെയാണ് മുന്നേറുന്നത്. അപേക്ഷ സമർപ്പിച്ചതിൽ നിന്ന് പേറ്റന്റ് ലഭിക്കുന്നതു വരെ പലപ്പോഴും വർഷങ്ങൾ നീളുന്ന ഒരു പ്രക്രിയയാണിത്. ആശയം/കണ്ടുപിടിത്തം പരമാവധി വിശദമായി രേഖപ്പെടുത്തണമെന്നത് നിർബന്ധമാണ്. ഇതിൽ അതിന്റെ സാങ്കേതിക മേഖല, പശ്ചാത്തലം, പ്രശ്നപരിഹാര രീതികൾ എന്നിവ ഉൾപ്പെടണം.

ഇന്ത്യൻ പേറ്റന്റ് ഓഫിസിൽ ആണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഡൽഹി, കൊൽക്കത്ത, മുംബൈ, ചെന്നൈ എന്നിവിടങ്ങളിൽ ഓഫീസുകളുണ്ടെങ്കിലും കേരളത്തിലുള്ളവർ സമീപിക്കേണ്ടത് ചെന്നൈ ഓഫീസിനെയാണ്. ആവശ്യമായ പ്രധാന ഫോമുകൾ:




## ഫോം 1: അപേക്ഷാ ഫോം

**(Application for Grant of Patent)**

ഇതാണ് പേറ്റന്റ് രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രധാന അപേക്ഷാ ഫോം. ഈ ഫോമിൽ ആവശ്യപ്പെടുന്നത്:

അപേക്ഷകന്റെ (Applicant) വിശദാംശങ്ങൾ

കണ്ടുപിടിത്തക്കാരന്റെ (Inventor) വിശദാംശങ്ങൾ

പകർപ്പവകാശ അവകാശികളുള്ളതാണോ എന്ന്

ഫയലിംഗ് തരം: പ്രൊവിഷണലോ കംപ്ലീറ്റോ

അപേക്ഷയിൽ ഉൾപ്പെടുന്ന ഫോമുകളുടെ ലിസ്റ്റ്

## ഫോം 2: സ്പെസിഫിക്കേഷൻ (Provisional അല്ലെങ്കിൽ Complete Specification)

ഈ ഫോമിൽ ആ കണ്ടുപിടുത്തം എന്താണെന്ന് വിശദമായി വിശദീകരിക്കേണ്ടതുണ്ട്.

ഇത് 2 തരത്തിലുണ്ട്.

Provisional Specification - കണ്ടുപിടുത്തം ഇപ്പോഴും വികസനത്തിലായിരിക്കുമ്പോൾ ഫയൽ ചെയ്യാം. പേറ്റന്റിന്റെ പ്രാധാന്യ തീയതി ഉറപ്പാക്കാൻ സഹായിക്കുന്നു.

Complete Specification - കണ്ടുപിടുത്തം പൂർണ്ണമായ രീതിയിൽ തയ്യാറായപ്പോൾ സമർപ്പിക്കുന്നു. ഈ ഘട്ടത്തിൽ ക്ലെയിംസ് ഉൾപ്പെടണം.

കണ്ടുപിടുത്തത്തിന്റെ സാങ്കേതിക വിശദാംശങ്ങൾ, ഡ്രോയിങ്ങുകൾ, പ്രവർത്തനരീതികൾ എന്നിവ ഉൾപ്പെടുത്തേണ്ടതുണ്ട്.

## ഫോം 3: വിദേശ അപേക്ഷ വിവരങ്ങൾ (Statement and Undertaking Regarding Foreign Applications)

ഫോം 3 ഉപയോഗിച്ച് അപേക്ഷകൻ താഴെ പറയുന്ന രണ്ട് കാര്യങ്ങളും നിർദേശിക്കണം:


**Statement (പ്രസ്താവന):**

ഈ കണ്ടുപിടുത്തം ലോകത്തിലെ മറ്റ് രാജ്യങ്ങളിലെ പേറ്റന്റ് ഓഫീസുകളിലും അപേക്ഷിച്ചതാണോ എന്ന് വ്യക്തമായി അറിയിക്കൽ.

**Undertaking (ഉടമ്പടി):**

ഭാവിയിൽ ഏതെങ്കിലും വിദേശ പേറ്റന്റ് ഓഫീസിൽ അപേക്ഷ സമർപ്പിക്കുന്ന പക്ഷം, അതിന്റെ വിശദാംശങ്ങൾ ഇന്ത്യയിലെ പേറ്റന്റ് ഓഫീസിനെ അറിയിക്കുമെന്ന് പ്രതിജ്ഞ.

ഇന്ത്യയും വിദേശ രാജ്യങ്ങളും തമ്മിലുള്ള പേറ്റന്റ് അവകാശങ്ങൾ പൂർണ്ണമായും synchronize



ചെയ്യാനുള്ള അവസരമാണ് ഇത് നൽകുന്നത്. അതായത്, മറ്റേതെങ്കിലും രാജ്യത്ത് പേറ്റൻറ് അവകാശം ഉറപ്പാക്കിയാൽ, ഇന്ത്യയും അത് പരിഗണിക്കും എന്നാൽ അത് കാണിക്കേണ്ടത് അപേക്ഷകന്റെ ഉത്തരവാദിത്തമാണ്.

### ഫോം 5: കണ്ടുപിടിത്തക്കാരുടെ പ്രഖ്യാപനം

(Declaration as to Inventorship)

ഫോം 5 ഉപയോഗിച്ച് പേറ്റന്റ് അപേക്ഷയിൽ വിവരിച്ചിരിക്കുന്ന കണ്ടുപിടിത്തം ആരാണ് യഥാർത്ഥ കണ്ടുപിടിത്തകാർ (inventors) എന്ന് ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടുന്നു.

### ഫോം 26: പേറ്റന്റ് ഏജന്റ് / അറ്റോർണിയുടെ നിയമനം (Authorization of Patent Agent or Legal Representative)

പേറ്റന്റ് അപേക്ഷ കമ്പനി അല്ലെങ്കിൽ വ്യക്തി തന്നെ നേരിട്ട് സമർപ്പിക്കുന്നില്ല, മറിച്ച് ഒരു പേറ്റന്റ് ഏജന്റിന്റെ/നിയമ പ്രതിനിധിയുടെ മുഖേന സമർപ്പിക്കുമ്പോൾ, അവരെ നിയമപരമായി നിയമിക്കുകയാണ് ഈ ഫോം വഴി ചെയ്യുന്നത്.

ഇത് കൂടാതെ ചില അനുബന്ധ ഫോമുകൾ (Other Related Forms) കൂടെയുണ്ട്.

**ഫോം 18** Request for Examination (RFE) - Patent Office അപേക്ഷ പരിശോധിക്കേണ്ടതിന്ന് നിർബന്ധമായ ഫോം. ഇത് ഇല്ലെങ്കിൽ പേറ്റന്റ് നൽകില്ല. അപേക്ഷ ഫയൽ ചെയ്ത 48 മാസത്തിനുള്ളിൽ സമർപ്പിക്കണം.

**ഫോം 18A** - Request for Expedited Examination - പ്രത്യേക കാറ്റഗറികളിൽ വരുന്നവർക്ക് (സ്റ്റാർട്ടപ്പ്, വനിതാ അഭിമുഖ്യത്തിലുള്ളവർ തുടങ്ങിയവർ) പേറ്റന്റ് പരിശോധന വേഗത്തിൽ നടത്താൻ അപേക്ഷിക്കാം.

**ഫോം 6** - Claim or Change of Applicant അപേക്ഷകന്റെ പേര് മാറ്റേണ്ടിയിരിക്കുമ്പോൾ ഉപയോഗിക്കുന്നു (ഉദാ: ട്രാൻസ്ഫർ, അസൈൻമെന്റ്)

**ഫോം 13** - Application for Amendment ക്ലെയിംസ്, സ്പെസിഫിക്കേഷൻ തുടങ്ങിയവയിൽ മാറ്റങ്ങൾ വരുത്താനാണ്.

**ഫോം 27** - Statement Regarding Working of Patent - പേറ്റന്റ് ലഭിച്ച ശേഷം, ഇന്ത്യയിൽ ആ കണ്ടുപിടിത്തം വ്യാപാരപരമായി ഉപയോഗിക്കുന്നുണ്ടോ എന്ന വിവരം നൽകേണ്ടത്. ഇത് പ്രതിവർഷം നൽകണം.




### പേറ്റന്റും സമൂഹവും

പേറ്റന്റ് ഒരു വ്യക്തിക്ക് അല്ലെങ്കിൽ ഒരു കമ്പനിക്ക് പ്രയോജനകരമായതുപോലെ തന്നെ, സമൂഹത്തിനും ഗുണകരമാണ്. കാരണം, ഒരു പേറ്റന്റ് അപേക്ഷ നൽകുമ്പോൾ അതിന്റെ വിശദാംശങ്ങൾ പൊതുവെ അറിയപ്പെടുന്നു. അതിലൂടെ മറ്റു ഗവേഷകർക്ക് അതിന്റെ അടിസ്ഥാനത്തിൽ പുതിയ കണ്ടുപിടിത്തങ്ങൾ നടത്താൻ സഹായമാകുന്നു.

https://ipindia.gov.in/ എന്ന വെബ് സൈറ്റിൽ നിന്നും ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ അറിയുവാൻ കഴിയും.

പേറ്റന്റ് സമ്പ്രദായം സാങ്കേതിക നവീകരണങ്ങൾ പ്രോത്സാഹിപ്പിക്കുകയും അതിന്റെ ഉടമസ്ഥാവകാശം ഉറപ്പു വരുത്തുകയും ചെയ്യുന്ന ഒരു ശക്തമായ ഉപാധിയാണ്. സംരംഭകർക്കും ഗവേഷകർക്കും ഇത് തങ്ങളുടെ ആവിഷ്കാരങ്ങൾക്ക് നിയമപരമായ സംരക്ഷണം നൽകി, വിപണിയിലെ സ്പർദ്ധയിൽ മുൻതൂക്കം നേടാൻ സഹായിക്കുന്നു. ഒരു പേറ്റന്റ് അപേക്ഷ ഫയൽ ചെയ്യുന്നത് ഒരു നിയമ പരമായ, സാങ്കേതികമായ പ്രക്രിയയാണ്. അതിനാൽ തന്നെ വിശദമായ തയ്യാറെടുപ്പും നിഷ്ഠയോടെയുള്ള സമീപനവുമാണ് ആവശ്യമായത്. ഇന്ത്യയിലെ പേറ്റന്റ് രജിസ്ട്രേഷൻ സിസ്റ്റത്തിൽ ഉള്ള ഓരോ ഘട്ടത്തിലും ശരിയായ ഡോക്യുമെന്റുകളും ഫോംകളും സമർപ്പിക്കുന്നതിലൂടെ മാത്രമേ വിജയകരമായി പേറ്റന്റ് ഉറപ്പാക്കാനാകൂ. അതിനാൽ തന്നെ, ബൗദ്ധിക സ്വത്തവകാശങ്ങൾക്കുള്ള പ്രാധാന്യവും അതിന്റെ പ്രായോഗിക പ്രയോജനങ്ങളും മനസിലാക്കി അതിന്റെ വഴി ശാസ്ത്രീയമായി പിന്തുടരുകയാണ് വിജയത്തിലേക്കുള്ള ആദ്യപടി.



**ടി. എസ്. ചന്ദ്രൻ**




# ഈടില്ലാതെ മെഷീനറി വായ്പ – 5 കോടി വരെ എങ്ങനെ നേടാം

സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്ക് ഏറെ ഗുണകരമാകുന്ന പുതിയ പദ്ധതിയാണ് പ്രഖ്യാപിച്ചിരിക്കുന്നത്. എം.എസ്.എം. ഇ മേഖലയ്ക്ക് അഞ്ചു കോടി രൂപ വരെ മെഷീനറി വാങ്ങുന്നതിന് വായ്പ നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. കേരള ഫിനാൻഷ്യൽ കോർപ്പറേഷനാണ് പദ്ധതി നടപ്പിലാക്കുന്നത്.

## പദ്ധതി ആനുകൂല്യങ്ങൾ

അഞ്ചു കോടി രൂപ വരെ സമയ വായ്പയായി അനുവദിക്കുന്നു. പദ്ധതി ചെലവിന്റെ 20% സംരംഭകർ കണ്ടെത്തിയാൽ മതിയാകും. മെഷീനറി / ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനാണ് വായ്പ അനുവദിക്കുക.

## പലിശ

9.5% വാർഷിക പലിശയാണ് പദ്ധതിയിൽ ഈടാക്കുന്നത്. എന്നാൽ മുഖ്യമന്ത്രിയുടെ സംരംഭകത്വ വികസന പരിപാടി പ്രകാരം യോഗ്യതയുള്ള സംരംഭങ്ങൾക്ക് രണ്ട് കോടി രൂപവരെ 5% പലിശയ്ക്ക് ലഭ്യമാക്കും. ബാക്കി തുകയ്ക്ക് 9.5% പലിശ നൽകേണ്ടിവരും.

## യോഗ്യത മാനദണ്ഡങ്ങൾ

700–ൽ കുറയാത്ത സിബിൽ സ്കോർ ഉണ്ടായിരിക്കണം. പ്രത്യേക രീതിയിൽ ഇത് കണക്കാക്കും. പ്രായപരിധി സംബന്ധിച്ച് പ്രത്യേക നിബന്ധനകൾ ഇല്ല. മൂന്നുവർഷം തുടർച്ചയായി പ്രവർത്തിച്ചുവരുന്ന സ്ഥാപനം ആയിരിക്കണം. അവസാന രണ്ടു വർഷം ലാഭകരമായി പ്രവർത്തിച്ചിരിക്കണം. വായ്പ –





ഇക്വിറ്റി അനുപാതം 4:1 ആയിരിക്കണം. നേരത്തെ എടുത്ത വായ്പകളിലെ തിരിച്ചടവ് മികച്ചതായിരിക്കണം.

ഈ പദ്ധതി പ്രകാരം സമർപ്പിക്കുന്ന പദ്ധതി ചെലവിന്റെ 75% ത്തിൽ കുറയാത്ത തുക മെഷീനറി വാങ്ങുന്നതിന് വേണ്ടി ആയിരിക്കണം. പ്രാബല്യമുള്ള ഒരു റണ്ണിംഗ് ലൈസൻസ് ഉണ്ടായിരിക്കണം. പഴയ മെഷീനറികൾക്കോ ഫാബ്രിക്കേറ്റ് ചെയ്യുന്ന മെഷീനറികൾക്കോ വായ്പ ലഭിക്കുകയില്ല. ഉദ്യം രജിസ്ട്രേഷൻ വേണം. അപേക്ഷയോടൊപ്പം മെഷീനറിയുടെ ക്വട്ടേഷൻ സമർപ്പിക്കണം. അവർക്ക് തുക നേരിട്ട് ആയിരിക്കും വിതരണം ചെയ്യുക. വാർഷിക മെയിന്റനൻസ് എഗ്രിമെൻറ് ഉണ്ടാക്കണം. ഈ പദ്ധതി പ്രകാരം വാങ്ങുന്ന മെഷീനറികളുടെ ഫസ്റ്റ് ചാർജ് എപ്പോഴും കെ എഫ് സി ക്ക് ആയിരിക്കും.

## കൊലാറ്ററൽ സെക്യൂരിറ്റി ആവശ്യമില്ല

ഈ പദ്ധതി പ്രകാരമുള്ള വായ്പക്ക് ക്രെഡിറ്റ് ഗ്യാരണ്ടി പദ്ധതി പ്രകാരമുള്ള കവറേജ് ലഭിക്കുന്നതിനാൽ അധിക സെക്യൂരിറ്റികൾ നൽകേണ്ടതില്ല. വായ്പയെടുത്തു വാങ്ങുന്ന മെഷീനറിയും ഉപകരണങ്ങളും മാത്രമാണ് ഇവിടെ സെക്യൂരിറ്റിയായി നൽകേണ്ടി വരിക. എന്നാൽ പേഴ്സണൽ ഗ്യാരണ്ടി ആവശ്യമായി വരും. മറ്റു വസ്തുക്കൾ ഒന്നും ഈട് നൽകേണ്ടി വരില്ല എന്ന് ചുരുക്കം.




## വായ്പ തിരിച്ചടവും മൊറട്ടോറിയവും

ആറു മുതൽ 12 മാസം വരെ മൊറട്ടോറിയം കിട്ടും. മൊറട്ടോറിയം പിരീഡ് ഉൾപ്പെടെ ഏഴു വർഷത്തിനുള്ളിൽ പ്രതിമാസ ഗഡുക്കൾ ആയി വായ്പ തിരിച്ചടയ്ക്കണം.

## സബ്സിഡി

ഈ പദ്ധതി പ്രകാരം പ്രത്യേക സബ്സിഡികൾ ഒന്നും പറയുന്നില്ല. എന്നിരുന്നാലും നിർമ്മാണ സ്ഥാപനങ്ങൾക്ക് എന്റർപ്രണർ സപ്പോർട്ട് സ്കീം പ്രകാരം 15 % മുതൽ 45% വരെ നിക്ഷേപ സബ്സിഡിക്ക് അർഹത ഉണ്ടായിരിക്കും. ഈ സബ്സിഡി KFC തന്നെ വിതരണം ചെയ്യും.

വായ്പക്ക് അപേക്ഷിക്കുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ ജില്ലാ/മേഖല ഓഫീസുകളുമായി ബന്ധപ്പെടുകയോ സൈറ്റിൽ കയറി ഓൺലൈൻ ആയി അപേക്ഷിക്കുകയോ ചെയ്യാം. അപേക്ഷ സമർപ്പിക്കും മുൻപ് കെഎഫ്സിയുടെ ഓഫീസിൽ പോയി നേരിട്ട് സംസാരിക്കുന്നത് നന്നായിരിക്കും.

മൂന്നുവർഷമെങ്കിലും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സംരംഭങ്ങൾക്ക് മെഷീനറി വാങ്ങുന്നതിന് സൗകര്യപ്രദമായ ഒരു വായ്പാ പദ്ധതിയാണ് ഇത്. ഈടില്ലാതെ വായ്പ ലഭിക്കും എന്നതും, രണ്ട് കോടി രൂപ വരെ 5% പലിശയ്ക്ക് (സിഎംഎഡിപി പ്രകാരം) ലഭിക്കും എന്നതുമാണ് പദ്ധതിയുടെ ആകർഷകത്വം.

**സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്**
**മുൻ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ**



അഡ്വ. അമീർഷാ വി.പി

RUBCO
Kerala state Rubber Co-operative Limited

DOLPHIN
RUBBER INDUSTRIES
Manufacturers and exporters of floor mats

# കേരള റബ്ബർ വ്യവസായം ഇനി മാറ്റങ്ങളിലേക്ക്

കേരത്തിലെ റബ്ബർ കൃഷിയും റബ്ബർ അധിഷ്ഠിത വ്യവസായവും എങ്ങിനെ കൂടുതൽ ലാഭകരമായ രൂപത്തിൽ നമുക്ക് മാറ്റങ്ങളിലേക്ക് കൊണ്ട് പോവാം എന്നതാണ് ഈ ലക്കത്തിൽ നമ്മൾ ചർച്ച ചെയ്യുന്നത്. അതേയവസരത്തിൽ കേരളത്തിലെ റബ്ബർ കൃഷിക്ക് വേണ്ടി നമ്മൾ ഉപയോഗിക്കുന്ന ഭൂമി ഇതര കൃഷിരീതികളിലേക്ക് പരിവർത്തനം ചെയ്താൽ ലഭിക്കുന്ന വലിയ മാറ്റങ്ങളും സാധ്യതകളും കൂടി ഈ വിഷയത്തോടൊപ്പം നമ്മൾ തീർച്ചയായും ചർച്ച ചെയ്യപ്പെടണം.

ചരിത്രപരമായി കേരളത്തിലെ റബ്ബർ വ്യവസായം / കൃഷി എന്നിവ കൊണ്ടുണ്ടായ പ്രധാന ഗുണങ്ങൾ എന്താണെന്ന് ആദ്യം നോക്കാം. 1960 മുതലാണ് കേരളത്തിൽ റബ്ബർ കൃഷിയുടെ വളർച്ചയുടെ തുടക്കം കുറിക്കുന്നത്. 1960 മുതൽ റബ്ബർ കൃഷിയും വിലനിലവാരവും വലിയ തോതിൽ കയറ്റിറക്കങ്ങളിലൂടെ സഞ്ചരിച്ചപ്പോൾ നമ്മൾ വലിയ തോതിൽ ഭൂമി ഈ കൃഷിക്ക് വേണ്ടി മാറ്റി വെക്കുകയും കേരളത്തിലെ ഒട്ടുമിക്ക കുന്നുകളും മലകളും നമ്മൾ റബ്ബർ കൃഷിക്ക് വേണ്ടി മാറ്റി നിർത്തുകയും ചെയ്തത് നോക്കിയാൽ നമ്മൾ നിക്ഷേപം നടത്തിയ ഭൂമിയുടെ തോതിനനുസരിച്ചു ഒരിക്കലും നമ്മൾക്ക് കാര്യമായ ലാഭം ഈ കൃഷിയിൽ നിന്നും ലഭിച്ചിട്ടില്ല എന്നതാണ് ഒരു കണ്ടെത്തൽ. അതുപോലെ കേരളത്തിലെ റബ്ബർ കൃഷി ഒരിക്കലും ഇത്രയും വർഷം വലിയ മുന്നേറ്റം കാര്യമായി കാഴ്ചവെച്ചിട്ടില്ല. 2000 – 2010 കാലയളവിൽ മാത്രമാണ് കേരളത്തിൽ ചരിത്രത്തിൽ ഒരിക്കൽ മാത്രം വലിയ ലാഭം കർഷകന് നേടിക്കൊടുത്ത കാലമെന്നതാണ് മറ്റൊരു കണ്ടെത്തൽ. തന്നെയുമല്ല 2015 ആയപ്പോഴേക്കും റബ്ബർ വില വീണ്ടും താഴേക്ക് കുതിച്ചു വിലനിലവാരം പതിനഞ്ചു വർഷം പിന്നിലേക്ക് പോവുകയും ചെയ്തു എന്നതാണ് മറ്റൊരു പ്രശ്നം.



ഈ കാലയളവിൽ 2000 – 2010 റബ്ബർ വില ആഗോള തലത്തിൽ കയറിയത് കാരണം അതോടൊപ്പം കേരളത്തിലെ റിയൽ എസ്റ്റേറ്റ് മേഖലക്കാണ് അക്കാലത്ത് ഏറ്റവും കൂടിയ ലാഭം നേടാൻ കഴിഞ്ഞത് എന്നതും നമ്മൾ കൂട്ടി വായിക്കണം ഇതോടൊപ്പം. ഈ വിലക്കയറ്റത്തിന് പ്രധാനമായും കാരണം പറയുന്നത് 2004 സുനാമി, മറ്റു രാജ്യങ്ങളിൽ കാലാവസ്ഥാ വ്യതിയാനം മൂലം വന്ന വരൾച്ച, ചൈനയിൽ ഓട്ടോമോട്ടീവ് ഇൻഡസ്ട്രിയുടെ ഡിമാൻഡ് കൂടിയത്, മലേഷ്യ റബ്ബർ കൃഷിയിൽ നിന്നും പാമോയിൽ കൃഷിയിലേക്കു ചുവടു മാറിയത് എല്ലാം തന്നെ ഇതുമായി ബന്ധപെട്ടു കിടക്കുന്ന പല കാരണങ്ങളാണ്. ഇന്ന് കേരളത്തിലെ ഭൂമിയുടെ വിലനിലവാരം ക്രമാതീതമായി കൂടുകയും പലയാളുകളും ഈ സമയങ്ങളിൽ റബ്ബറിന് വേണ്ടി കൂടിയ വിലകൊടുത്ത് ഭൂമി വാങ്ങി റബ്ബർ കൃഷി തുടങ്ങുകയും ഇപ്പോഴത്തെ അവസ്ഥയിൽ റബ്ബറിന് കാര്യമായ വില ലഭിക്കുന്നുമില്ല എന്നാൽ ഭൂമിയുടെ വലിയ വില കാരണം ഭൂമി വാങ്ങാൻ ആളുകൾ തയ്യാറുമല്ല. ഇതാണ് മറ്റൊരു പ്രശ്നം.







ഇനിയാണ് നമ്മൾ പരിഹാര മാർഗങ്ങൾ ചർച്ച ചെയ്യേണ്ടത്. നമ്മൾ റബ്ബർ കൃഷി മാത്രം ചെയ്തു മുന്നോട്ട് പോയാൽ മതിയോ? അതോ റബ്ബർ കൃഷിയോടൊപ്പം ഇതര കൃഷികളും കൂടി ചേർത്ത് നമുക്ക് മുന്നോട്ട് പോവാൻ കഴിയുമോ? അതെ റബ്ബർ കർഷകനെ രക്ഷിക്കാൻ ഏറ്റവും നല്ല മാർഗം റബ്ബർ കൃഷിയോടൊപ്പം കോഫി / കൊക്കോ / ഇഞ്ചി / ഏലം/ പൈനാപ്പിൾ എന്നിവ കൂടി കൃഷി ചെയ്യുകയും കാലത്തിനനുസരിച്ചു കൂടുതൽ ലാഭം നേടുക എന്നതാണ്. പക്ഷെ ഇതര കൃഷിരീതികളെ പരീക്ഷിക്കാൻ തോട്ടത്തിൽ റബ്ബർ കൃഷിയുടെ തോതിൽ കുറവ് വരുത്തുകയും പ്രകാശ ലഭ്യത ഉറപ്പു വരുത്തുകയും ചെയ്യണം. തന്നെയുമല്ല പല പൂച്ചെടികളും ഇതോടൊപ്പം കൃഷി ചെയ്തു ഉത്സവ വേളകളിൽ നമുക്ക് കൂടുതൽ ലാഭം നേടാൻ കഴിയും.

കേരളത്തിലേക്ക് പൂക്കൾ കൂടുതലും വരുന്നത് തമിഴ്നാട്ടിൽ നിന്നും കർണാടകയിൽ നിന്നുമാണ്. കേരളത്തിൽ വെറും ഓണക്കാലത്ത് മാത്രം 100 കോടിയുടെ ഇടപാടുകൾ പൂക്കൾ വാങ്ങുമ്പോൾ നടക്കുന്നുവെന്ന് പറയുമ്പോൾ പൂക്കൾ നമുക്ക് റബ്ബർ പോലെ ദിവസവും ലാഭം നേടാൻ കഴിയുന്ന നല്ലൊരു കൃഷിരീതിയാണ്.

ഇന്ത്യയിലെ റബ്ബർ ഉത്പന്നങ്ങളുടെ ആവശ്യകത 75% ഉം നിറവേറ്റുന്നത് കേരളത്തിലെ റബ്ബർ മേഖലയാണ്. എന്നാൽ കേരള സർക്കാർ ഈ മേഖലയെ പുതിയ തലത്തിലേക്ക് കൊണ്ടുപോവാനും കൂടുതൽ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ചു കൊണ്ട് ഈ വ്യവസത്തേയും കൃഷിയെയും കൂടുതൽ ലാഭകരമാക്കുക എന്ന ലക്ഷ്യത്തിലാണ് മുന്നോട്ട് പോവുന്നത്. കേരള ഇൻഡസ്ട്രിയൽ പോളിസി 2023 വിഭാവനം ചെയ്യുന്നത് തന്നെ റബ്ബർ കൃഷിയെയും റബ്ബർ അധിഷ്ഠിത വ്യവസായത്തെയും കൂടുതൽ പ്രാധാന്യത്തോടെ മുന്നോട്ട് നയിക്കുക എന്നതാണ്. ഈ മേഖലയിൽ കൂടുതൽ റിസർച് നടത്തുന്നതിനും കണ്ടെത്തലുകൾ കൊണ്ട് വരുന്നതിനും സർക്കാർ തലത്തിൽ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു.

ഓട്ടോമൊബൈൽ, മെഡിക്കൽ ഇൻഡസ്ട്രി എന്നിവ വളരും തോറും റബ്ബർ അധിഷ്ഠിത മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ സാധ്യത കൂടി കൊണ്ടിരിക്കും. നമ്മൾ വെറുതെ ഭൂമിയിൽ റബ്ബർ കൃഷി മാത്രം ചെയ്താൽ പോരാ മറിച്ച് ഈ മേഖലയോടൊപ്പം സഞ്ചരിച്ചു പുതിയ മേഖലകളിലേക്ക് ചുവടുമാറ്റം നടത്തി നേരിട്ട് ലാഭമെടുക്കാൻ റബ്ബർ കർഷകനും അതോടൊപ്പം നമ്മുടെ റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് കഴിയണം.

ഈ മേഖലയിൽ മുന്നിട്ട് നിൽക്കുന്ന കേരളത്തിലെ പ്രധാന സ്ഥാപനങ്ങളാണ് റബ്കോ, ഹാരിസൺ മലയാളം, കെ ആർ എൽ, ഡോൾഫിൻ റബ്ബർ ഇൻഡസ്ട്രീസ്, റബ്ബേർസ് ഇന്ത്യ പോളിമേർസ്, അസ്മ റബ്ബർ പ്രോഡക്റ്റ്, ടോറസ് റബ്ബേഴ്‌സ് എന്നിവ. ഈ മേഖലയിൽ കൂടുതൽ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ കണ്ടെത്താനും റിസർച് നടത്താനും താല്പര്യമുള്ള ആളുകൾക്ക് റബർ റിസർച് ഇൻസ്റ്റിറ്റ്യൂട്ട് കോട്ടയം / നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് എന്നിവയെ സമീപിക്കാവുന്നതാണ്.

ഇകിറ്റി ഇന്ത്യ & റിസർച്ച്, മൈൻഡ് മാഗ്ന എന്നീ സ്ഥാപനങ്ങളുടെ സാരഥിയാണ് Adv. Ameersha VP. കഴിഞ്ഞ ഇരുപത് വർഷമായി മാർക്കറ്റിങ് & റിസർച് രംഗത്ത് പ്രവർത്തിക്കുന്നു. ബന്ധപ്പെടാനുള്ള നമ്പർ 8547484769

RNI NO.KERBIL/29441/1977 Registered No.KL/TV(N)/183/2024-26
Licence No.KL/TV(N)/WPP/182/2024-26 Licensed to post without pre-payment
Volume 58 Issue 1
OCTOBER 2025

**Vyavasaya Keralam**
MONTHLY

₹ 35
Date of publication-
16th October 2025

## വ്യവസായ വാണിജ്യമേഖലയിലെ സ്പന്ദനങ്ങളറിയാൻ...

സംസ്ഥാന വ്യവസായവാണിജ്യ വകുപ്പ് പ്രസിദ്ധീകരണം

# വ്യവസായ കേരളം

VYAVASAYA KERALAM




നിങ്ങളുടെ ഉത്പന്നമോ
സേവനമോ യഥാർത്ഥ
ആവശ്യക്കാർക്കിടയിൽ
കുറഞ്ഞ ചെലവിൽ
പരസ്യപ്പെടുത്താൻ
ഏറ്റവും യോജിച്ച മാസിക
**വ്യവസായ കേരളം**

വാർഷിക വരിസംഖ്യ **300** രൂപ
ഒറ്റപ്രതി **30** രൂപ

## പരസ്യ നിരക്ക്

| | കളർ | ബ്ലാക്ക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

**K-Bip, Vyavasayakeralam** എന്ന പേരിൽ
തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി./ചെക്ക് ആയി പരസ്യത്തിന്റെ ചാർജും
നിങ്ങളുടെ വാർഷിക വരിസംഖ്യയും അയയ്ക്കേണ്ട വിലാസം

**എഡിറ്റർ,**
വ്യവസായകേരളം, ഡോക്യുമെന്റേഷൻ സെന്റർ,
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം,
തിരുവനന്തപുരം – 695 033

**വരിസംഖ്യയും
പരസ്യത്തിന്റെ ചാർജും
അടയ്ക്കാൻ**

ക്യൂ.ആർ. കോഡ്
സ്ക്യാൻ ചെയ്യുക

Email: vyavasayakeralam@gmail.com

Printed and published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
and printed at St. Joseph's Press, Thycaud, Thiruvananthapuram. Ph.0471 22322888, and published at Thiruvananthapuram
Editor : Biju P.B.